# ലോക വ്യാപാര സംഘടനയും ഭൂപ്രദേശസൂചകങ്ങളുടെ സംരക്ഷണവും

ഡോ. സി. ആർ. എൽസി

ഡോ. കെ. ജെസി തോമസ്

ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര

KAU LIBRARY
809277
IR 382.92 ELS/LO

പ്രസിദ്ധീകരണ വിഭാഗം

വിജ്ഞാന വ്യാപന വകുപ്പ്

കേരള കാർഷിക സർവ്വകലാശാല

മണ്ണുത്തി - 680 651, തൃശ്ശൂർ

Malayalam

LOKAVYAPARA SANKADANAYUM
BHUPRADESHA SOOCHAKANGALUDE SAMRAKSHANAVUM

November 2006

Copies : 1000

*Published by* :

Dr. M.K.Sheela
Director of Extension
Kerala Agricultural University
Mannuthy-680 651, Thrissur

*Funded by* :

Kerala State Council for Science,
Technology and Environment,
Thiruvananthapuram

*Printed at :*

Kerala Agricultural University Press,
Mannuthy-680 651, Thrissur

© Kerala Agricultural University

809277

IR 382.92 KLS/LO

KAUP 33/1000/7/06

**പ്രൊഫ. എം. എസ്. സ്വാമിനാഥൻ**
ചെയർമാൻ
എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ
ചെന്നൈ



# അവതാരിക

ഇന്ത്യൻ സമ്പദ്ഘടനയുടെ ഒട്ടെല്ലാ മേഖലകളിലും, പ്രത്യേകിച്ച് ജീവസന്ധാരണത്തിനായി കൃഷിയെ ആശ്രയിച്ചുകഴിയുന്ന ജനസമൂഹങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ലോകവ്യാപാര കരാർ വളരെയേറെ സ്വാധീനം ചെലുത്തുന്നു. ഈ കരാറിനുകീഴിൽ, വ്യത്യസ്തങ്ങളായ ഒട്ടേറെ കരാറുകളുള്ളതിൽ, കാർഷിക കരാർ (Agreement on Agriculture), വാണിജ്യമേഖലയോടു ബന്ധപ്പെടുന്ന ബൗദ്ധിക സ്വത്തവകാശ കരാർ (Trade Related Intellectual Property Rights - TRIPS), വാണിജ്യവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ (Technical Barriers to Trade), ശുചിത്വവും സസ്യശുചിത്വവും സംബന്ധിച്ച നടപടികൾ (Sanitary and phytosanitary measures) എന്നിവയുടെ പ്രത്യാഘാതം ഇന്ത്യയുടെ കാർഷിക വാണിജ്യമേഖലകളിൽ കൂടുതൽ പ്രകടമാണ്. സുഗന്ധവ്യഞ്ജനങ്ങളുടേയും തോട്ടവിളകളുടേയും സമുദ്രോൽപ്പന്നങ്ങളുടേയും ഉൽപ്പാദന-കയറ്റുമതി രംഗത്ത് കേരളം പണ്ടുമുതൽക്കേ ആധിപത്യം പുലർത്തിവന്നു. ഇത്തരം ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാധ്യതകൾ, ആഭ്യന്തര വിലനിലവാരം എന്നീ മേഖലകളിൽ ലോകവ്യാപാര സംഘടനയുടെ സ്വാധീനം, കഴിഞ്ഞ പത്തുവർഷങ്ങളായി നമ്മുടെ കർഷകരും സമുദ്രോൽപ്പന്ന ഉൽപ്പാദകരും അനുഭവിച്ചറിയുന്നുണ്ട്. അതിനാൽതന്നെ ലോകവ്യാപാരസംഘടനയുടെ പ്രവർത്തനങ്ങളേയും സാധ്യതകളേയും പറ്റി വ്യക്തമായി മനസ്സിലാക്കി അതിനനുസൃതമായ പാതകളിലൂടെ മത്സരാധിഷ്ഠിതമായി മുന്നേറാൻ കേന്ദ്ര-സംസ്ഥാന-വ്യക്തിഗത തലങ്ങളിൽ അനുയോജ്യമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്.

ഇന്ത്യയിൽ ട്രിപ്സ് (TRIPS) കരാറിനെതിരെ ഒട്ടേറെ വിമർശനങ്ങളും എതിർപ്പുകളും ഉയർന്നുവന്നിട്ടുണ്ട്. ഈ കരാറിനനുസൃതമായി ഭാരത സർക്കാർ ബൗദ്ധിക സ്വത്തവകാശ മേഖലയിൽ പുതിയ പല നിയമങ്ങളും നടപ്പിലാക്കുകയും, നിലവിലുള്ളവയെ തന്നെ പൊളിച്ചെഴുതുകയും

ചെയ്തു. ലോകവ്യാപാരകരാറിന്റെ നിബന്ധനകളനുസരിച്ച് പുതുതായി നിലവിൽവന്ന രണ്ടു നിയമങ്ങളാണ് പുതിയ വിള ഇനങ്ങളെയും കർഷകരുടെ അവകാശങ്ങളെയും സംരക്ഷിക്കാനുള്ള നിയമവും (Protection of Plant Varieties and Farmers' Rights Act) ഭൂപ്രദേശ സൂചകങ്ങളുടെ രജിസ്ട്രേഷനും സംരക്ഷണത്തിനുമായുള്ള നിയമവും [Geographical Indications of Goods (Registration and Protection) Act]. ഇന്ത്യയിൽ, 1999 ൽ പാസ്സാക്കിയ ഭൂപ്രദേശസൂചകനിയമം 2003 മുതൽ നടപ്പിൽ വന്നു. ഒരു പ്രത്യേക രാജ്യാതിർത്തിക്കകത്തോ, രാജ്യത്തിലെ പ്രത്യേക ഭൂപ്രദേശത്തോ ഉൽഭവിക്കുകയോ ഉൽപ്പാദിപ്പിക്കപ്പെടുകയോ നിർമ്മിക്കപ്പെടുകയോ ചെയ്യുന്നതുമൂലം, കാർഷിക - പ്രകൃതിദത്ത - കരകൗശല ഉൽപ്പന്നങ്ങൾക്ക്, വ്യാപാരമേഖലയിൽ വളരെയേറെ വിലമതിക്കപ്പെടുന്ന ഗുണമേന്മയും കീർത്തിയും തനതുസവിശേഷതകളും കൈവരുന്നുവെന്ന ബന്ധത്തെയാണ് ഭൂപ്രദേശസൂചകമെന്ന പദം സാധൂകരിക്കുന്നത്. സവിശേഷമായ ഗുണങ്ങളും കീർത്തിയും മൂലം ഇത്തരം ഉല്പ്പന്നങ്ങൾ വ്യാപാരരംഗത്ത് മെച്ചപ്പെട്ട കച്ചവട സാധ്യതകളും ഉയർന്ന വിലയും നേടിയെടുക്കുന്നു. ഈ കച്ചവടസാധ്യതയെ മറ്റുള്ളവർ ചൂഷണം ചെയ്യാതിരിക്കുന്നതിനും യഥാർത്ഥ ഉൽപ്പന്നങ്ങളുടെ അനുകരണങ്ങൾ കമ്പോളത്തിൽ പ്രവേശിക്കുന്നത് തടയുവാനും ഭൂപ്രദേശസൂചകങ്ങൾക്കാകും.

ഇന്ത്യയിലെ നീണ്ട കാർഷിക ചരിത്രമെടുത്താൽ നമ്മുടെ കർഷകർ തനതു സവിശേഷതകളുള്ള ഒട്ടേറെ ഉൽപ്പന്നങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി നിർമ്മിച്ചുവരുന്നതു കാണാം. തൊട്ടറിയുവാനാകുന്നതും, അല്ലാത്തതുമായ ഒട്ടേറെ സവിശേഷതകൾ മൂലം ഇത്തരം ഉൽപ്പന്നങ്ങൾ ദേശീയ-അന്തർദ്ദേശീയ വ്യാപാര രംഗങ്ങളിൽ അതുല്യമായ സ്ഥാനവും നേടിയിട്ടുണ്ട്. പ്രാഥമിക കാർഷിക ഉൽപ്പന്നങ്ങളും, സംസ്ക്കരിച്ച കാർഷിക ഉൽപ്പന്നങ്ങളും ഭൂപ്രദേശസൂചകനിയമത്തിനു കീഴിൽ സംരക്ഷിക്കപ്പെടാൻ ഏറ്റവും അനുയോജ്യമായവയാണ്. ഡാർജിലിങ് തേയില, രത്നഗിരി അൽഫോൻസോ മാങ്ങ, ഞവര അരി, ബസുമതി അരി, മലബാർ കുരുമുളക്, ഇന്ത്യൻ (കേരള) ഏലം, കൂർഗ് മധുര നാരങ്ങ എന്നിവ ഇത്തരം ഉൽപ്പന്നങ്ങൾക്കുള്ള ഉത്തമ ഉദാഹരണങ്ങളാണ്. കാർഷിക ഉൽപ്പന്നങ്ങൾക്ക് പുറമെ കരകൗശല ഉൽപ്പന്നങ്ങളും പ്രകൃതിദത്ത ഉൽപ്പന്നങ്ങളും ഈ നിയമത്തിനുകീഴിൽ സംരക്ഷണം അർഹിക്കുന്നു.

ഭൂപ്രദേശ സൂചകങ്ങളായ ഭൂരിഭാഗം കാർഷിക ഉൽപ്പന്നങ്ങൾക്കും താഴെ പറയുന്ന ഒന്നോ അതിലധികമോ സവിശേഷതാഘടകങ്ങൾ

ഉണ്ടായിരിക്കും. ഒരു പ്രത്യേക ഭൂവിഭാഗത്തിലെ കർഷകരുടെ ശ്രമഫലമായി ഉരുത്തിരിഞ്ഞുവന്നിട്ടുള്ള പരമ്പരാഗത കാർഷിക ഇനങ്ങൾ കൃഷിചെയ്യുന്നതുമൂലം കൈവരുന്ന സവിശേഷതകൾക്കാധാരമായ ജൈവ ഘടക (biological element) മാണ് ഇതിൽ ഒന്നാമത്തേത്. ഉൽപ്പന്നത്തിന്റെ ഗുണമേന്മക്കു മാറ്റുകൂട്ടുന്നതിനു സഹായകമായ പ്രത്യേക കാലാവസ്ഥയും മറ്റു പ്രകൃതിഘടകങ്ങളും ഉൾപ്പെടുന്ന പ്രകൃതി ഘടക (natural element) മാണ് രണ്ടാമത്തേത്. പരമ്പരാഗതമായ രീതിയിൽ രൂപപ്പെടുത്തി കോട്ടം തീർത്തെടുത്ത കൃഷിരീതികൾ, സംസ്ക്കരണ രീതികൾ, മൂല്യവർദ്ധനമാർഗ്ഗങ്ങൾ എന്നിവ സംഭാവന ചെയ്യുന്ന മനുഷ്യ ഘടക (human element) മാണ് മൂന്നാമത്തേത്. ഈ ഘടകങ്ങളെ മനോജ്ഞമായി കോർത്തിണക്കിയാണ് ഉൽപ്പന്നങ്ങളെ ഭൂപ്രദേശസൂചകങ്ങളായി രജിസ്റ്റർ ചെയ്യുന്നത്.

ഭൂപ്രദേശസൂചകങ്ങൾ സമൂഹത്തിനു ലഭിക്കുന്ന പൊതുവായ ബൗദ്ധികസ്വത്തവകാശമാണ്. ഈ അവകാശം ഒരിക്കലും ഒരു വ്യക്തിക്കോ, ഒരു സ്ഥാപനത്തിനോ നൽകുകയില്ല. ഒരു തനതു കാർഷിക ഉൽപ്പന്നത്തിന്റെ ഖ്യാതിയുടെ യഥാർത്ഥ അവകാശികൾ അതുൽപ്പാദിപ്പിക്കപ്പെടുന്ന ഭൂപ്രദേശത്തെ കർഷകരാണ്. അതുകൊണ്ടു തന്നെ ഭൂപ്രദേശസൂചകമായ ഉൽപ്പന്നത്തിന്റെ ഉൽപ്പാദകർ, കർഷകർ, സംസ്ക്കരണ-വിപണനമേഖലയിൽ പ്രവർത്തിക്കുന്നവർ തുടങ്ങി എല്ലാ പ്രയോജകരേയും ഉൾപ്പെടുത്തിയാകണം സൂചകത്തിന്മേലുള്ള അവകാശം നിശ്ചയിക്കുവാൻ. ഭൂപ്രദേശസൂചക സംരക്ഷണം വഴി കൈവരുന്ന സാമ്പത്തിക നേട്ടങ്ങൾ ഉൽപ്പന്നവുമായി ബന്ധപ്പെടുന്ന എല്ലാവർക്കും തുല്യമായി കൈവരുന്നുവെന്ന് ഉറപ്പാക്കുകയും വേണം. അതിനാൽ, ഭൂപ്രദേശസൂചക സംരക്ഷണ നിയമത്തെക്കുറിച്ചും സൂചകത്തിന്റെ സംരക്ഷണത്തിനും ഉപയോഗത്തിനും ഉള്ള മാർഗ്ഗങ്ങളെക്കുറിച്ചും സംരക്ഷണത്തിലൂടെ കൈവരുന്ന നേട്ടങ്ങൾ പങ്കുവെക്കുന്നതിനെക്കുറിച്ചും വ്യാപകമായ അവബോധം ഉണ്ടാകേണ്ടിയിരിക്കുന്നു. കേന്ദ്രസർക്കാർ നിയമങ്ങളെല്ലാം തന്നെ ഇംഗ്ലീഷിലോ ഹിന്ദിയിലോ ആണ് ലഭ്യമാക്കുന്നത് എന്നതിനാൽ സാധാരണക്കാരായ കൃഷിക്കാർക്ക് ഉപകാരപ്പെടുന്ന നിയമങ്ങൾ പ്രാദേശിക ഭാഷകളിൽ യഥോചിതമായി തർജ്ജമപ്പെടുത്തുകയും ലളിതമായി വിശദീകരിക്കുകയും വേണം. എങ്കിൽ മാത്രമേ അവ കർഷകർക്കും മറ്റു സാധാരണക്കാർക്കും പ്രയോജനപ്പെടൂ. അതിനാൽ കേരള കാർഷിക സർവ്വകലാശാലയിലെ ബൗദ്ധികസ്വത്തവകാശ സെല്ലിന്റെ ഈ നിസ്തുല സംരംഭം വളരെയേറെ അഭിനന്ദനാർഹമാണ്.

മറ്റു കാർഷിക സർവ്വകലാശാലകളും ഈ മാതൃക പിൻതുടരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

തനതു ഉൽപ്പന്നങ്ങൾക്ക് ഭൂപ്രദേശസൂചകങ്ങൾ നേടിയെടുക്കുന്നതിനും, അത്തരം സംരംഭങ്ങളിൽ എല്ലാ കർഷകരുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിൽ വ്യാപകമായ അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനുമായി ദേശീയ കാർഷിക ഗവേഷണ പദ്ധതികൾക്കു കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും മുന്നിട്ടിറങ്ങേണ്ടതുണ്ട്. ഇത്തരമൊരു ചുവടുവെപ്പിൽ, മലയാളത്തിലുള്ള ഈ പ്രസിദ്ധീകരണം വളരെയേറെ സമയോചിതമാണെന്ന് പറയുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. മാത്രമല്ല ഭൂപ്രദേശസൂചക സംരക്ഷണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കർഷകർ, കരകൗശല നിർമ്മാതാക്കൾ, വ്യാപാരികൾ, ശാസ്ത്രജ്ഞർ, വികസന പ്രവർത്തകർ തുടങ്ങിയവരിലെല്ലാം വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനും ഈ പുസ്തകം സഹായകമാണെന്ന് എനിക്കു ഉറപ്പുണ്ട്. ഭൂപ്രദേശസൂചകങ്ങളുമായി ബന്ധപ്പെടുന്ന എവർക്കും പ്രയോജനപ്രദമായ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് വളരെയധികം സന്നദ്ധതയും, താൽപ്പര്യവും കാണിച്ച കേരള കാർഷിക സർവ്വകലാശാലയെ, പ്രത്യേകിച്ച് ഈ പുസ്തകം രചിച്ച ശാസ്ത്രജ്ഞരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

ചെന്നൈ
7–10–06

പ്രൊഫ. എം.എസ്. സ്വാമിനാഥൻ

# ആമുഖം

ലോക വ്യാപാര സംഘടനയുടെ നിബന്ധനകൾക്കനുസൃതമായി ഇന്ത്യയിലെ കാർഷിക-വാണിജ്യ മേഖലകളിൽ ഒട്ടേറെ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. വാണിജ്യ മേഖലയോട് ബന്ധപ്പെടുന്ന ബൗദ്ധിക സ്വത്തവകാശ (Intellectual Property Rights) രംഗത്തും വിപ്ലവ കരമായ മാറ്റങ്ങൾക്ക് ലോക വ്യാപാര സംഘടനയിലെ അംഗത്വം ഇന്ത്യയെ നിർബന്ധിതമാക്കുന്നു. അതിനനുസരിച്ച് മുൻപുണ്ടായിരുന്ന നിയമങ്ങൾ പുതുക്കി എഴുതപ്പെടുകയും പുത്തൻ നിയമങ്ങൾ രൂപീകൃതമാവുകയും ചെയ്തു. കൃഷി ഒരു വ്യവസായമായി കരുതുന്ന വികസിത രാജ്യങ്ങളേക്കാൾ കൃഷി ഒരു ഉപജീവന മാർഗ്ഗമായി നിലനിൽക്കുന്ന ഇന്ത്യയിൽ ഈ മാറ്റങ്ങൾ ഏറെയും ബാധിക്കുന്നത് സാധാരണക്കാരെയാണ്. ലോകം 'ഒരൊറ്റ കമ്പോളമായി' മാറുകയും ലോക രാജ്യങ്ങൾ മത്സരാധിഷ്ഠിതമായ വാണിജ്യപാതകളിൽ 'കുതിക്കുകയും ചെയ്യുമ്പോൾ ഇന്ത്യയിലെ വലിയൊരു വിഭാഗം ജനങ്ങൾ നിസ്സഹായരായി പകച്ചു നിൽക്കുകയാണ്. ഈ നിസ്സഹായാവസ്ഥയിൽ നിന്നും കരകയറണമെങ്കിൽ കർഷകരും മറ്റു സാധാരണക്കാരും ഭരണാധികാരികളും നിയമജ്ഞരും ശാസ്ത്രജ്ഞരും സന്നദ്ധപ്രവർത്തകരും ആസൂത്രണ വിദഗ്ധരും ഒത്തൊരുമിച്ച് കൈകോർത്ത് പ്രവർത്തിക്കേണ്ടതാണെന്ന തിരിച്ചറിവുണ്ടാവുകയും അതിനനുസൃതമായ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം. ഇതിനായി ആഗോളവൽക്കരണം, ലോക വ്യാപാര സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ, കയറ്റുമതി-ഇറക്കുമതി നയങ്ങൾ, കമ്പോള സാധ്യതകൾ, ബൗദ്ധിക സ്വത്തവകാശനിയമങ്ങൾ എന്നിവയെപ്പറ്റി വ്യാപകമായ ഒരവബോധം ഉണ്ടാകേണ്ടതാണ്. ഈ ആഗ്രഹമാണ് ഈ ഗ്രന്ഥരചനക്കു പിന്നിലെ പ്രേരകശക്തി.

രാജ്യാന്തര വ്യാപാര രംഗത്ത് ഗുണമേന്മയാൽ ആധിപത്യം നേടിയ ഒട്ടേറെ ഉൽപ്പന്നങ്ങളുണ്ട്. വിവിധ രാജ്യങ്ങളിലെ പ്രത്യേക ഭൂപ്രദേശങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന ഇത്തരം തനതു ഉൽപ്പന്നങ്ങളെ സൂചിപ്പിക്കുന്ന നാമങ്ങളാണ് ഭൂപ്രദേശസൂചകങ്ങൾ (Geographical Indications). യൂറോപ്യൻ ജനത അവരുടെ വീഞ്ഞുകൾ, ലഹരിപാനീയങ്ങൾ, പാലുൽപ്പന്നങ്ങൾ എന്നിങ്ങനെയുള്ള ഭൂപ്രദേശസുചകങ്ങളുടെ ഗുണമേന്മയിൽ ഒട്ടേറെ അഭിമാനം കൊള്ളുന്നു എന്നു മാത്രമല്ല, അവയുടെ കീർത്തി മറ്റുള്ളവർ ദുരുപയോഗം ചെയ്യുന്നതിനെതിരെ അന്തർദ്ദേശീയ തലത്തിൽ

തന്നെ പടവെട്ടുകയും ചെയ്യുന്നു. ഭൂപ്രദേശസൂചകങ്ങളായി സംരക്ഷിക്കപ്പെടേണ്ടതായ ഒട്ടേറെ ഉൽപ്പന്നങ്ങൾ ഇന്ത്യയിലും നമ്മുടെ കൊച്ചു കേരളത്തിലുമുണ്ട്. കാർഷിക-കരകൗശല-ഭക്ഷ്യ മേഖലകളിലെ ഗുണമേന്മയാർന്ന ഉൽപ്പന്നങ്ങളേയും പ്രകൃതി വിഭവങ്ങളേയും ലോക കമ്പോളത്തിൽ ഉയർത്തിക്കൊണ്ടുവന്ന് അവയുടെ വ്യാപാരം മെച്ചപ്പെടുത്തണമെങ്കിൽ, അവയുടെ ഗുണമേന്മ ഒട്ടും ചോർന്ന് പോകാതെ നിലനിർത്തുകയും മറ്റുള്ളവർ അവയുടെ ഖ്യാതിയെ ചൂഷണം ചെയ്യാതെ സൂക്ഷിക്കുകയും വേണം. ഇതിനായി ആദ്യം ഉൽപ്പന്നങ്ങളെ ഇന്ത്യയിലെ ഭൂപ്രദേശസൂചകസംരക്ഷണ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത് സംരക്ഷിക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗത്തിൽ കർഷകർക്കും ഉൽപ്പന്ന നിർമ്മാതാക്കൾക്കും അവരെ സഹായിക്കുന്ന സംഘടനകൾക്കും സ്ഥാപനങ്ങൾക്കും സന്നദ്ധ പ്രവർത്തകർക്കും ഒരു ചെറുതിരിയാകാൻ ഈ ഗ്രന്ഥത്തിനു കഴിയും എന്ന് ഞങ്ങൾ ആശിക്കുന്നു. ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ, ഭൂപ്രദേശസൂചകങ്ങളുടെ പ്രാധാന്യം, ഭൂപ്രദേശസൂചകങ്ങളും അന്താരാഷ്ട്ര ഉടമ്പടികളും, ഇന്ത്യൻ ഭൂപ്രദേശസൂചക സംരക്ഷണ നിയമത്തിന്റെ വിവിധ വശങ്ങൾ, ഭൂപ്രദേശസൂചകങ്ങളായ ചില ഇന്ത്യൻ ഉൽപ്പന്നങ്ങൾ എന്നിങ്ങനെയുള്ള മേഖലകളാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യം.

കേരള കാർഷിക സർവ്വകലാശാലയിൽ ഞങ്ങളുടെ ഗുരുക്കന്മാരും സഹപ്രവർത്തകരും സ്നേഹിതരുമായ ഒട്ടേറെ പേർ ഈ പുസ്തക രചനയിൽ നിർണ്ണായക പ്രേരകശക്തിയായി വർത്തിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇവരിൽ ചിലരെ പ്രത്യേകം സ്മരിക്കാതെ വയ്യ. അറിവിന്റെ പുതിയ മേഖലകളിലേക്ക് സധൈര്യം കടന്നു ചെല്ലാനും പകർന്നു കിട്ടിയ അറിവ് മറ്റുള്ളവരുമായി പങ്കുവയ്ക്കാനും എന്നും ആവേശം നൽകിയ, കേരള കാർഷിക സർവ്വകലാശാലയിലെ മുൻ വൈസ് ചാൻസലർ ഡോ. കെ.വി. പീറ്ററിനോടുള്ള നന്ദിയും കടപ്പാടും ഞങ്ങളിവിടെ രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥത്തിന്റെ രചനയ്ക്ക് ആദ്യ പ്രേരണയും, പിന്നീട് രചനയിലുടനീളം പ്രോത്സാഹനവും നൽകിയ, തിരുവനന്തപുരത്തെ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ മുൻ ഡയറക്ടറായ ഡോ. കെ.ആർ.എസ്. കൃഷ്ണൻ, കൗൺസിലിലെ പ്രിൻസിപ്പൽ സയന്റിഫിക്ക് ഓഫീസറായ ശ്രീ. വി. അജിത് പ്രഭു എന്നിവരോടുള്ള ഹൃദയം നിറഞ്ഞ കൃതജ്ഞതയും ഞങ്ങളിവിടെ കുറിക്കുന്നു. ഈ പുസ്തകത്തിന്റെ പ്രകാശനത്തിനു വേണ്ട സാമ്പത്തികസഹായം നൽകിയതും തിരുവനന്തപുരത്തെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ആണ്. ഈ ഗ്രന്ഥ

രചനക്ക് എല്ലാവിധ സഹായ സഹകരണങ്ങളും സാങ്കേതിക പിൻതുണയും നൽകിയ ഡോ. ഡി. അലക്സാണ്ടർ (ഗവേഷണ വിഭാഗം മേധാവി, കേരള കാർഷിക സർവ്വകലാശാല), ഡോ. എം. കെ. ഷീല (വിജ്ഞാനവ്യാപനവിഭാഗം മേധാവി, കേരള കാർഷിക സർവ്വകലാശാല), ഡോ. എം.ദാമോദരൻ (പ്രൊഫസർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ) എന്നിവരോടുള്ള ഹൃദയം നിറഞ്ഞ നന്ദിയും ഞങ്ങൾ ഇവിടെ പ്രകാശിപ്പിക്കുന്നു. ഭൂപ്രദേശസൂചകങ്ങളെ സംബന്ധിച്ച സംശയങ്ങൾ ദുരീകരിച്ച്, പുസ്തകരചനയിൽ ഞങ്ങൾക്ക് പിൻബല മേകിയ ശ്രീ. റ്റി. സി. ജയിംസ് (ഡപ്യൂട്ടി സെക്രട്ടറി, മിനിസ്ട്രി ഓഫ് ഇൻഡസ്ട്രി & കോമേഴ്സ്, ഇന്ത്യാഗവൺമെന്റ്), ശ്രീ. വി. നടരാജൻ (അസിസ്റ്റന്റ് രജിസ്ട്രാർ, ഭൂപ്രദേശ സൂചക രജിസ്ട്രി, ചെന്നൈ), ശ്രീ. കെ. സുരേഷ്കുമാർ (പ്രിൻസിപ്പൽ സയന്റിഫിക്ക് ഓഫീസർ, ടൈഫാക്, ന്യൂ ഡൽഹി) എന്നിവരോടും ഞങ്ങൾ ഒട്ടേറെ കടപ്പെട്ടിരിക്കുന്നു. ഈ പുസ്തകത്തിലെ സാങ്കേതിക വിവരങ്ങൾ പരിശോധിച്ച് തെറ്റുകൾ തിരുത്തുകയും, പുസ്തകരചനക്കാവശ്യമായ സാങ്കേതിക വിവരങ്ങൾ നൽകുവാൻ എപ്പോഴും സന്നദ്ധതയും താൽപ്പര്യവും കാണിക്കുകയും ചെയ്ത ശ്രീ. കെ. ബിജു (സീനിയർ എക്സാമിനർ, ഭൂപ്രദേശസൂചക രജിസ്ട്രി, ചെന്നൈ) വിനോടുള്ള നന്ദിയും കടപ്പാടും വാക്കുകൾക്കതീതമാണ്. ഇതിലെല്ലാമുപരി ബൗദ്ധിക സ്വത്തവകാശ നിയമങ്ങളെ പറ്റി ആദ്യ അറിവ് പകർന്നു തന്ന തമിഴ്നാട് കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകരെയും ഞങ്ങളിവിടെ നന്ദിപൂർവ്വം സ്മരിക്കുന്നു. പുസ്തകത്തിന്റെ അച്ചടിയിൽ സഹായിച്ച കേരള കാർഷിക സർവ്വകലാശാല പ്രസ്സിലെ എല്ലാ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും പകർപ്പ് ആദ്യമായി അച്ചടിച്ചുതന്ന ശ്രീമതി യു.വി.ദീപയേയും ഞങ്ങൾ നന്ദിപൂർവ്വം ഓർക്കുന്നു. പുസ്തകരചനയുടെ നാൾവഴികളിൽ ചങ്ങാതികളും സഹപ്രവർത്തകരും ബന്ധുമിത്രാദികളും ഞങ്ങൾക്കുതന്ന പ്രോത്സാഹനവും സഹകരണവും ഒരിക്കൽക്കൂടി കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

വെള്ളാനിക്കര
17-8-06

സി. ആർ. എൽസി
കെ. ജെസി തോമസ്

# ഉള്ളടക്കം


1. ലോക വ്യാപാര സംഘടനയും ബൗദ്ധിക സ്വത്തവകാശ സംരക്ഷണ നിയമങ്ങളും ... 1

2. ഭൂപ്രദേശസൂചകങ്ങളുടെ പ്രാധാന്യം ... 5

3. ഭൂപ്രദേശസൂചകങ്ങളുടെ സംരക്ഷണത്തിനായുള്ള ഇന്ത്യൻ നിയമം ... 18

4. ഡാർജിലിങ് തേയിലയും ആറന്മുള കണ്ണാടിയും ... 29

5. കൂട്ടായ്മയിലൂടെ മുന്നേറാം ... 36

അനുബന്ധം 1

അനുബന്ധം 2

അനുബന്ധം 3

അനുബന്ധം 4

# ലോക വ്യാപാര സംഘടനയും ബൗദ്ധിക സ്വത്തവകാശ സംരക്ഷണ നിയമങ്ങളും

ലോകത്തിലെ വിവിധ രാജ്യങ്ങൾ തമ്മിലുള്ള വാണിജ്യ ബന്ധങ്ങൾ കൂടുതൽ ലളിതവും സുതാര്യവുമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ഗാട്ടുകരാർ (General Agreement on Tariffs and Trade - GATT) രൂപീകൃതമായത്, ഇന്ത്യക്കു ഭരണ സ്വാതന്ത്ര്യം കിട്ടിയ അതേ വർഷം തന്നെയാണെന്നത് തികച്ചും യാദൃശ്ചികം. ഗാട്ടുകരാറിന്റെ നേതൃത്വത്തിൽ അണിനിരന്ന വിവിധ രാജ്യങ്ങൾ വാണിജ്യ മേഖലയിൽ അനുവർത്തിക്കേണ്ട നയങ്ങളെ സംബന്ധിച്ചും വ്യാപാരമേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ചും പലവട്ടം ചർച്ചകൾ നടത്തി. ഇത്തരം ചർച്ചകളിലാണ് ഗാട്ടുകരാറിലെ വ്യവസ്ഥകൾ രൂപപ്പെട്ടിരുന്നത്. 1986 മുതൽ 1994 വരെ നടന്ന ദീർഘമായ 'ഉറുഗ്വേ വട്ട ചർച്ചകൾ'ക്കൊടുവിൽ, 1994-ൽ പുതിയ ഗാട്ടുകരാർ പുറത്തിറങ്ങി. അന്നു ഗാട്ടിന്റെ ഡയറക്ടർ ജനറലായിരുന്ന ശ്രീ. ആർതർ ഡങ്കലിന്റെ പേരിനോടു ബന്ധപ്പെടുത്തി 'ഡങ്കൽ ഡ്രാഫ്റ്റ്' എന്നാണ് ഈ രേഖ അറിയപ്പെട്ടിരുന്നത്. തുടർന്ന് 1995-ൽ ലോക വ്യാപാര സംഘടന ( World Trade Organisation - WTO) നിലവിൽ വന്നു. ഇന്ന് ഇന്ത്യ ഉൾപ്പെടെ ലോകത്തിലെ ഒട്ടെല്ലാ രാജ്യങ്ങളും ഈ സംഘടനയിലെ അംഗങ്ങളാണ് എന്നതിനാൽ തന്നെ ലോകരാജ്യങ്ങൾ തമ്മിലുള്ള വ്യാപാര-വാണിജ്യ ബന്ധങ്ങളിൽ ഈ സംഘടന ഒരു നിർണ്ണായക ശക്തിയായി നിലകൊള്ളുന്നു.

1995 ജനുവരി ഒന്നിന് നിലവിൽ വന്ന ലോക വ്യാപാര സംഘടനയുടെ നേതൃത്വത്തിൽ നടപ്പിലായ ലോക വാണിജ്യ കരാർ ഇന്ത്യയുടെ കാർഷിക മേഖലയിലും വാണിജ്യ മേഖലയിലും വളരെയേറെ സ്വാധീനം ചെലുത്തുന്നുണ്ട്. ലോക വ്യാപാര സംഘടനക്കു കീഴിൽ വാണിജ്യത്തെയും താരിഫിനെയും സംബന്ധിച്ച കരാറുകൾ, സേവന മേഖലയെ സംബന്ധിച്ച കരാറുകൾ, വാണിജ്യമേഖലയോട് ബന്ധപ്പെടുന്ന ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ (Trade Related Intellectual Property Rights) എന്നീ മൂന്നു പ്രധാന മേഖലകളിലായി ഒട്ടേറെ നിബന്ധനകളും ഉടമ്പടികളും നിലനിൽക്കുന്നു. സംഘടനയിലെ ഓരോ അംഗരാജ്യവും ഈ നിയമങ്ങളും നിബന്ധനകളും പാലിക്കേണ്ടതുണ്ട് എന്നതിനാൽ ലോകരാജ്യങ്ങൾ അവരുടെ നിയമങ്ങളെ ലോക വ്യാപാര സംഘടനയുടെ നിർദ്ദേശങ്ങൾക്ക

നുസരിച്ച് പുതുക്കിക്കൊണ്ടിരിക്കുകയാണ്. ലോക വ്യാപാര സംഘടന യുടെ നിയമങ്ങളും നിർദ്ദേശങ്ങളും പാലിക്കുവാൻ നിർബന്ധിതരാകു ന്നത് അംഗരാജ്യങ്ങൾ മാത്രമാണ്. ഈ നിർദ്ദേശങ്ങളോട് വിയോജിപ്പുള്ള അംഗരാജ്യങ്ങൾക്ക്, ആ വിയോജിപ്പുകൾ അന്താരാഷ്ട്രവേദികളിൽ ഉന്ന യിക്കുവാനും പ്രശ്നങ്ങളെ തർക്ക പരിഹാര സമിതികൾക്ക് മുന്നിലെ ത്തിക്കുവാനും അവസരങ്ങളുണ്ട്. ലോക വ്യാപാര സംഘടനയുടെ മന്ത്രി തല ഉച്ചകോടി ഹോങ്കോങ്ങിൽ സമ്മേളിച്ചപ്പോൾ കാർഷിക – വ്യാവസാ യിക ഉൽപ്പന്നങ്ങളുടെ വാണിജ്യവുമായി ബന്ധപ്പെട്ട കരാറുകളിൽ മാറ്റം വരുത്താനും വികസിത രാജ്യങ്ങൾ കാർഷിക മേഖലക്ക് നൽകുന്ന ഉയർന്ന ആഭ്യന്തര സബ്സിഡി നിരക്കുകൾ കുറക്കാനും വേണ്ടി ദരിദ്ര രാജ്യങ്ങളും വികസ്വര രാജ്യങ്ങളും ശക്തിയുക്തം വാദിച്ചത് നാം കണ്ടു. ഈ വാദങ്ങളിലും ചർച്ചകളിലും ഇന്ത്യക്കൊരു നേതൃസ്ഥാനം തന്നെ കൈവന്നിരുന്നു. ലോക വ്യാപാര സംഘടനയുടെ നിർദ്ദേശങ്ങളോട് വിയോജിപ്പുള്ള രാജ്യങ്ങൾക്ക് സംഘടനയിൽ നിന്നും മാറി നിന്ന് അവ രുടേതായ വ്യാപാര വാണിജ്യ മേഖലകൾ സൃഷ്ടിക്കുവാനുള്ള സ്വാത ന്ത്ര്യവുമുണ്ട്.

ഇന്ത്യ, ലോക വ്യാപാര സംഘടനയിൽ അംഗമായിരിക്കുന്നതു കൊണ്ട് നാം നമ്മുടെ വാണിജ്യനിയമങ്ങളെ മാറ്റിയെഴുതിക്കൊണ്ടിരിക്കു കയാണ്. ഇന്ത്യയിലെ കയറ്റുമതി – ഇറക്കുമതി ചട്ടങ്ങൾ, താരിഫുകൾ, വിവിധ മേഖലകളിലെ സബ്സിഡി നിബന്ധനകൾ എന്നിവ ലോക വ്യാപാര സംഘടനയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പുതുതായി ചിട്ട പ്പെടുത്തിക്കഴിഞ്ഞു. ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾക്കുകീഴിൽ കാർഷിക വിളകളുടെ പുതിയ ഇനങ്ങളിന്മേലുള്ള അവകാശങ്ങൾ, കണ്ടു പിടുത്തങ്ങൾക്കുള്ള പേറ്റന്റുകൾ, പകർപ്പവകാശ നിയമങ്ങൾ എന്നിവ യ്ക്കുപുറമെ, ട്രേഡുമാർക്കുകൾ, വ്യാവസായിക ഡിസൈനുകൾ, വ്യവ സായ രഹസ്യങ്ങൾ, ഭൂപ്രദേശസൂചകങ്ങൾ, ഇന്റഗ്രേറ്റഡ് സർക്യൂട്ടുകൾ എന്നിവയ്ക്ക് നൽകുന്ന ബൗദ്ധിക സ്വത്തുസംരക്ഷണനിയമങ്ങളും നില നിൽക്കുന്നു. ഇതിൽ പകർപ്പവകാശങ്ങൾ, ട്രേഡുമാർക്കുകൾ, പേറ്റന്റു കൾ എന്നിവയെ സംബന്ധിച്ച് ഇന്ത്യയിൽ നിലനിന്നിരുന്ന നിയമങ്ങൾ പുതുക്കി എഴുതപ്പെട്ടു. അതോടൊപ്പം വ്യാപാര രഹസ്യങ്ങൾ (Trade Secrets), കാർഷിക വിളകളിലെ പുതിയ ഇനങ്ങൾ, പരമ്പരാഗത ഇന ങ്ങൾ, ജൈവ സമ്പത്ത്, ഭൂപ്രദേശസൂചകങ്ങൾ എന്നിവയിന്മേലുള്ള ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കാനുള്ള നിയമങ്ങളും ഇന്ത്യയിൽ പുതുതായി നിലവിൽ വന്നു.

പൊതുജനത്തിന് ഉപകാരപ്രദമാകുന്ന പുതിയ കണ്ടുപിടുത്ത ങ്ങൾക്കാണ് പേറ്റന്റ് സംരക്ഷണം ലഭിക്കുന്നത്. ജീവനുള്ള വസ്തുക്ക

ളെയൊന്നും പേറ്റന്റിന്റെ പരിധിയിൽപ്പെടുത്താനാവില്ല എന്നായിരുന്നു ഇന്ത്യയുടെ വാദം. എന്നാൽ ലോക വ്യാപാര സംഘടനയുടെ നിബന്ധനകളനുസരിച്ച്, 2002-ൽ സൂക്ഷ്മാണുക്കൾക്ക് പേറ്റന്റു നൽകാമെന്ന ഒരു ഭേദഗതി ഇന്ത്യൻ പേറ്റന്റ് നിയമത്തിൽ ഉൾപ്പെടുത്തി. ഇന്ത്യൻ പേറ്റന്റ് നിയമത്തിൽ ഇതൊരു വഴിത്തിരിവാണ് എന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. 2005 മുതൽ ഇന്ത്യയിൽ ഉൽപ്പന്ന പേറ്റന്റുകളും നിലവിൽ വന്നു. ഇന്ത്യയിൽ ജന്മമെടുക്കുന്ന പുതിയ സസ്യ ഇനങ്ങളിന്മേൽ അവയെ ഉരുത്തിരിച്ചെടുക്കുന്ന സസ്യപ്രജനന ശാസ്ത്രജ്ഞരുള്ള അവകാശം (Plant Breeders' Rights) ഉറപ്പാക്കുന്നതിനായി, 'സസ്യ ഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും' എന്ന നിയമം 2001-ൽ തന്നെ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി. പുതിയ ഇനങ്ങളിന്മേൽ സസ്യപ്രജനന ശാസ്ത്രജ്ഞർക്ക് അവകാശം ഉറപ്പാക്കുന്ന നിയമത്തിൽ തന്നെ പുതിയ ഇനങ്ങളിന്മേലും പരമ്പരാഗത ഇനങ്ങളിന്മേലും കർഷകർക്കുള്ള അവകാശങ്ങളും അംഗീകരിച്ചിരിക്കുന്നു. ഈ നിയമത്തിനു കീഴിൽ കർഷകരെ സസ്യപ്രജനന ശാസ്ത്രജ്ഞരായും കൃഷീവലന്മാരായും ജൈവവൈവിധ്യ സംരക്ഷകരായും അംഗീകരിച്ചുകൊണ്ടുള്ള അവകാശങ്ങൾ നിയമപരമായി നൽകിയിട്ടുണ്ട്.

ബൗദ്ധിക സ്വത്തവകാശങ്ങളുമായി ഒട്ടേറെ ബന്ധപ്പെടുന്ന ജൈവവൈവിധ്യസംരക്ഷണ നിയമം (Biological Diversity Act) പ്രാധാന്യമർഹിക്കുന്നു. ഈ നിയമത്തിൽ ദേശീയ-സംസ്ഥാന-പഞ്ചായത്തുതലങ്ങളിൽ ജൈവസമ്പത്ത് സംരക്ഷിക്കുവാനും സുസ്ഥിരമായി നിലനിർത്തുവാനും ഉപയോഗിക്കുവാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിയമാവലികളും ഉൾപ്പെടുന്നു. ഇന്ത്യയിലെ ജൈവവസ്തുക്കൾ, അവയെ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ എന്നിവ മറ്റു രാജ്യങ്ങളിലേക്ക് നിയമപരമല്ലാതെ കടത്തിക്കൊണ്ടുപോകുന്നതും അതിന്മേൽ പേറ്റന്റുകൾ നേടുന്നതും തടയുവാനുള്ള ഉപാധി കൂടിയാണ് ഈ നിയമം. ഈ നിയമത്തിനുകീഴിൽ വിഭാവനം ചെയ്തിരിക്കുന്ന ജൈവവൈവിധ്യ രജിസ്റ്ററിന്റെ നിർമ്മാണം, ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കേണ്ട ഭാരിച്ച ഒരു ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വം ജനകീയമായി നടപ്പിലാക്കണമെങ്കിൽ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം, ശോഷണം, മോഷണം എന്നീ വിഷയങ്ങളിൽ വ്യാപകമായ അവബോധം ഉണ്ടായേ മതിയാകൂ.

ജനകീയ പങ്കാളിത്തവും വ്യാപകമായ അവബോധവും തിരിച്ചറിവും ആവശ്യപ്പെടുന്ന മറ്റൊരു മേഖലയാണ് ഉൽപ്പന്നങ്ങളുടെ ഭൂപ്രദേശ സൂചക സംരക്ഷണത്തിനും രജിസ്ട്രേഷനും വേണ്ടി 1999-ൽ പാസ്സാക്കിയ ഇന്ത്യൻ നിയമം. ജന്മമെടുക്കുന്ന അഥവാ നിർമ്മിക്കപ്പെടുന്ന ഭൂപ്ര

ദേശത്തോടു ബന്ധപ്പെട്ട് സവിശേഷമായ ഗുണമേന്മകൾ നിലനിർത്തുകവഴി ലോകകമ്പോളത്തിൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്ന ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ ശ്രേണി വലുതാണ്. ഇവയിൽ ഡാർജിലിങ് തേയില, ബസുമതി അരി, നാഗ്പൂർ മധുരനാരങ്ങ, ആറന്മുള കണ്ണാടി, കാഞ്ചീപുരം സാരികൾ എന്നിവ മുൻനിരയിൽ നിൽക്കുന്നുവെങ്കിലും, ഭൂപ്രദേശസൂചകങ്ങളായി അംഗീകരിക്കപ്പെടേണ്ടതായ നൂറു കണക്കിനു മറ്റുൽപ്പന്നങ്ങൾ ഈ ശ്രേണിയിൽ ഉണ്ട്. ഇത്തരം ഉൽപ്പന്നങ്ങളുടെ ഖ്യാതി മറ്റുള്ളവർ ദുരുപയോഗം ചെയ്യാതിരിക്കുവാനും അവയുടെ യഥാർത്ഥ ഉൽപ്പാദകർക്ക് സാമ്പത്തികാഭിവൃദ്ധി ഉറപ്പുവരുത്തുവാനും വിദേശത്തും സ്വദേശത്തും അവയുടെ വ്യാപാരം മെച്ചപ്പെടുത്തുവാനും ഉപഭോക്താക്കൾക്ക് യഥാർത്ഥ ഉൽപ്പന്നം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുവാനുമായി ഇത്തരം ഉൽപ്പന്നങ്ങളെ ഭൂപ്രദേശസൂചകങ്ങളായി സംരക്ഷിച്ചേ മതിയാകൂ. അല്ലെങ്കിൽ യഥാർത്ഥ ഉൽപ്പന്നങ്ങൾക്കുപകരം വ്യാജ ഉൽപ്പന്നങ്ങൾ വിപണി കയ്യടക്കുകയും ക്രമേണ വിപണിയെ തകർക്കുകയും അതു വഴി ഉൽപ്പന്നത്തിന്റെ യഥാർത്ഥ ഉൽപ്പാദകരുടെ ജീവിതമാർഗ്ഗം തടയുകയും ചെയ്യും. ഈ ലക്ഷ്യത്തെ മുൻനിർത്തിയാണ്, ഇന്ത്യ, ഭൂപ്രദേശ സൂചകങ്ങളുടെ രജിസ്ട്രേഷനും സംരക്ഷണത്തിനുമായുള്ള നിയമം 1999-ൽ പാസ്സാക്കിയതും 2003 മുതൽ നടപ്പിലാക്കിയതും.

ലോക വ്യാപാര സംഘടനയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി രൂപം നൽകിയ പുതിയ നിയമാവലികളെ പറ്റിയുള്ള സാമാന്യമായ ഒരു അവബോധം ശാസ്ത്രജ്ഞർക്കും ഭരണാധികാരികൾക്കും ആസൂത്രണ വിദഗ്ധർക്കും കർഷകർക്കും നിയമജ്ഞർക്കും സന്നദ്ധ പ്രവർത്തകർക്കും സാധാരണ ജനങ്ങൾക്കും അത്യന്താപേക്ഷിതമാണ്. എങ്കിൽ മാത്രമെ നിയമങ്ങൾ ശരിയായ വിധത്തിൽ നടപ്പിലാവുകയും അതിന്റെ ഗുണവശങ്ങൾ സാധാരണക്കാരന് പ്രാപ്യമാവുകയും ചെയ്യുകയുള്ളൂ. ഗുണപരമായ വശങ്ങളെ വിനിയോഗിക്കാൻ ശുഷ്ക്കാന്തി കാണിക്കുന്നില്ലെങ്കിൽ, ഇവ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുകയും ചെയ്യും.

# 2. ഭൂപ്രദേശസൂചകങ്ങളുടെ പ്രാധാന്യം

പുതുക്കിയ ഗാട്ടുകരാറിന്റെ പിൻഗാമിയായി 1995-ൽ നിലവിൽ വന്ന ലോക വ്യാപാര സംഘടനയുടെ പശ്ചാത്തലത്തിൽ ലോകരാജ്യങ്ങളെല്ലാം വ്യാപാര രംഗത്ത് പരസ്പരം മത്സരിച്ചു മുന്നേറാൻ ശ്രമിക്കുകയാണിന്ന്. ഓരോ രാജ്യവും അവരുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വാണിജ്യ പ്രാധാന്യവും കമ്പോളമൂല്യവും നൽകി അവയെ ലോകമെമ്പാടും വിറ്റഴിക്കാൻ തന്ത്രങ്ങൾ മെനയുന്നു. ഇലക്ട്രോണിക് വാർത്താവിനിമയ *സൗകര്യങ്ങളും ഗതാഗത* സൗകര്യങ്ങളും വ്യാപാരരംഗത്തെ ഇത്തരം മത്സരങ്ങൾക്കു അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ച് ലോകത്തെ 'ഒരൊറ്റ കമ്പോളമായി' മാറ്റിക്കഴിഞ്ഞു. ഇങ്ങിനെ മത്സരാധിഷ്ഠിതമായ ഒരു ലോകകമ്പോള വ്യവസ്ഥിതിയിൽ, രാജ്യങ്ങൾ, അവരവരുടെ ഉൽപ്പന്നങ്ങളുടെ ഉൽകൃഷ്ടതയും മേന്മയും ഉയർത്തിപ്പിടിക്കാനും സ്വന്തം ഉൽപ്പന്നങ്ങളുടെ വ്യാപാര രംഗത്തേക്ക് മറ്റു രാജ്യങ്ങളുടെ കടന്നു കയറ്റം തടയാനും പരമാവധി ശ്രദ്ധ ചെലുത്തുന്നതായി കാണാം. ഇത്തരമൊരു സാഹചര്യത്തിൽ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ കമ്പോളസംരക്ഷണത്തിൽ ഭൂപ്രദേശസൂചകങ്ങൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്.

ലോകത്തിലെ വിവിധ കോണുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ചില പ്രത്യേക ഉൽപ്പന്നങ്ങൾ അവയുടെ ഗുണമേന്മ മൂലം ലോകമെമ്പാടും ആരാധകരെ നേടിയ കഥകൾ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഫ്രാൻസിൽ നിന്നുള്ള ഷാംപെയ്ൻ വീഞ്ഞ്, സ്വിറ്റ്സ്വർലാന്റിൽ നിന്നുള്ള സ്വിസ് വാച്ചുകൾ, ചൈനയിൽ നിന്നുള്ള സിൽക്ക് തുണിത്തരങ്ങൾ, ഇന്ത്യയിൽ നിന്നുള്ള ഡാർജിലിങ് തേയില, ബസുമതി അരി, കാഞ്ചീപുരം സിൽക്ക് സാരികൾ, മലബാർ കുരുമുളക് തുടങ്ങി ലോകവ്യാപാര രംഗത്ത് അഗ്രഗണ്യമായ സ്ഥാനം പിടിച്ച ഒട്ടേറെ ഉൽപ്പന്നങ്ങളുണ്ട്. മലബാർ തീരത്ത് വിളഞ്ഞിരുന്ന സുഗന്ധവ്യഞ്ജനങ്ങൾ തേടി ഒട്ടേറെ വിദേശീയ ചരക്കുകപ്പലുകൾ കേരളത്തിൽ എത്തിയിരുന്നതിനു ചരിത്രം സാക്ഷിയാണല്ലോ.

ഇപ്രകാരം ആഗോള വ്യാപാര രംഗത്ത് കീർത്തി നേടിയ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ അവ ഉത്ഭവമെടുക്കുന്ന/നിർമ്മിക്കപ്പെടുന്ന രാജ്യങ്ങളിലെ/പ്രദേശങ്ങളിലെ പ്രത്യേക കാലാവസ്ഥ, മണ്ണ്, പ്രകൃതി, നിർമ്മാണത്തിലേർപ്പെടുന്ന മനുഷ്യരുടെ കരവിരുതുകൾ, പരമ്പരാഗത സംസ്ക

രണരീതികൾ തുടങ്ങി ഒട്ടേറെ ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. 'സവില്ലി ഓറഞ്ചുകൾ', 'ഡാർജിലിങ് തേയില', 'ബസുമതി അരി', 'മലബാർ കുരുമുളക്' തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങളുടെ ഗുണമേന്മ അവ വിളയുന്ന പ്രദേശങ്ങളിലെ കാലാവസ്ഥയും ഭൂപ്രകൃതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ കേൾവികേട്ട ചില ഭക്ഷ്യവസ്തുക്കളുടെ മേന്മ അവയുടെ സംസ്ക്കരണരീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. 'ആഗ്രപേട', 'സ്വിസ് ചോക്കളേറ്റുകൾ', 'ഷാംപെയ്ൻ വീഞ്ഞ്' എന്നിവ സംസ്ക്കരണ രീതിയിലെ പ്രത്യേകതകൾ മൂലം കീർത്തി നേടിയ ഭക്ഷ്യവസ്തുക്കളാണ്. നിർമ്മാണ പ്രക്രിയയിൽ ഏർപ്പെടുന്ന മനുഷ്യരുടെ പ്രത്യേക കരവിരുതുമൂലം കീർത്തി നേടിയ ഉൽപ്പന്നങ്ങളുമുണ്ട്. 'ഫ്യൂജി സിൽക്ക്', 'കാഞ്ചീപുരം സാരി', 'പോച്ചംപള്ളി സാരി' തുടങ്ങിയ തുണിത്തരങ്ങളും 'ചൈനീസ് മൺപാത്രങ്ങൾ', 'ആറന്മുള കണ്ണാടി' തുടങ്ങിയ കരകൗശല വസ്തുക്കളും നിർമ്മാതാക്കളുടെ കരവിരുതിനാൽ വ്യാപാരരംഗത്ത് സ്ഥാനം പിടിച്ചവയാണ്.

തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറി വന്ന പാരമ്പര്യ സംസ്ക്കരണ രീതികളും കരവിരുതു രഹസ്യങ്ങളും കാലാവസ്ഥയുടേയും ഭൂപ്രകൃതിയുടേയും അനുഗ്രഹാശിസ്സുകളും പ്രത്യേക കൃഷിരീതികളുമെല്ലാം ഒത്തുചേർന്ന് രൂപപ്പെടുന്ന ഇത്തരം ഉൽപ്പന്നങ്ങളുടെ ഗുണവിശേഷങ്ങളും അതുമൂലം കൈവരുന്ന കീർത്തിയും ഉൽപ്പന്നങ്ങളുടെ കമ്പോള സാദ്ധ്യത വർദ്ധിപ്പിക്കുകയും അവയുടെ ഉൽപ്പാദകർക്ക് സാമ്പത്തിക മേന്മ വരുത്തുകയും ചെയ്തു. എന്നാൽ ഇത്തരം ഉൽപ്പന്നങ്ങളുടെ വ്യാജരൂപങ്ങൾ വിപണിയിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയതോടെ യഥാർത്ഥ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകരും ഉപഭോക്താക്കളും ഒരുപോലെ വഞ്ചിതരായി. വിപണി കയ്യടക്കുന്ന വ്യാജ ഉൽപ്പന്നങ്ങൾ യഥാർത്ഥ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയ്ക്ക് കളങ്കമേൽപ്പിക്കുകയും അവയുടെ വിപണിയെ തകർക്കുകയും ചെയ്തു. ഉപഭോക്താക്കൾക്കാകട്ടെ, യഥാർത്ഥ ഉൽപ്പന്നത്തിന്റെ വില നൽകി വ്യാജ ഉൽപ്പന്നങ്ങൾ വാങ്ങേണ്ടതായും വന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ചില പ്രത്യേക രാജ്യങ്ങളിൽ ഉൽഭവിക്കുന്നതിനാൽ സവിശേഷമായ ഗുണമേന്മയും കീർത്തിയും കൈവരിച്ചിരിക്കുന്ന ഉൽപ്പന്നങ്ങളെ വേർതിരിച്ചറിയുവാൻ സഹായകമായ സൂചകങ്ങളും അവയുടെ സംരക്ഷണത്തിനാവശ്യമായ നിയമങ്ങളും വേണമെന്ന ആശയം ഉടലെടുക്കുന്നതും പല രാജ്യങ്ങളും അതിനു വേണ്ടിയുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതും.

ഭൂപ്രദേശസൂചകങ്ങളുടെ സംരക്ഷണനിയമങ്ങൾ ഏറ്റവും ശക്തമായി നിലനിൽക്കുന്നത് യൂറോപ്യൻ രാജ്യങ്ങളിലാണെന്ന് പറയാം.

അവിടെ സംസ്ക്കരിച്ച ഭക്ഷ്യവസ്തുക്കളുടേയും വീഞ്ഞുകളുടേയും വിപണനത്തിലും കയറ്റുമതിയിലും ഭൂപ്രദേശസൂചകനിയമങ്ങൾ നിർണ്ണായക സ്വാധീനം ചെലുത്തുന്നു. യൂറോപ്യൻ രാജ്യങ്ങളുടെ സമ്മർദ്ദഫലമായാണ് ലോക വ്യാപാര സംഘടന, അതിന്റെ അംഗരാജ്യങ്ങളിൽ ഭൂപ്രദേശസൂചകങ്ങളുടെ സംരക്ഷണത്തിനായുള്ള നിയമങ്ങൾ നടപ്പിലാക്കണമെന്ന് ഏറെയും നിഷ്കർഷിച്ചത്.

ഒരു രാജ്യത്തിന്റേയോ ഭൂപ്രദേശത്തിന്റേയോ പേരുൾപ്പെടുന്ന പദങ്ങൾ, ചിഹ്നങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് ഗുണമേന്മയേറിയ ഉൽപ്പന്നങ്ങളുടെ ഉറവിടത്തെപ്പറ്റി സൂചന നൽകുന്നത് സാധാരണമാണ്. ചിലപ്പോൾ തദ്ദേശീയമായ മൃഗങ്ങളുടേയും പക്ഷികളുടേയും നാമം ഉപയോഗിച്ചും ഉൽപ്പന്നങ്ങളുടെ ഉറവിടത്തെ പറ്റി സൂചന നൽകാറുണ്ട്. 'പാണ്ട ബിയർ' ഇതിനൊരു ഉദാഹരണമാണ്. ഒരു രാജ്യത്തെ മുഖ്യ വ്യക്തികളുടെ പേരിലും സ്മാരകങ്ങളുടെ പേരിലും ഉൽപ്പന്നങ്ങൾക്ക് സൂചകങ്ങൾ നൽകാം. 'നെപ്പോളിയൻ ബ്രാണ്ടി', 'പിസ സിൽക്ക്', 'മൊസാർട്ട് ചോക്കളേറ്റുകൾ' തുടങ്ങിയവ ഈ ശ്രേണിയിൽ വരുന്ന ഉൽപ്പന്നങ്ങളാണ്. ഇന്ത്യൻ ഉൽപ്പന്നങ്ങളെ സൂചിപ്പിക്കാൻ താജ്മഹലിന്റെ പടത്തിനും, ചൈനീസ് ഉൽപ്പന്നങ്ങളെ സൂചിപ്പിക്കാൻ ചൈനീസ് ചിത്രലിപികൾക്കും കഴിയും എന്നത് ചിഹ്നങ്ങളെ സൂചകങ്ങളായി ഉപയോഗിക്കാമെന്ന് കാണിക്കുന്നു.

വിവിധ രാജ്യങ്ങളിൽ ഉത്ഭവമെടുക്കുന്ന വിശിഷ്ട ഉൽപ്പന്നങ്ങളുടെ ഖ്യാതി വർദ്ധിപ്പിക്കുന്നതിനും അതുമുഖേന വ്യാപാരം പരിപോഷിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ അനുകരണങ്ങളെ തടയുന്നതിനുമായി രാജ്യങ്ങൾ അവലംബിച്ചുപോരുന്ന രീതികളേയും ദേശീയ-അന്തർദ്ദേശീയ നിബന്ധനകളേയും കാഴ്ചപ്പാടുകളേയും വിവാദങ്ങളേയും പറ്റി അറിയുന്നത് രസകരമാണ്.

## ഭൂപ്രദേശ (ഉത്ഭവ) സൂചകങ്ങൾ പലവിധം

ഒരു പ്രത്യേക ഭൂപ്രദേശത്ത് ഉത്ഭവമെടുക്കുന്ന ഉൽപ്പന്നങ്ങളെ സൂചിപ്പിക്കുന്ന പലവിധത്തിലുള്ള സൂചകങ്ങൾ വിവിധ രാജ്യങ്ങളിലായി ഉപയോഗത്തിലുണ്ട്. അവയിൽ പ്രധാനമായവ താഴെ ചേർക്കുന്നു.

## ഉറവിടസൂചകങ്ങൾ (Indications of Source)

ഒരു ഉൽപ്പന്നം ഒരു പ്രത്യേക രാജ്യത്ത് നിർമ്മിക്കപ്പെട്ടതാണ് എന്ന് സൂചന നൽകുന്നതും വ്യാപകമായി ഉപയോഗിക്കപ്പെടുന്നതുമായ സൂചകമാണിത്. ഉദാഹരണത്തിന് ഇന്ത്യയിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങ

ളുടെ മേൽ 'ഇന്ത്യൻ നിർമ്മിതം' എന്നോ 'ഇന്ത്യൻ ഉൽപ്പന്നം' എന്നോ എഴുതിയിരിക്കുമല്ലോ. ആ ഉൽപ്പന്നം ഇന്ത്യയിൽ തയ്യാറാക്കിയതാണ്/ നിർമ്മിച്ചതാണ് എന്ന് സൂചിപ്പിക്കുകയാണ് ഈ വാക്കുകൾ. ഉറവിടസൂചകം ഒരിക്കലും ഉൽപ്പന്നത്തിന്റെ ഗുണമേന്മയുമായി ബന്ധപ്പെടുന്നതല്ല. ഉൽപ്പന്നം എവിടെ ഉണ്ടാക്കിയതാണ് എന്ന സൂചന മാത്രമേ ഈ പദങ്ങൾ ഉപഭോക്താവിനു നൽകുന്നുള്ളു. ലോകബൗദ്ധിക സ്വത്തവകാശ സംഘടനയുടെ നിർവചനപ്രകാരം ഉൽപ്പന്നങ്ങൾക്കു മാത്രമല്ല, സേവനത്തിനും ഉറവിടസൂചകങ്ങൾ നൽകാം.

## ഉത്ഭവനാമധേയങ്ങൾ (Appellations of Origin)

ഒരു പ്രത്യേക ഭൂപ്രദേശത്ത് ഉത്ഭവിക്കുന്നതും, ആ പ്രദേശത്തെ കാലാവസ്ഥ, ഭൂപ്രകൃതി, മനുഷ്യശേഷി, കരവിരുത് എന്നിവ കൊണ്ടു മാത്രം പ്രത്യേക ഗുണവിശേഷങ്ങൾ കൈവരുന്നതുമായ ഉൽപ്പന്നങ്ങളെ സൂചിപ്പിക്കുന്ന പദമാണ് ഉത്ഭവനാമധേയങ്ങൾ. ഇത്തരം സൂചകനാമങ്ങളിൽ ഉൽപ്പന്നം ഉൽപ്പാദിപ്പിക്കുന്ന രാജ്യത്തിന്റെ/പ്രദേശത്തിന്റെ നാമം ഉൾപ്പെട്ടിരിക്കും. വീഞ്ഞുകളേയും മദ്യം പോലുള്ള ലഹരി പാനീയങ്ങളേയും സൂചിപ്പിക്കാനാണ് ഉത്ഭവനാമധേയങ്ങൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്നത്. ഉൽപ്പന്നത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും (കൃഷി, ഉൽപ്പാദനം, സംസ്ക്കരണം തുടങ്ങിയവ) ഉത്ഭവനാമധേയം സൂചിപ്പിക്കുന്ന പ്രത്യേക ഭൂപ്രദേശത്തുതന്നെ നടക്കുന്നതായിരിക്കണം.

## ഭൂപ്രദേശസൂചകങ്ങൾ (Geographical Indications)

മേൽപ്പറഞ്ഞ രണ്ടു സൂചകങ്ങളുടേയും അർത്ഥം ഭൂപ്രദേശസൂചകമെന്ന ഒരൊറ്റ പദത്തിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. ഒരു ഉൽപ്പന്നത്തിന്റേയോ പ്രകൃതി വിഭവത്തിന്റേയോ ഉൽപ്പത്തിയെ കുറിക്കുന്ന പേരോ സൂചനയോ ആണ് ഭൂപ്രദേശസൂചകം. ഇത്തരം ഉൽപ്പന്നങ്ങൾക്കും പ്രകൃതി വിഭവങ്ങൾക്കും അവ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഭൂപ്രദേശത്തെ കാലാവസ്ഥ, പ്രകൃതി, കാർഷികരീതികൾ, നിർമ്മാണരീതികൾ, സംസ്ക്കരണരീതികൾ, നിർമ്മാണത്തിലേർപ്പെടുന്ന മനുഷ്യരുടെ കരവിരുതുകൾ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി സവിശേഷമേന്മയോ നൈസർഗികതയോ ഖ്യാതിയോ ഉണ്ടായിരിക്കണം. ഒരു പ്രത്യേക ഭൂപ്രദേശത്തു നിന്നുള്ള കാർഷിക-വ്യാവസായിക-കരകൗശല ഉൽപ്പന്നങ്ങളേയോ പ്രകൃതി വിഭവങ്ങളേയോ എടുത്തുകാണിക്കാനാണ് ഇത്തരം സൂചകങ്ങൾ ഉപയോഗപ്പെടുത്തുന്നത്. ഉത്ഭവനാമധേയങ്ങളെപ്പോലെ,

ഭൂപ്രദേശവുമായി ശക്തമായ ബന്ധം ഭൂപ്രദേശസൂചകങ്ങൾ ആവശ്യപ്പെടുന്നില്ല. ഭൂപ്രദേശസൂചകം സൂചിപ്പിക്കുന്ന പ്രത്യേക ഭൂപ്രദേശത്ത് നിർമ്മാണമോ സംസ്ക്കരണമോ തയ്യാറാക്കലോ നടന്നാൽ മതിയെന്ന ആശയവും ഇന്ത്യയിലെ ഭൂപ്രദേശസൂചക സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്നു. മാത്രമല്ല ഉൽപ്പാദനം നടക്കുന്ന രാജ്യത്തിന്റേയോ ഭൂപ്രദേശത്തിന്റേയോ നാമം ഭൂപ്രദേശസൂചകത്തിന്റെ ഭാഗമാകണമെന്നും ഇല്ല. ഇങ്ങനെ നോക്കുമ്പോൾ എല്ലാ ഉത്ഭവനാമധേയങ്ങളും ഭൂപ്രദേശസൂചകങ്ങളാണെന്നു കാണാം; എന്നാൽ എല്ലാ ഭൂപ്രദേശസൂചകങ്ങളും ഉത്ഭവനാമധേയങ്ങളല്ല.

## സംരക്ഷിത ഉത്ഭവനാമങ്ങളും സംരക്ഷിത ഭൂപ്രദേശസൂചകങ്ങളും

പ്രത്യേക ഗുണവിശേഷങ്ങളുള്ള കാർഷിക-ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംരക്ഷണാർത്ഥമുള്ള ഈ രണ്ടു സൂചകങ്ങളും യൂറോപ്പിലാണ് വ്യാപകമായി ഉപയോഗിച്ചുവരുന്നത്. ഒരു കാർഷിക ഉൽപ്പന്നത്തിന്റേയോ ഭക്ഷ്യ വസ്തുവിന്റേയോ ഗുണമേന്മ, അത് ഒരു പ്രത്യേക ഭൂപ്രദേശത്ത് നിർമ്മിക്കപ്പെടുകയും സംസ്ക്കരിക്കപ്പെടുകയും തയ്യാറാക്കപ്പെടുകയും ചെയ്യുന്നതുകൊണ്ടുമാത്രം കൈവരുന്നതാണെങ്കിൽ അതിനെ സംരക്ഷിക്കുന്നതിനുള്ള സൂചകമാണ് സംരക്ഷിത ഉത്ഭവനാമങ്ങൾ (Protected Designation of Origin). മറിച്ച്, ഒരു കാർഷിക ഉൽപ്പന്നത്തിന്റേയോ ഭക്ഷ്യ വസ്തുവിന്റേയോ നിർമ്മാണം, സംസ്ക്കരണം, തയ്യാറാക്കൽ എന്നിവയുടെ ഏതെങ്കിലുമൊരു ഘട്ടം ഒരു പ്രത്യേക ഭൂപ്രദേശവുമായി ബന്ധപ്പെടുന്നതുമൂലം, അതിന് പ്രത്യേക ഗുണമോ ഖ്യാതിയോ കൈവരുന്നെങ്കിൽ അതിനെ സൂചിപ്പിക്കാൻ സംരക്ഷിത ഭൂപ്രദേശസൂചകങ്ങൾ (Protected Geographical Indications) എന്ന പദം ഉപയോഗിച്ചുവരുന്നു. ഉൽപ്പന്നവും ഭൂപ്രദേശവുമായുള്ള ബന്ധം സംരക്ഷിത ഉത്ഭവനാമങ്ങളിൽ കൂടുതൽ ദൃഢതരമാണ്. ഇത്തരം സൂചകങ്ങളുടെ രജിസ്ട്രേഷനിലൂടെയാണ് അവയ്ക്ക് സംരക്ഷണം നൽകുന്നത്.

ഈ രണ്ടു സൂചകങ്ങൾക്കു പുറമെ പാരമ്പര്യ പ്രത്യേകതാ ഉറപ്പ് (Traditional Speciality Guaranteed) എന്നൊരു സൂചകം ഉപയോഗിച്ചും യൂറോപ്പിൽ ഭക്ഷ്യവസ്തുക്കളെ സംരക്ഷിക്കാം. ഒരു ഉൽപ്പന്നത്തിന്റെ ഉറവിടത്തെയല്ല, പ്രത്യുത ഉൽപ്പന്നത്തിന്റെ ചേരുവകളിലും നിർമ്മാണത്തിലും ഉപയോഗിച്ചിരിക്കുന്ന പരമ്പരാഗത രീതികളെയാണ് ഈ സൂചകം ധ്വനിപ്പിക്കുന്നത്. സംരക്ഷിത ഉത്ഭവനാമങ്ങൾ, സംരക്ഷിത ഭൂപ്രദേശസൂചകങ്ങൾ, പാരമ്പര്യ പ്രത്യേകതാ ഉറപ്പ് എന്നീ സൂചകങ്ങളും അവയുടെ സംരക്ഷണമാർഗ്ഗങ്ങളും 1992-ലാണ് യൂറോപ്പിൽ നിലവിൽ വന്നത്.

## സർട്ടിഫിക്കേഷൻ മുദ്രകൾ (Certification Marks)

ഉൽപ്പന്നങ്ങളെ സൂചിപ്പിക്കുന്ന പ്രത്യേക വാക്കുകളോ അടയാള ങ്ങളോ സർട്ടിഫിക്കേഷൻ മുദ്രകളായി സംരക്ഷിക്കപ്പെടുന്നു. ഇത്തരം അടയാളങ്ങളുടെ ഉടമസ്ഥൻ സർക്കാരോ സർക്കാർ രൂപീകരിക്കുന്ന സംഘങ്ങളോ ആയിരിക്കും. ഉടമസ്ഥൻ അനുവാദം നൽകുന്ന വ്യക്തി കൾക്ക് വ്യാപാരത്തിനായി ഇത്തരം മുദ്രകളെ ഉപയോഗിക്കാം. ഇന്ത്യയിലെ ഡാർജിലിങ് തേയില അമേരിക്കയിൽ 'ഡാർജിലിങ്' എന്ന സർട്ടിഫിക്കേഷൻ മാർക്കിലൂടെയാണ് (രജിസ്റ്റർ നമ്പർ 2685923) സംര ക്ഷണം നേടിയിരിക്കുന്നത്. എന്നാൽ കോണ്യാക് വീഞ്ഞ് അമേരിക്ക യിൽ, കോമൺ ലോ സർട്ടിഫിക്കേഷൻ അടയാളമായാണ് സംരക്ഷിക്ക പ്പെടുന്നത്.

ഇങ്ങനെ വിശിഷ്ടങ്ങളായ ഉൽപ്പന്നങ്ങളെ സൂചിപ്പിക്കാനും സംര ക്ഷിക്കാനുമായി വിവിധ രാജ്യങ്ങൾ വിവിധങ്ങളായ സൂചകങ്ങൾ ഉപ യോഗിച്ചുവരുന്നു. ഒരു പ്രത്യേക രാജ്യത്ത്/ഭൂപ്രദേശത്ത് ഉത്ഭവിക്കുന്ന തിനാൽ/നിർമ്മിക്കപ്പെടുന്നതിനാൽ പ്രത്യേക ഗുണമേന്മയോ കീർത്തിയോ കൈവരുന്ന ഉൽപ്പന്നങ്ങളെ സൂചിപ്പിക്കുവാൻ ഭൂപ്ര ദേശസൂചകങ്ങൾ (Indications of Geographical Origin) എന്ന പദമാണ് ലോക വ്യാപാര സംഘടന ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നത്.

## ഭൂപ്രദേശസൂചകങ്ങളും അന്താരാഷ്ട്ര ഉടമ്പടികളും

ഭൂപ്രദേശസൂചകങ്ങൾ എന്ന വാക്കിന് നമ്മുടെ നാട്ടിൽ വ്യാപക മായ പ്രചാരം ഇനിയും സിദ്ധിച്ചിട്ടില്ലായെങ്കിലും ലോക വ്യാപാര ചരിത്ര ത്തിൽ ഇത്തരം സൂചകങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്.

ഗുണമേന്മയാർന്ന പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് സംരക്ഷണം നൽകേണ്ടതിനെപ്പറ്റി ആധികാരികമായി ഒരു ചർച്ച നടക്കുന്നത് 1883–ലെ പാരിസ് കൺവെൻഷനിൽ വെച്ചാണ്. ഉൽപ്പാദനം നടക്കുന്ന ഭൂപ്രദേശത്തെ പ്പറ്റിയോ ഉൽപ്പാദകനെപ്പറ്റിയോ തെറ്റായ ധാരണ നൽകുന്ന സൂചകങ്ങളുള്ള ഉൽപ്പന്നങ്ങൾ അംഗരാജ്യങ്ങളിൽ നിരോധിക്കണമെന്നും കണ്ടുകെട്ടണമെന്നും പാരിസ് കൺവെൻഷനിൽ തീരുമാനിച്ചിരുന്നു. വ്യാജ ഉൽപ്പന്നങ്ങളുടെ മത്സരം മൂലം ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ വിപണി നഷ്ടപ്പെടാതിരിക്കാനുള്ള മുൻകരുതലുകളും പാരിസ് കൺവെൻഷൻ നിർദ്ദേശിച്ചിരുന്നു. രണ്ടു വ്യത്യസ്ത രാജ്യങ്ങളിലായി ഒരേ പേരിലുള്ള രണ്ടു പ്രദേശങ്ങൾ ഉള്ളപ്പോഴാണ് ഇപ്രകാരമുള്ള പ്രശ്ന ങ്ങൾ കൂടുതലായും ഉടലെടുക്കുന്നത്. ഇതിൽ ഒരു രാജ്യത്തിൽ നിന്നുള്ള ഉൽപ്പന്നത്തിന് ഉയർന്ന ഗുണമേന്മ ഉണ്ടാവുകയും മറ്റൊരു രാജ്യത്ത് അതേ പേരിൽ ഗുണമേന്മ കുറഞ്ഞ ഒരു ഉൽപ്പന്നം ഉണ്ടാവുകയും ചെയ്യു

ന്നു എന്നിരിക്കട്ടെ. രണ്ടാമത്തെ രാജ്യത്തിൽ നിന്നുള്ള ഉൽപ്പന്നം ആദ്യ രാജ്യത്തിലെ ഉൽപ്പന്നത്തിന്റെ അതേ ഭൂപ്രദേശസൂചകം ഉപയോഗിക്കുമ്പോൾ ഉപഭോക്താവ് വഞ്ചിതനാവുകയും ഗുണമേന്മ കൂടിയ ഉൽപ്പന്നത്തിന്റെ വിപണി തകരുകയും ചെയ്യുന്നത് സ്വാഭാവികം.

1891–ലെ 'മാഡ്രിഡ്' ഉടമ്പടിയും വ്യാജമായ ധാരണ നൽകുന്ന ഭൂപ്രദേശസൂചകങ്ങൾക്കെതിരെയുള്ള നടപടികളെപ്പറ്റി തീരുമാനങ്ങളെടുത്തിരുന്നു. ഈ ഉടമ്പടി പ്രകാരം അംഗരാജ്യങ്ങളിൽ വ്യാജ ഭൂപ്രദേശസൂചകങ്ങൾ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങൾ കണ്ടുകെട്ടുവാനും നിയന്ത്രിക്കുവാനും വേണ്ടതായ നിയമങ്ങൾ നിർമ്മിക്കേണ്ടിയിരുന്നു. പാൽകട്ടി അഥവാ 'ചീസ്' ഉൽപ്പാദിപ്പിക്കുന്ന യൂറോപ്യൻ രാജ്യങ്ങൾ അവരുടെ ഉൽപ്പന്നത്തിന് പ്രത്യേക വ്യാപാരപരിരക്ഷ വേണമെന്ന നിർദ്ദേശവുമായി 1951–ൽ സ്ട്രെസാ കൺവെൻഷനിൽ ഒത്തുചേർന്നു. 'ചീസ്' എന്ന നാമം ഉപയോഗിക്കാൻ യോഗ്യതയുള്ള ഉൽപ്പന്നങ്ങളെപ്പോലും ഈ കൺവെൻഷൻ നിർവചിച്ചിരുന്നു എന്നറിയുന്നത് രസാവഹമാണ്. തെറ്റായ സംസ്ക്കരണ രീതികൾ ഉപയോഗിച്ച് നിർമ്മിച്ചിരുന്ന ഗുണമേന്മ കുറഞ്ഞ പാലുൽപ്പന്നങ്ങൾ 'ചീസ്' എന്ന പേരിൽ വിപണിയിൽ കുമിഞ്ഞുകൂടാൻ തുടങ്ങിയതിനെതിരെയുള്ള ശക്തമായ പ്രതികരണം കൂടിയായിരുന്നു ഈ കൺവെൻഷൻ.

1958–ലെ ലിസ്ബൺ ഉടമ്പടി ഭൂപ്രദേശസൂചകസംരക്ഷണ നിയമരംഗത്തെ സുപ്രധാന നാഴികക്കല്ലായിരുന്നു. ഈ ഉടമ്പടിയിലെ നിയമങ്ങൾ പിന്നീട് 1967ലും 1979ലും പുതുക്കുകയുണ്ടായി. അന്തർദ്ദേശീയ വ്യാപാര രംഗത്ത് ഉത്ഭവനാമധേയങ്ങൾ (Appellations of origin) ഉള്ള ഉൽപ്പന്നങ്ങളെ സംരക്ഷിക്കാനും രജിസ്റ്റർ ചെയ്യുവാനുമുള്ള നിയമം പ്രാബല്യത്തിലായത് ഈ ഉടമ്പടിയോടെ ആയിരുന്നുവെന്നു പറയാം. ഒരു ഭൂപ്രദേശത്തോടോ അല്ലെങ്കിൽ രാജ്യത്തോടോ ഉള്ള ബന്ധം കൊണ്ടു മാത്രം പ്രത്യേകമായ ഗുണങ്ങളും സവിശേഷതകളും കൈവരുന്ന ഉൽപ്പന്നങ്ങൾക്ക് ഉത്ഭവനാമധേയങ്ങൾ നൽകി പരിരക്ഷിക്കാമെന്ന ധാരണയാണ് ലിസ്ബൺ ഉടമ്പടിയിൽ ഉടലെടുത്തത്. മാത്രമല്ല ഉൽപ്പന്നം നിർമ്മിക്കുന്ന/ഉത്ഭവിക്കുന്ന രാജ്യത്ത് നിയമസംരക്ഷണം ലഭിച്ചിട്ടുള്ള ഉത്ഭവനാമധേയങ്ങളെ ലോകബൗദ്ധിക സ്വത്തവകാശ സംഘടന (WIPO)യുടെ അന്തർദ്ദേശീയ ബ്യൂറോക്കു കീഴിൽ രജിസ്റ്റർ ചെയ്ത് അന്തർദ്ദേശീയ സംരക്ഷണം നൽകാമെന്ന ധാരണ നിലവിൽ വന്നതും ഈ കൺവെൻഷനിൽ വച്ചായിരുന്നു. അതായത് ഉൽപ്പന്നങ്ങളുടെ ഉത്ഭവനാമധേയങ്ങൾക്ക് മറ്റു രാജ്യങ്ങളിൽ സംരക്ഷണം തേടുന്നതിനുമുമ്പ് സ്വന്തം രാജ്യത്ത് നിയമസംരക്ഷണം ലഭിച്ചിരിക്കണമെന്ന നിയമം നടപ്പിലായത് ഈ കൺവെൻഷനിലൂടെയായിരുന്നുവെന്നർത്ഥം. ഇതിനായി, ഓരോ അംഗ

രാജ്യത്തിനും, ഉത്ഭവനാമധേയങ്ങൾ ഉള്ള ഉൽപ്പന്നങ്ങളെ സംരക്ഷിക്കുവാനുള്ള നിയമ സംവിധാനം സ്വന്തമായ രീതിയിൽ നിർമ്മിക്കാം എന്നും കൺവെൻഷൻ അംഗീകരിച്ചു. യഥാർത്ഥ ഉൽപ്പന്നങ്ങളുടെ സൂചകങ്ങളെ അനുകരിക്കുന്ന വ്യാജ ഉൽപ്പന്നങ്ങൾ തടയുവാനുള്ള നിയമവും അംഗരാജ്യങ്ങൾ നിർമ്മിക്കണമെന്നും ലിസ്ബൺ ഉടമ്പടി നിർദ്ദേശിച്ചു. ഉത്ഭവനാമധേയങ്ങളെ സംരക്ഷിക്കുക എന്നുവച്ചാൽ നിയമപരമായി അംഗീകാരമില്ലാത്ത വ്യക്തികൾ അവരുടെ ഉൽപ്പന്നങ്ങളിന്മേൽ രജിസ്റ്റർ ചെയ്യപ്പെട്ട ഭൂപ്രദേശസൂചകങ്ങൾ ഉപയോഗിക്കുന്നതിനെ തടയുക എന്നാണർത്ഥം.

1999–ൽ ലോകബൗദ്ധിക സ്വത്തവകാശ സംഘടനക്കു കീഴിൽ ലിസ്ബൺ ഉടമ്പടിയിലെ അംഗങ്ങളിൽ നിന്നായി 766 ഉത്ഭവനാമധേയങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി. ഇവയിൽ മൂന്നിൽ രണ്ടു ഭാഗവും ഫ്രാൻസിൽ നിന്നായിരുന്നു. മാത്രമല്ല രജിസ്റ്റർ ചെയ്യപ്പെട്ട ഉൽപ്പന്നങ്ങളിൽ 70 ശതമാനവും വീഞ്ഞുകളായിരുന്നു. പ്രത്യേകതരം പാൽക്കട്ടികൾ, പുകയില, സിഗററ്റുകൾ എന്നിവയും ഉത്ഭവനാമധേയങ്ങളായി രജിസ്റ്റർ ചെയ്യപ്പെട്ടു. 1975–ൽ ലോകബൗദ്ധിക സ്വത്തവകാശ സംഘടന ഭൂപ്രദേശസൂചകങ്ങളെ സംരക്ഷിക്കാനായുള്ള ഒരു കരടു ഉടമ്പടി (Treaty) പ്രസിദ്ധീകരിച്ചു. അതോടൊപ്പം ഇക്കാര്യങ്ങൾക്കായുള്ള മാതൃകാ നിയമാവലിയും ബൗദ്ധിക സ്വത്തവകാശ സംഘടന പുറത്തിറക്കി.

പുതുക്കിയ ഗാട്ടുകരാറിലേക്കു നയിച്ച ഉറുഗ്വേ ചർച്ചകളിൽ (1986–94) ഭൂപ്രദേശസൂചക സംരക്ഷണത്തിനുവേണ്ടിയുള്ള അന്തർദ്ദേശീയ നിയമങ്ങൾക്കായുള്ള ആവശ്യം ശക്തമായി.

ഉറുഗ്വേ ചർച്ചകൾക്കുശേഷം നിലവിൽ വന്ന ട്രിപ്സ് (TRIPS - Trade Related Intellectual Property Rights) ഉടമ്പടി താഴെ പറയുന്ന ആറു വിഷയങ്ങളിലായി ഭൂപ്രദേശസൂചകങ്ങളുടെ സംരക്ഷണത്തെപ്പറ്റി വിശദീകരിക്കുന്നു.

1. ഭൂപ്രദേശസൂചകങ്ങളുടെ നിർവ്വചനവും പ്രാധാന്യവും
2. എല്ലാത്തരം ഭൂപ്രദേശസൂചകങ്ങൾക്കും പൊതുവെ വേണ്ടതായ മാനദണ്ഡങ്ങളും സംരക്ഷണ നിയമങ്ങളും
3. ട്രേഡുമാർക്കുകളും ഭൂപ്രദേശസൂചകങ്ങളും തമ്മിലുള്ള ബന്ധം
4. വീഞ്ഞുകൾക്കും ലഹരിവസ്തുക്കൾക്കും നൽകാവുന്ന പ്രത്യേക സംരക്ഷണം
5. ഭൂപ്രദേശസൂചക സംരക്ഷണത്തിനായുള്ള ചർച്ചകളും പുനഃപരിശോധനകളും
6. ഭൂപ്രദേശസൂചക സംരക്ഷണനിയമത്തിലെ ഒഴിവാക്കലുകൾ (Exceptions)

ലിസ്ബൺ ഉടമ്പടിയിൽ ഒരു ഉൽപ്പന്നത്തിന്റെ മേന്മ അതുത്ഭവിക്കുന്ന പ്രദേശവുമായി ഗാഢമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അതിന് ഉത്ഭവനാമധേയം നൽകി സംരക്ഷിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ട്രിപ്സ് ഉടമ്പടി അതിൽ അൽപ്പം ഇളവു നൽകുകയാണ് ചെയ്തത്. ഒരു ഉൽപ്പന്നത്തിന്റെ പ്രത്യേകതകളോ ഗുണമേന്മയോ കീർത്തിയോ അതുത്ഭവിക്കുന്ന പ്രദേശവുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ ഭൂപ്രദേശസൂചകം വഴി സംരക്ഷിക്കണമെന്നാണ് ട്രിപ്സ് ഉടമ്പടി അനുശാസിക്കുന്നത്. രാജ്യത്തിന്റെ അല്ലെങ്കിൽ പ്രത്യേക ഭൂപ്രദേശത്തിന്റെ പേരു ചേർത്തുമാത്രമെ ഭൂപ്രദേശസൂചകങ്ങൾ നൽകാവൂ എന്നില്ലായെന്നും ട്രിപ്സ് ഉടമ്പടി വിശദീകരിക്കുന്നു. ഉദാഹരണത്തിന് ഇന്ത്യയിൽ നിന്നുള്ള സുഗന്ധ അരിയായി ബസുമതി എന്ന ഭൂപ്രദേശസൂചകത്തെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇന്ത്യയിലേയോ പാക്കിസ്ഥാനിലേയോ ചില പ്രത്യേക ഭൂപ്രദേശങ്ങളിൽ വിളയുന്ന സുഗന്ധ അരിക്കു മാത്രമേ സവിശേഷമായ സുഗന്ധവും ഗുണങ്ങളും തന്മൂലമുള്ള കീർത്തിയും കൈവരുന്നുള്ളൂ. എങ്കിലും ഇവിടെ ഇന്ത്യ എന്ന പദമോ ഇന്ത്യയിലെ ഒരു പ്രദേശത്തിന്റെ പേരോ സൂചകത്തിൽ ഉപയോഗിക്കേണ്ടതില്ല.

ട്രിപ്സ് ഉടമ്പടിയുടെ മൂന്നാമത്തെ സെക്ഷനിൽ രണ്ടാം ഭാഗത്തിലെ 22,23,24 ആർട്ടിക്കിളുകളിൽ ഭൂപ്രദേശസൂചകങ്ങളുടെ സംരക്ഷണത്തിനായി അംഗരാജ്യങ്ങൾ അനുവർത്തിക്കേണ്ട നിയമമാർഗ്ഗങ്ങളെപ്പറ്റി പറയുന്നു. 22-ാമത്തെ ആർട്ടിക്കിളിൽ എല്ലാ ഉൽപ്പന്നങ്ങൾക്കുമുള്ള പൊതുവായ സംരക്ഷണമാണ് പ്രതിപാദിച്ചിരിക്കുന്നത്. പൊതുജനങ്ങളെ വഞ്ചിക്കുന്ന തരത്തിലുള്ളതും യഥാർത്ഥ ഉൽപ്പന്നങ്ങൽക്ക് അനാരോഗ്യകരമായ മത്സരം കൊണ്ടുവരുന്നതുമായ ഭൂപ്രദേശസൂചകങ്ങളെ തടയാനായി അംഗരാജ്യങ്ങൾ നിയമങ്ങൾ കൊണ്ടുവരേണ്ടതാണെന്ന് 22-ാമത്തെ ആർട്ടിക്കിൾ നിർദ്ദേശിക്കുന്നു. ഭൂപ്രദേശസൂചകസംരക്ഷണത്തിനായുള്ള നിയമാവലി ഓരോ രാജ്യത്തിനും അവരുടേതായ രീതിയിൽ നിർമ്മിക്കാവുന്നതാണ്. ആർട്ടിക്കിൾ 23 ആകട്ടെ വീഞ്ഞുകൾക്കും മദ്യങ്ങൾക്കുമുള്ള പ്രത്യേക സംരക്ഷണത്തെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. ഫ്രാൻസ്, ഇറ്റലി തുടങ്ങിയ രാജ്യങ്ങൾ ശക്തമായി വാദിച്ചാണ് വീഞ്ഞുകൾക്കും മദ്യങ്ങൾക്കും പ്രത്യേക സംരക്ഷണാവകാശം നേടിയെടുത്തത്. യുറോപ്യൻ രാജ്യങ്ങളിലേക്ക് ഇറക്കുമതി ചെയ്തിരുന്ന ഉൽപ്പന്നങ്ങളിന്മേലുള്ള ഇറക്കുമതി സബ്സിഡി കുറക്കണമെന്ന ആവശ്യം അംഗീകരിച്ചതിനു പകരമായാണ് വീഞ്ഞുകൾക്കും ലഹരിവസ്തുക്കൾക്കും പ്രത്യേക സംരക്ഷണാവകാശം നൽകണമെന്ന ആശയം അംഗീകരിച്ചതെന്ന് ചില രാജ്യങ്ങൾ ആരോപിക്കുന്നുണ്ട്.

വീഞ്ഞുകൾക്കും ലഹരിപാനീയങ്ങൾക്കും അംഗരാജ്യങ്ങളിൽ *പ്രത്യേക സംരക്ഷണം നൽകണമെന്ന് 23-ാമത്തെ ആർട്ടിക്കിൾ അനുശാസി ക്കുന്നതായി* പറഞ്ഞുവല്ലോ. ഇതു പ്രകാരം വീഞ്ഞുകളിന്മേലും ലഹരി പാനീയങ്ങളിന്മേലും 'അതേ പോലുള്ള', 'അതേ സ്റ്റൈലിലുള്ള', 'അതിന്റെ അനുകരണമായ' തുടങ്ങിയ വാക്കുകൾ ഉപയോഗിച്ചുള്ള സൂചകങ്ങളെ അനുവദിക്കാനാവില്ലെന്ന് ട്രിപ്സ് ഉടമ്പടി നിഷ്ക്കർഷിക്കുന്നു. ഉദാഹര ണത്തിന് സ്കോച്ചു വിസ്കിയുടെ സംസ്ക്കരണരീതി ഉപയോഗിച്ച് ഇന്ത്യ യിലുണ്ടാക്കുന്ന വീഞ്ഞിന് 'സ്കോച്ചുപോലുള്ള വിസ്കി' എന്ന വിശേ ഷണം നൽകാനാവില്ല എന്നർത്ഥം. സ്കോച്ച്, കോണ്യാക്, കനേഡിയൻ റൈ വിസ്കി തുടങ്ങിയ ലോകപ്രശസ്തങ്ങളായ മദ്യങ്ങളുടെ അനുകര ണങ്ങളെ *തടയുന്നതിനുള്ള പോംവഴിയാണിത്. എന്നാൽ* ഒട്ടേറെ *അംഗ* രാജ്യങ്ങൾ വീഞ്ഞുകൾക്കുള്ള ഈ പ്രത്യേക സംരക്ഷണാവകാശത്തെ എതിർക്കുകയും എല്ലാ ഭൂപ്രദേശസൂചകങ്ങൾക്കും ഒരേ രീതിയിലുള്ള സംരക്ഷണമാണ് ആവശ്യമെന്ന് ശക്തിയുക്തം വാദിക്കുകയും ചെയ്യുന്നു.

വീഞ്ഞുകൾക്ക് നാനാർത്ഥ ഭൂപ്രദേശസൂചകങ്ങൾ (Homonymous Geographical Indications) *ഉപയോഗിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ* പരിഹരിക്കാൻ വേണ്ട പ്രായോഗിക മാർഗ്ഗങ്ങൾ ഓരോ അംഗരാജ്യവും രൂപീകരിക്കണമെന്നും 23-ാമത്തെ ആർട്ടിക്കിൾ അനുശാസിക്കുന്നു. രണ്ട് രാജ്യങ്ങളിലായി ഒരേ പേരിലുള്ള ഭൂപ്രദേശങ്ങൾ ഉണ്ടായിരിക്കുകയും, അവിടെ നിന്നുള്ള ഉൽപ്പന്നങ്ങൾ ഒരേ പേരിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്യുമ്പോൾ അവയെ നാനാർത്ഥ ഭൂപ്രദേശസുചകങ്ങളായി കണക്കാ ക്കാം. നാനാർത്ഥ ഭൂപ്രദേശസൂചകങ്ങളെ പരസ്പരം തിരിച്ചറിയാനും ഒരേ നാനാർത്ഥ സൂചകങ്ങൾ ഉപയോഗിക്കുന്ന വ്യത്യസ്ഥ ഉൽപ്പന്ന ങ്ങളുടെ ഉൽപ്പാദകരുടെ താൽപ്പര്യങ്ങൾക്ക് ഒരേ പരിഗണന നൽകാനും ഉപഭോക്താക്കൾ *വഞ്ചിതരാകാതിരിക്കാനും* വേണ്ട *പ്രായോഗിക* മാർഗ്ഗങ്ങൾ ഓരോ രാജ്യവും രൂപീകരിക്കേണ്ടതാണ്. ഉദാഹരണത്തിന് 'റിയോജ' എന്ന പേരിൽ സ്പെയിനിലും അർജന്റീനയിലും സ്ഥലങ്ങളു ണ്ട്. രണ്ടിടങ്ങളിൽ നിന്നും പ്രത്യേകതരം വീഞ്ഞുകളും ഉൽപ്പാദിപ്പിക്ക പ്പെടുന്നുണ്ട്. സ്പെയിനിലെ റിയോജ എന്ന സ്ഥലത്തു നിന്നുള്ള വീഞ്ഞ് വളരെയേറെ ഖ്യാതികേട്ടതാണെങ്കിൽ അർജന്റീനയിലെ റിയോ ജയിൽ നിന്നുള്ള വീഞ്ഞ് അത്ര കേൾവികേട്ടിട്ടുള്ളതല്ല. ട്രിപ്സ് ഉടമ്പടി അനുസരിച്ച് ഈ രണ്ടു രാജ്യങ്ങൾക്കും 'റിയോജ' എന്ന വാക്ക് ഭൂപ്ര ദേശസൂചകമായി സ്വീകരിക്കാമെങ്കിലും അവയെ തമ്മിൽ തിരിച്ചറിയാ നുള്ള മാർഗ്ഗങ്ങളെപ്പറ്റി രണ്ടു രാജ്യങ്ങളും ഒരു ധാരണയിൽ എത്തേണ്ട താണ്. ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും പ്രത്യേക ഭൂപ്രദേശങ്ങളിൽ കൃഷി ചെയ്യപ്പെടുന്ന ബസുമതി നെല്ല് നാനാർത്ഥ ഭൂപ്രദേശസുചക ങ്ങൾക്ക് മറ്റൊരുദാഹരണമാണ്.

ട്രിപ്സ് ഉടമ്പടി ഭൂപ്രദേശസൂചക സംരക്ഷണ നിയമങ്ങളിൽ രണ്ടു പ്രധാന ഒഴിവാക്കലുകൾ (exceptions) അനുവദിച്ചിട്ടുണ്ട്. പൊതുനാമമായി (Generic names) ഉപയോഗിച്ചുവരുന്ന ഉൽപ്പന്ന നാമങ്ങൾക്ക് ഭൂപ്രദേശസൂചക നിയമപ്രകാരമുള്ള സംരക്ഷണം ലഭിക്കുകയില്ല. ഉദാഹരണത്തിന് ഷാബ്ലി (Chablis) എന്നത്, ഫ്രാൻസിലെ ഷാബ്ലിയിൽ നിർമ്മിക്കപ്പെടുന്ന സുപ്രസിദ്ധമായ ഒരു വെള്ള വീഞ്ഞാണെങ്കിലും ക്രമേണ ആ പദം അമേരിക്കയിൽ എല്ലാ വെള്ള വീഞ്ഞുകളേയും സൂചിപ്പിക്കുന്ന ഒരു പൊതുനാമമായി മാറുകയുണ്ടായി. അതിനാൽ തന്നെ അമേരിക്കയിൽ ഷാബ്ലി എന്ന വീഞ്ഞിന് ഭൂപ്രദേശസൂചക സംരക്ഷണം ലഭിക്കുകയില്ല. ഇങ്ങിനെ പൊതുനാമമായി മാറുകയും അവ ഭൂപ്രദേശസൂചക സംരക്ഷണ പരിധിക്കു പുറത്താകുകയും ചെയ്യുന്നത് ചില രാജ്യങ്ങളെ വളരെ ദോഷകരമായി ബാധിക്കാറുണ്ട്. ബസുമതി (ബാസ്മതി) എന്ന പദം ഇന്ത്യയിൽ നിന്നുള്ള സുഗന്ധ അരികൾക്കുള്ള പൊതുവായ നാമമാണെന്നും അതിനാൽ അതിനെ ഭൂപ്രദേശസൂചകമായി കണക്കാക്കാനാവില്ല എന്നും അമേരിക്കയിലെ ടെക്സാസ് കമ്പനി വാദിച്ചത് ഇവിടെ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. വളരെ നാളുകളായി ഉപയോഗിച്ചു വരുന്ന ട്രേഡുമാർക്കുകൾക്ക് നൽകുന്ന സംരക്ഷണമാണ് ട്രിപ്സ് ഉടമ്പടിയിലെ രണ്ടാമത്തെ ഒഴിവാക്കലിന്റെ ലക്ഷ്യം. ഒരു രാജ്യം ട്രിപ്സ് ഉടമ്പടിയിൽ അംഗമാകുന്നതിനുമുമ്പോ, അവിടെയുള്ള ഒരു ഉൽപ്പന്നം ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്യുന്നതിനുമുമ്പോ, രജിസ്റ്റർ ചെയ്തു കഴിഞ്ഞ ട്രേഡുമാർക്കുകൾക്ക്, അവ ഉൽപ്പന്നങ്ങളുടെ ഉറവിടത്തെ സൂചിപ്പിക്കുന്നുവെങ്കിൽ കൂടി, ചില പ്രത്യേക പരിരക്ഷകളുണ്ട്. 'ആദ്യം വന്നവന് ആദ്യ അവകാശം' (first-in-time-first-in-right) എന്ന തത്വമാണ് ഈ സംരക്ഷണത്തിന്റെ അടിസ്ഥാനം.

## ഭൂപ്രദേശസൂചകങ്ങളെ സംരക്ഷിക്കുന്നതെന്തിന്

ഉൽപ്പാദിപ്പിക്കപ്പെടുന്ന രാജ്യത്തെ അല്ലെങ്കിൽ പ്രദേശത്തെ പ്രകൃതി, കാലാവസ്ഥ, ഉൽപ്പാദന പ്രക്രിയയിൽ പങ്കെടുക്കുന്ന മനുഷ്യരുടെ കരവിരുതുകൾ, പ്രത്യേക സംസ്ക്കരണ രീതികൾ, കൃഷിരീതികൾ എന്നിവയുമായി ബന്ധപ്പെട്ട് ഗുണമേന്മയോ സവിശേഷതകളോ ഖ്യാതിയോ മറ്റു പ്രത്യേകതകളോ കൈവരുന്നതും, ഒരു പ്രത്യേക പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നതും അഥവാ ഉത്ഭവിക്കുന്നതുമായ ഉൽപ്പന്നങ്ങളേയും പ്രകൃതി വിഭവങ്ങളേയും തിരിച്ചറിയാൻ സഹായിക്കുന്ന സൂചകങ്ങളാണ് ഭൂപ്രദേശസൂചകങ്ങൾ എന്നു പറഞ്ഞുവല്ലോ.

ഫ്രാൻസിൽ നിന്നുള്ള 'ഷാംപെയ്ൻ' എന്ന സുപ്രസിദ്ധമായ വീഞ്ഞിനെപ്പറ്റി കേൾക്കാത്തവർ ചുരുക്കം. ഷാംപെയ്ൻ എന്ന ജില്ലയിൽ നിർമ്മിക്കപ്പെടുന്ന വീഞ്ഞാണിത് എന്നതിനാൽ ഷാംപെയ്ൻ ഒരു ഭൂപ്ര

ദേശസൂചകമാണ്. ഷാംപെയ്ൻ ജില്ലയിൽ കൃഷിചെയ്തെടുക്കുന്ന മുന്തിരി മാത്രമാണ് ഈ വീഞ്ഞിന്റെ നിർമ്മിതിക്കായി ഉപയോഗിക്കുന്നത്; അതും പ്രത്യേക സംസ്ക്കരണ രീതികളിലൂടെയും. പാരിസിനടുത്തുള്ള റെയം, എപർണെ എന്നീ സ്ഥലങ്ങളിലാണ് ഷാംപെയ്ൻ മുന്തിരി തോട്ടങ്ങൾ സ്ഥിതി ചെയ്യുന്നത്. ഈ തോട്ടങ്ങളിലെ മണ്ണും കാലാവസ്ഥയും പ്രത്യേക സംസ്ക്കരണരീതികളും കൃഷിരീതികളുമെല്ലാം ഷാംപെയ്ൻ വീഞ്ഞിന്റെ ഗുണമേന്മയിൽ പങ്കുവഹിക്കുന്നു എന്നാണ് യൂറോപ്യൻ ജനത വാദിക്കുന്നത്. ഇങ്ങനെ ഭൂപ്രദേശവുമായുള്ള ബന്ധം മൂലം പ്രത്യേക ഗുണമേന്മ കൈവരുന്ന ഉൽപ്പന്നങ്ങൾക്ക് ലോക വ്യാപാര രംഗത്ത് ഏറെ പ്രിയവും ഖ്യാതിയുമുണ്ട്. ഇവയുടെ ഗുണമേന്മ നൂറ്റാണ്ടുകളായി നിലനിൽക്കുകയും നിർമ്മാണ രഹസ്യങ്ങൾ തലമുറകളിൽ നിന്നു തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നു. ഉൽപ്പന്നങ്ങളുടെ സവിശേഷതകൾ മൂലമുള്ള ഖ്യാതി നിലനിർത്താനും ലോക വ്യാപാരരംഗത്ത് അവയുടെ വ്യാപാരം മെച്ചപ്പെടുത്താനും മറ്റുള്ളവർ ഈ ഖ്യാതിയെ ചൂഷണം ചെയ്യുന്നത് തടയുവാനുമായിട്ടാണ് അംഗരാജ്യങ്ങളിൽ നിയമങ്ങൾ നടപ്പിലാക്കണമെന്ന് ലോക വ്യാപാര സംഘടന അനുശാസിച്ചിരിക്കുന്നത്.

ഭൂപ്രദേശസൂചകങ്ങൾക്ക് താഴെ പറയുന്ന വിധത്തിലുള്ള പ്രാധാന്യമുണ്ട്.

* ഭൂപ്രദേശസൂചകങ്ങൾ ഉൽപ്പന്നം നിർമ്മിക്കപ്പെടുന്ന/ഉത്ഭവമെടുക്കുന്ന ഭൂപ്രദേശത്തെ/രാജ്യത്തെ സൂചിപ്പിക്കുന്നു.
* ഇത്തരം സൂചകങ്ങൾ ഉൽപ്പന്നത്തിന്റെ ഗുണമേന്മയെ സൂചിപ്പിക്കുന്നു. അഥവാ ഉപഭോക്താവിന് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള മുദ്രയായി ഇത്തരം സൂചകങ്ങൾ വർത്തിക്കുന്നു.
* ഭൂപ്രദേശസൂചകങ്ങൾ ഒരു പ്രദേശത്തുനിന്നുള്ള തനതായ ഉൽപ്പന്നങ്ങളുടെ വ്യാപാരത്തെ പരിപോഷിപ്പിക്കുകയും അതുവഴി നിർമ്മാതാക്കൾക്ക് സാമ്പത്തിക മേന്മ നൽകുകയും ചെയ്യുന്നു.
* ഭൂപ്രദേശസൂചകങ്ങൾക്കു ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾക്കു കീഴിൽ സംരക്ഷണം ലഭിക്കുന്നു.

ഭൂപ്രദേശസൂചകങ്ങൾ ഒരു സമൂഹത്തിന്റെ അല്ലെങ്കിൽ ഒരു സമുദായത്തിന്റെ ബൗദ്ധികസ്വത്താണ്. അതൊരിക്കലും ഒരു വ്യക്തിയുടെ സ്വകാര്യസ്വത്തല്ല. നമുക്ക് ഏറെ പരിചയമുള്ള ട്രേഡ്മാർക്കുകൾ ഒരു വ്യക്തിയുടെ അല്ലെങ്കിൽ സംരംഭകന്റെ സ്വകാര്യസ്വത്താണെങ്കിൽ ഭൂപ്രദേശസൂചകങ്ങൾ ഒരു പ്രത്യേക രാജ്യത്ത് അല്ലെങ്കിൽ ഭൂപ്രദേശത്ത് ഒരേ രീതിയിൽ വർത്തിക്കുന്ന സംരംഭകരുടേയെല്ലാം പൊതുസ്വത്താണ്. ഭൂപ്ര

ദേശസൂചകങ്ങളെ നിയമപരമായി രജിസ്റ്റർ ചെയ്താൽ മാത്രമെ അവയ്ക്ക് സംരക്ഷണം ലഭിക്കുകയുള്ളൂ. എങ്കിൽ മാത്രമെ ഭൂപ്രദേശസൂചകങ്ങളെ ദുരുപയോഗം ചെയ്യുന്നവരെ നിയമപരമായി നേരിടാൻ കഴിയുകയുള്ളൂ. സൂചകത്തിന് വിവിധരാജ്യങ്ങളിൽ സംരക്ഷണം ആഗ്രഹിക്കുന്നെങ്കിൽ ആദ്യം ഉൽപ്പന്നം നിർമ്മിക്കുന്ന രാജ്യത്ത് രജിസ്റ്റർ ചെയ്തിരിക്കണം. ഇങ്ങിനെ മാതൃരാജ്യത്തിൽ നിയമപരമായി സംരക്ഷണം നേടിയിട്ടില്ലാത്ത ഉൽപ്പന്നങ്ങൾക്കു മറ്റു രാജ്യങ്ങളിൽ സംരക്ഷണത്തിന് അവകാശമില്ല.

ഇന്ത്യയിൽ ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്യപ്പെട്ട ആദ്യ ഉൽപ്പന്നമാണ് ഡാർജിലിങ് തേയില. ഇന്ത്യയിലെ ഡാർജിലിങ്ങിൽ കൃഷിചെയ്യപ്പെടുന്ന പ്രത്യേകതരം തേയില സവിശേഷ രീതിയിൽ സംസ്ക്കരിച്ചെടുക്കുമ്പോഴാണ് ഡാർജിലിങ് തേയിലയെന്ന കാർഷിക ഉൾപ്പന്നം ഉടലെടുക്കുന്നത്. ഈ തേയിലക്ക് അന്താരാഷ്ട്ര വിപണിയിൽ ഏറെ പ്രിയമുണ്ട്; അതിനനുസരിച്ച് മുന്തിയ വിലയും. എന്നാൽ ഈ പ്രിയത്തെയും മുന്തിയ വിലയെയും മുതലെടുക്കാനായി ഇന്ത്യക്കു പുറത്തു ഉൽപ്പാദിപ്പിക്കപ്പെടുന്ന തേയില പോലും 'ഡാർജിലിങ് തേയില' എന്ന പേരിൽ അന്താരാഷ്ട്ര വിപണിയിലെത്താൻ തുടങ്ങി. ഇന്ത്യയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മൊത്തം ഡാർജിലിങ് തേയിലയുടെ അളവിനേക്കാൾ മൂന്നുമടങ്ങ് അധികം ഡാർജിലിങ് തേയില അന്താരാഷ്ട്രവിപണിയിൽ വിറ്റഴിയുന്നു എന്ന കണക്കിൽ നിന്നു തന്നെ വ്യാജരൂപങ്ങളുടെ വ്യാപ്തി മനസ്സിലാക്കാം. ഇങ്ങനെ ഡാർജിലിങ് തേയിലയുടെ വിപണി വ്യാജന്മാർ കയ്യടക്കിയപ്പോൾ പ്രശ്നങ്ങൾ പലതായി. ഒന്നാമത് ഡാർജിലിങ് തേയിലയുടെ യഥാർത്ഥ ഗുണമേന്മ ഉപഭോക്താക്കൾക്ക് ലഭിക്കാതായി. ഗുണമേന്മ കുറഞ്ഞ തേയിലക്ക് ഡാർജിലിങ് തേയിലയുടെ ഉയർന്ന വിലകൊടുത്ത് വാങ്ങേണ്ടിവന്ന ഉപഭോക്താക്കൾ വഞ്ചിതരായി. ഉപഭോക്താക്കൾ ഇങ്ങനെ വഞ്ചിതരായപ്പോൾ യഥാർത്ഥ ഉൽപ്പാദകരും വഞ്ചിക്കപ്പെടുകയായിരുന്നു. യഥാർത്ഥ ഡാർജിലിങ് തേയില വിറ്റുപോകാതിരിക്കുകയും വ്യാജ ഡാർജിലിങ് തേയിലക്കാർ ലാഭം കൊയ്തെടുക്കുകയും ചെയ്തു. ഖ്യാതികേട്ട ഉൽപ്പന്നങ്ങളുടെ ഇത്തരം ദുർഗതിയെ ചെറുക്കുവാനായാണ് ലോക വ്യാപാര സംഘടന അനുശാസിക്കുന്ന വിധത്തിൽ ഇന്ത്യയിലും ഭൂപ്രദേശസൂചക സംരക്ഷണനിയമം കൊണ്ടുവന്നതും ഡാർജിലിങ് തേയില പോലുള്ള ഉൽപ്പന്നങ്ങൾ രജിസ്റ്റർ ചെയ്തതും.

# 3. ഭൂപ്രദേശസൂചകങ്ങളുടെ സംരക്ഷണത്തിനായുള്ള ഇന്ത്യൻ നിയമം

ഇന്ത്യയിലെ ഒരു പ്രത്യേക ഭൂവിഭാഗത്തിൽ നിന്നുള്ള കാർഷിക - വ്യാവസായിക-കരകൗശല -ഭക്ഷ്യ ഉൽപ്പന്നങ്ങളേയും പ്രകൃതിവിഭവങ്ങളേയും ഭൂപ്രദേശസൂചകങ്ങളായി രജിസ്റ്റർ ചെയ്യുവാനും സംരക്ഷിക്കുവാനുമുള്ള നിയമം 1999 ഡിസംബറിലാണ് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയത്. ദി ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻസ് ഓഫ് ഗുഡ്സ് (രജിസ്ട്രേഷൻ ആന്റ് പ്രൊട്ടക്ഷൻ) ആക്ട് [The Geographical Indications of Goods (Registration and Protection) Act], 1999 എന്ന ഈ ആക്ടിന്റെ നിയമാവലി 2002-ൽ നിലവിൽ വരികയും, 2003 സെപ്തംബർ 15-ാം തിയ്യതി മുതൽ നടപ്പിലാവുകയും ചെയ്തു. ഈ നിയമത്തിനു കീഴിൽ ഉൽപ്പന്നങ്ങളുടെ ഭൂപ്രദേശസൂചകങ്ങളെ രജിസ്റ്റർ ചെയ്യുമ്പോഴാണ് അവയ്ക്ക് ഇന്ത്യയിൽ നിയമപരിരക്ഷ ലഭിക്കുന്നത്. രജിസ്റ്റർ ചെയ്യാത്ത ഉൽപ്പന്നങ്ങൾക്ക് അവ ഭൂപ്രദേശസൂചകങ്ങളാണെങ്കിൽ പോലും നിയമപരമായ സംരക്ഷണമില്ല എന്നത് പ്രത്യേകമോർക്കണം. ഇന്ത്യയിൽ സംരക്ഷിക്കപ്പെടാത്ത സൂചകങ്ങൾക്ക് മറ്റു രാജ്യങ്ങളിൽ സംരക്ഷണം നേടാനുമാകില്ല.

ഭൂപ്രദേശസൂചകങ്ങൾ രജിസ്റ്റർ ചെയ്യുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്നു നോക്കാം. നേരത്തെ സൂചിപ്പിച്ചതുപോലെ തനതായ ഇന്ത്യൻ ഉൽപ്പന്നനാമങ്ങൾക്ക് നിയമപരിരക്ഷ ലഭിക്കുന്നു. രജിസ്റ്റർ ചെയ്ത ഒരു ഭൂപ്രദേശസൂചകം മറ്റാരെങ്കിലും അനധികൃതമായി ഉപയോഗിക്കുന്നത് തടയാനാകുന്നു. രജിസ്റ്റർ ചെയ്ത ഉൽപ്പന്നങ്ങളുടെ ഗുണമേന്മ പ്രത്യേകം നിഷ്കർഷിക്കുന്നതുകൊണ്ട് വ്യാപാരം മെച്ചപ്പെടുന്നു. ഉൽപ്പാദകന് സാമ്പത്തികാഭിവൃദ്ധിയും ഉപഭോക്താവിന് ഉയർന്ന ഗുണമേന്മയും ലഭിക്കുന്നു.

### ഭൂപ്രദേശസൂചക സംരക്ഷണത്തിനായുള്ള ഔദ്യോഗിക സംവിധാനം

ബൗദ്ധിക സ്വത്തവകാശ സംരക്ഷണ നിയമങ്ങൾക്കു കീഴിലാണ് ഭൂപ്രദേശസൂചക സംരക്ഷണം ഉൾപ്പെടുന്നതെന്ന് പറഞ്ഞുവല്ലോ. ഇന്ത്യയിൽ പേറ്റന്റുകൾ, ഡിസൈനുകൾ, ട്രേഡുമാർക്കുകൾ എന്നിവയുടെ കൺട്രോളർ ജനറൽ ആണ് ഭൂപ്രദേശസൂചകങ്ങളുടെ രജിസ്ട്രാർ. തമിഴ്നാട്ടിലെ ചെന്നൈയിലാണ് ഭൂപ്രദേശസൂചക രജിസ്ട്രി പ്രവർത്തി

ക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഭൂപ്രദേശ സൂചകങ്ങൾ ഈ ഓഫീസിലാണ് രജിസ്റ്റർ ചെയ്യുന്നത്. ഇന്ത്യയിൽ നിയമപരമായി രജിസ്റ്റർ ചെയ്യുന്ന എല്ലാ ഭൂപ്രദേശസൂചകങ്ങളുടേയും പേരുകളും അവയെ സംബന്ധിച്ച പ്രധാന വിവരണങ്ങളും വിവരങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. ഈ 'ഭൂപ്രദേശസൂചക രജിസ്റ്റർ' ചെന്നൈയിലെ രജിസ്ട്രി ഓഫീസിൽ സൂക്ഷിച്ചിരിക്കും. ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉൽപ്പന്നങ്ങൾക്കുമാത്രമെ ഇന്ത്യയിൽ ഭൂപ്രദേശ സൂചക സംരക്ഷണ നിയമപ്രകാരമുള്ള അവകാശങ്ങൾ ലഭിക്കുകയുള്ളു. രജിസ്റ്റർ ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഉടമസ്ഥന്റെ (Proprietor) പേര്, മേൽവിലാസം, മറ്റു വിവരങ്ങൾ എന്നിവയും ഭൂപ്രദേശസൂചകം ഉപയോഗിക്കാൻ അധികാരമുള്ള അംഗീകൃത പ്രയോജകന്റെ (Authorised user) പേര്, മേൽവിലാസം, മറ്റു വിവരങ്ങൾ എന്നിവയും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണ്. ഈ രജിസ്റ്ററിന് 'എ', 'ബി' എന്നീ രണ്ടു ഭാഗങ്ങളുണ്ട്. സൂചകങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ 'എ' ഭാഗത്തിലും അംഗീകൃത പ്രയോജകനെ സംബന്ധിച്ച വിവരങ്ങൾ 'ബി' ഭാഗത്തിലും ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഭൂപ്രദേശസൂചകങ്ങളായി രജിസ്റ്റർ ചെയ്യാവുന്ന ഉൽപ്പന്നങ്ങളെ അന്താരാഷ്ട്ര തലത്തിൽ തന്നെ 34 ക്ലാസ്സുകളായി തിരിച്ചിട്ടുണ്ട്. (അനുബന്ധം-1) ഓരോ ഉൽപ്പന്നത്തേയും അനുയോജ്യമായ ക്ലാസ്സിൽപ്പെടുത്തിയാണ് രജിസ്റ്റർ ചെയ്യുന്നത്. ഉദാഹരണത്തിന് ചായ, കാപ്പി, കൊക്കോ, പഞ്ചസാര തുടങ്ങിയ ഉൽപ്പന്നങ്ങളെ ക്ലാസ്-30 ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ നിയമത്തിനു കീഴിൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യാൻ അനുവാദമില്ലാത്ത സൂചകങ്ങൾ താഴെ പറയുന്നവയാണ്.

* തെറ്റിദ്ധാരണയും അവ്യക്തതയും ഉളവാക്കുവാൻ സാധ്യതയുള്ള സൂചകങ്ങൾ
* ഇന്ത്യയിൽ നിലനിൽക്കുന്ന നിയമങ്ങൾക്കെതിരെയുള്ള സൂചകങ്ങൾ
* അപകീർത്തികരമായതോ/അസഭ്യമായതോ ആയ വസ്തുതകൾ അടങ്ങിയിരിക്കുന്ന സൂചകങ്ങൾ
* ഭാരതീയ പൗരന്മാരുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന രീതിയിലുള്ള സൂചകങ്ങൾ
* സംരക്ഷണം നൽകരുതെന്നു കോടതി നിർദ്ദേശിച്ചിട്ടുള്ള സൂചകങ്ങൾ
* ഉൽപ്പന്നം ഉത്ഭവിച്ചിരിക്കുന്ന രാജ്യത്ത് പൊതുനാമം ആയി മാറിയ സൂചകങ്ങൾ
* ഒരു പ്രത്യേക ഭൂപ്രദേശത്ത് ഉത്ഭവിക്കുന്നുവെന്ന് വാച്യാർത്ഥത്തിൽ സൂചന നൽകുന്നുവെങ്കിലും മറ്റൊരു രാജ്യത്ത്/ഭൂപ്രദേശത്ത് ഉത്ഭവിക്കുന്നുവെന്ന് തെറ്റായ ധാരണ നൽകുന്ന വിധത്തിലുള്ള സൂചകങ്ങൾ.

മേൽപ്പറഞ്ഞ തരത്തിലുള്ള സൂചകങ്ങളെ ഇന്ത്യയിൽ ഭൂപ്രദേശ സൂചകങ്ങളായി രജിസ്റ്റർ ചെയ്യുവാൻ സമ്മതിക്കുകയില്ല. ഹോമോണിമസ് അഥവാ നാനാർത്ഥ ഭൂപ്രദേശസൂചകങ്ങളെ (നാനാർത്ഥ ഭൂപ്രദേശ സൂചകങ്ങളെപ്പറ്റി രണ്ടാം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്) എങ്ങിനെ രജിസ്റ്റർ ചെയ്യാമെന്നും ആക്ടിൽ എടുത്തു പറയുന്നു. ഒരേ വാക്കുകൾ അടങ്ങുന്ന സൂചകങ്ങൾ ചിലപ്പോൾ രണ്ടു വ്യത്യസ്ത ഭൂപ്രദേശങ്ങളിൽ നിന്ന് ഉത്ഭവിക്കുന്നവയാകാം. ഇവയുടെ ഗുണമേന്മയും വ്യത്യസ്തമാകാം. ഇവയെ ആണ് നാനാർത്ഥ ഭൂപ്രദേശസൂചകങ്ങൾ എന്നു പറയുന്നത്. ഇത്തരം സാഹചര്യത്തിൽ ഒരു സൂചകത്തെ മറ്റൊരു സൂചകത്തിൽ നിന്ന് തിരിച്ചറിയുവാനും രണ്ടു ഉൽപ്പന്നങ്ങളുടേയും ഉൽപ്പാദകർക്ക് തുല്യമായ പരിഗണന നൽകാനും ഉപഭോക്താക്കൾ വഞ്ചിതരാകാതിരിക്കാനും വേണ്ടതായ പ്രായോഗിക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി, ഉൽപ്പന്നങ്ങളെ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കേണ്ടതാണ്.

## ഭൂപ്രദേശസൂചകം രജിസ്റ്റർ ചെയ്യുന്ന വിധവും തുടർനടപടികളും

ഭൂപ്രദേശസൂചകങ്ങളെ ആർക്കെല്ലാം രജിസ്റ്റർ ചെയ്യാം എന്നത് ആക്ടിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. വ്യക്തികളോ ഉൽപ്പാദകരോ ഒത്തുചേർന്ന് നിയമാനുസൃതം രൂപീകരിക്കുന്ന കൂട്ടായ്മകൾ, ഏതെങ്കിലും നിയമത്തിനാലോ, നിയമത്തിൻ കീഴിലോ സ്ഥാപിക്കപ്പെട്ടിട്ടുള്ള സംഘടനകൾ, അതോറിറ്റികൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് രജിസ്ട്രേഷന് അപേക്ഷിക്കാം. ഉൽപ്പാദകന്റെ താൽപ്പര്യങ്ങളെ സംരക്ഷിക്കുകയോ പ്രതിനിധീകരിക്കുകയോ ചെയ്യുന്ന ആളായിരിക്കണം അപേക്ഷകൻ. ഒരു ഭൂപ്രദേശസൂചകത്തെ രജിസ്റ്റർ ചെയ്യുവാൻ താൽപ്പര്യപ്പെടുന്ന അപേക്ഷകൻ, നിർദ്ദിഷ്ട അപേക്ഷാ പത്രിക പൂരിപ്പിച്ച് ഫീസ് (5000 രൂപ) സഹിതം, ചെന്നൈയിലെ ഭൂപ്രദേശസൂചക രജിസ്ട്രാർക്ക് (മേൽവിലാസം അനുബന്ധം – 2 ആയി നൽകിയിരിക്കുന്നു) സമർപ്പിക്കണം. ഈ അപേക്ഷാപത്രികയിൽ താഴെപറയുന്ന വിവരങ്ങൾ നൽകേണ്ടതാണ്.

* അപേക്ഷകന്റെ പേര്
* അപേക്ഷകന്റെ മേൽവിലാസം
* ഭൂപ്രദേശസൂചകം രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെ അല്ലെങ്കിൽ ഉൽപ്പാദകരുടെ കൂട്ടായ്മകൾ, സംഘടനകൾ, അതോറിറ്റികൾ എന്നിവയുടെ പട്ടിക
* ഉൽപ്പന്നത്തിന്റെ ക്ലാസ്സ് (വർഗ്ഗം)
* ഉൽപ്പന്നത്തെക്കുറിച്ചുള്ള വിവരണം
* ഉൽപ്പാദനം നടക്കുന്ന പ്രദേശത്തിന്റെ വിവരണവും അതിന്റെ സാക്ഷ്യപ്പെടുത്തിയ ഭൂപടവും.

* ഉൽപ്പന്നം ഒരു പ്രത്യേക ഭൂപ്രദേശത്ത് പരമ്പരാഗതമായി ഉൽപ്പാദിപ്പിക്കപ്പെടുന്നു/ഉത്ഭവിക്കുന്നു എന്നു തെളിയിക്കാനുള്ള ചരിത്രപരമായ തെളിവുകൾ
* ഉൽപ്പാദനരീതികൾ
* ഉൽപ്പന്നത്തിന്റെ തനതായ സവിശേഷതകളും പ്രത്യേകതകളും
* ഉൽപ്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താനുള്ള പരിശോധനാ സംവിധാനം

മേൽപ്പറഞ്ഞ വിവരങ്ങളോടൊപ്പം താഴെപ്പറയുന്ന വസ്തുതകൾ ഉൾക്കൊള്ളുന്ന പ്രസ്താവനകളും ആവശ്യമാണ്.

* ഒരു ഉൽപ്പന്നത്തിന്റേതായി രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന ഭൂപ്രദേശ സൂചകം, ആ ഉൽപ്പന്നം ഒരു പ്രത്യേക ഭൂപ്രദേശത്ത് നിന്ന് ഉത്ഭവിക്കുന്നു എന്ന് സൂചിപ്പിക്കുന്നതെങ്ങിനെയെന്നും, അതിന്റെ ഗുണമേന്മകളും പ്രത്യേകതകളും തന്മൂലമുള്ള കീർത്തിയും, ആ ഭൂപ്രദേശത്തുള്ള പരിസ്ഥിതിയോടും പ്രകൃതിയോടും മനുഷ്യഘടകങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നതെങ്ങിനെയെന്നും, ഉൽപ്പന്നത്തിന്റെ ഉൽപ്പാദനമോ സംസ്ക്കരണമോ അല്ലെങ്കിൽ തയ്യാറാക്കലോ ഭൂപ്രദേശസൂചകം സൂചന നൽകുന്ന പ്രദേശത്തുതന്നെ നടക്കുന്നതാണെന്നും ഉള്ള പ്രസ്താവനകൾ.
* വാക്കുകളോ ചിഹ്നങ്ങളോ രണ്ടും ചേർന്നതോ ആയ രൂപത്തിലുള്ള സൂചക ആകൃതി അഥവാ മുദ്ര (ഭൂമിശാസ്ത്രസൂചകമുദ്രയിൽ നിന്നും അതിന്റെ ഉറവിടത്തെ പറ്റി ഒരു ധാരണ ഉപഭോക്താവിന് ലഭിക്കുകയെന്നതാണ് ഉദ്ദേശ്യം).
* ഭൂപ്രദേശ സൂചകം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം ആ ഉൽപ്പന്നത്തിന്റെ ഉൽപ്പാദകരായി ആദ്യമേ രജിസ്റ്റർ ചെയ്യപ്പെടാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെ വിവരങ്ങളും, ഭൂപ്രദേശ സൂചകം ആയ ഉൽപ്പന്നം നിർമ്മിക്കുന്ന എല്ലാ ഉൽപ്പാദകരേയും ഉൾക്കൊള്ളിക്കാൻ ഉതകുന്ന മൊത്തത്തിലുള്ള ഒരു സൂചികയും.
* ഉൽപ്പന്നത്തിന്റെ ഉൽപ്പാദകരുടെ/നിർമ്മാതാക്കളുടെ നിയമപരമായ കൂട്ടായ്മയുടെയോ സംഘടനയുടേയോ താൽപ്പര്യം, അപേക്ഷകൻ എങ്ങിനെ സംരക്ഷിക്കുന്നു എന്ന സത്യവാങ്മൂലം.
* ഒരു പ്രത്യേക ഭൂപ്രദേശത്ത് ഉൽപ്പാദിപ്പിക്കുകയോ നിർമ്മിക്കുകയോ ഉത്ഭവിക്കുകയോ ചെയ്യുന്നതുമൂലം ഉൽപ്പന്നത്തിനു കൈവരുന്ന പ്രശസ്തിയും സവിശേഷതകളും അടിസ്ഥാനയോഗ്യതകളും വിവരിക്കുന്ന പ്രസ്താവന.
* ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്യുന്ന ഉൽപ്പന്നത്തിന്റെ ഉൽപ്പാദകർ നിഷ്ക്കർഷിക്കുന്നതും നിലനിർത്തുന്നതുമായ ഗുണങ്ങളും സവിശേഷതകളും മൂല്യങ്ങളും മറ്റു സ്വഭാവ വിശേഷങ്ങളും സ്ഥിരമായും കുറവുവരാതെയും നിലനിർത്താനാവശ്യമായ സംവിധാനം.

* ഉൽപ്പന്നത്തോടു ബന്ധപ്പെട്ട ഭൂപ്രദേശത്തിലെ പരിസ്ഥിതിയുടെ പ്രത്യേകതകൾ, സവിശേഷമായ കാലാവസ്ഥ, ഉൽപ്പാദകരുടെ പ്രത്യേകമായ കരവിരുതുകൾ തുടങ്ങിയവ.
* അപേക്ഷാപത്രികയിൽ പറഞ്ഞിരിക്കുന്ന വ്യക്തികളുടെ കൂട്ടായ്മകൾ, സംഘടനകൾ, അതോറിറ്റികൾ എന്നിവയുടെ പേരും മേൽവിലാസവും.
* അപേക്ഷയിൽ പറഞ്ഞിരിക്കുന്ന പ്രത്യേക ഭൂവിഭാഗത്തിൽ മാത്രമെ ഭൂപ്രദേശസൂചകത്തിന്റെ ഉൽപ്പാദനം നടക്കുന്നുള്ളു എന്ന് ഉറപ്പു വരുത്താനുള്ള പരിശോധനാ സംവിധാനത്തിന്റെ വിവരങ്ങൾ.
* ഒരു ഉൽപ്പന്നം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള അതേ പേരിൽ വീണ്ടുമൊരു നാനാർത്ഥ ഭൂപ്രദേശസൂചകം രജിസ്റ്റർ ചെയ്യേണ്ടിവരുമ്പോൾ അവയെ തമ്മിൽ തിരിച്ചറിയാനും ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാനും തെറ്റിദ്ധരിക്കപ്പെടാതിരിക്കാനും വേണ്ടി അപേക്ഷകൻ സ്വീകരിക്കുന്ന മുൻകരുതലുകളുടെ വിവരണങ്ങൾ.

മേൽപ്പറഞ്ഞ വിവരങ്ങൾ ചേർത്തിട്ടുള്ള അപേക്ഷ ചെന്നൈയിലെ ഭൂപ്രദേശസൂചക രജിസ്ട്രി ഓഫീസിലാണ് സമർപ്പിക്കേണ്ടത്. സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്ക് ഒരു നമ്പർ നൽകി ആ നമ്പർ അപേക്ഷകനെ അറിയിക്കും. ഇത്തരം അപേക്ഷകൾ തിരസ്ക്കരിക്കാനോ സ്വീകരിക്കാനോ അല്ലെങ്കിൽ ആവശ്യമായ ഭേദഗതികളോടെ സ്വീകരിക്കാനോ രജിസ്ട്രാർക്ക് അധികാരമുണ്ട്. കൂടുതലായി ആവശ്യം വരുന്ന വിവരങ്ങൾ രജിസ്ട്രാർ ആവശ്യപ്പെടുമ്പോൾ അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സ്വീകരിച്ചു കഴിഞ്ഞാൽ അപേക്ഷയിലുള്ള വിവരങ്ങൾ ഭൂപ്രദേശസൂചക ജേർണലിൽ പ്രസിദ്ധീകരിക്കുന്നതാണ്. എതിർപ്പുകളുണ്ടെങ്കിൽ അറിയിക്കുന്നതിനുവേണ്ടിയാണ് ഇത്. ഒരിക്കൽ പ്രസിദ്ധീകരിച്ച അപേക്ഷകളിൽ തെറ്റുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ തിരുത്തിയ ശേഷം പുനഃപ്രസിദ്ധീകരിക്കുന്നതിനും വ്യവസ്ഥ ഉണ്ട്.

ഭൂപ്രദേശസൂചകങ്ങളുടെ രജിസ്ട്രേഷനുവേണ്ടി നൽകിയിരിക്കുന്ന അപേക്ഷയിലെ വിവരങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ, അതിന്മേൽ ആർക്കെങ്കിലും എതിർപ്പുകളുണ്ടെങ്കിൽ മൂന്നു മാസത്തിനകം അത് രജിസ്ട്രാറെ അറിയിക്കണം. നിശ്ചിത ഫീസ് (1000 രൂപ) അടച്ച് നിർദ്ദിഷ്ട പത്രികയിലാണ് എതിർപ്പുകൾ അറിയിക്കേണ്ടത്. ഇപ്രകാരം ആരെങ്കിലും എതിർപ്പുകൾ സമർപ്പിക്കുകയാണെങ്കിൽ, അവയെ, അത് സൂചകം രജിസ്റ്റർ ചെയ്യുവാൻ അപേക്ഷ നൽകിയിരിക്കുന്ന അപേക്ഷകനെ അറിയിക്കുന്നു. എതിർപ്പുകൾക്കും ആരോപണങ്ങൾക്കുമെതിരെ അപേക്ഷകനു ബോധിപ്പിക്കാനുള്ള വിവരങ്ങൾ നിശ്ചിത പത്രികയിൽ തന്നെ രജിസ്ട്രാർക്കു നൽകേണ്ടതാണ്. ഇങ്ങനെ എതിർപ്പുകൾക്കും ആരോപണ

ങ്ങൾക്കുമെതിരെ മറുപടി നൽകുന്നില്ലെങ്കിൽ ആദ്യം സമർപ്പിച്ച അപേക്ഷ അസാധുവാകുന്നതാണ്.

പരിശോധനയിൽ എതിർപ്പുകൾ ഇല്ലാത്ത അപേക്ഷകൾക്കും എതിർപ്പുകൾക്കു സാധുതയില്ല എന്നു തീർച്ചയായ അപേക്ഷകൾക്കും രജിസ്ട്രാർ അംഗീകാരം നൽകി രജിസ്റ്റർ ചെയ്യുന്നു. അപേക്ഷ നൽകിയ തിയ്യതിയാണ് രജിസ്ട്രേഷന്റെ തിയ്യതിയായി അംഗീകരിക്കുന്നത്. തുടർന്ന് ഭൂപ്രദേശസൂചകം രജിസ്റ്റർ ചെയ്തതായ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകുന്നു. അങ്ങിനെ അപേക്ഷകൻ, അംഗീകൃത ഉടമസ്ഥനാകുന്നു. അപേക്ഷ നൽകി കഴിഞ്ഞാൽ സാധാരണ ഗതിയിൽ 12 മാസത്തിനുള്ളിൽ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ കഴിയുന്നില്ലെങ്കിൽ അപേക്ഷ അസാധുവാകാനും സാധ്യതയുണ്ട്.

## അംഗീകൃത പ്രയോജകന്റെ രജിസ്ട്രേഷൻ

ഭൂപ്രദേശസൂചകങ്ങൾ രജിസ്റ്റർ ചെയ്യുന്ന കൂട്ടായ്മകൾ, സംഘടനകൾ, സ്ഥാപനങ്ങൾ, അതോറിറ്റികൾ എന്നിവ ആ സൂചകത്തിന്റെ അംഗീകൃത ഉടമസ്ഥൻ (Proprietor) ആകുന്നു. ഈ ഉടമസ്ഥന്റെ പേരും വിവരങ്ങളും ഭൂപ്രദേശസൂചക രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അതിനുള്ള സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുമെന്ന് സൂചിപ്പിച്ചുവല്ലോ. അതിനുശേഷം സൂചകമായി രജിസ്റ്റർ ചെയ്തിട്ടുള്ള ഉൽപ്പന്നം ഉൽപ്പാദിപ്പിക്കുന്ന വ്യക്തികൾ അതിന്റെ അംഗീകൃത പ്രയോജകരായി (Authorised users) നിയമപരമായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായുള്ള അപേക്ഷയും ഫീസും (500 രൂപ) ഭൂപ്രദേശസൂചക രജിസ്ട്രാർക്കുതന്നെയാണ് സമർപ്പിക്കേണ്ടത്. ഉൽപ്പന്നത്തിന്റെ അംഗീകൃത ഉടമസ്ഥനും പ്രയോജകനാകാൻ താൽപ്പര്യമുള്ള വ്യക്തിയും ഒത്തു ചേർന്ന് നൽകുന്ന മേൽപ്പറഞ്ഞ അപേക്ഷയോടൊപ്പം സൂചകത്തിന്റെ ഉടമസ്ഥൻ പ്രയോജകനു നൽകുന്ന ഒരു സമ്മതപത്രവും ഉണ്ടായിരിക്കണം. ഇങ്ങിനെയുള്ള സമ്മതപത്രം അപേക്ഷയോടൊപ്പം നൽകിയിട്ടില്ലെങ്കിൽ അപേക്ഷയുടെ വിവരങ്ങൾ, രജിസ്ട്രാർ, സൂചകത്തിന്റെ അംഗീകൃത ഉടമസ്ഥനെ അറിയിക്കുന്നതാണ്.

ഭൂപ്രദേശസൂചകത്തിന്റെ പ്രയോജകനാകാൻ നൽകിയ അപേക്ഷയുടെ പ്രസിദ്ധീകരണം, പ്രസിദ്ധീകരിച്ച അപേക്ഷയിന്മേലുള്ള എതിർപ്പുകൾ ഉണ്ടെങ്കിൽ അവയുടെ പരിശോധന, അപേക്ഷയിൽ ആവശ്യമായ ഭേദഗതികൾ വരുത്തൽ എന്നീ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം, രജിസ്ട്രാർ, അംഗീകൃത പ്രയോജകനായി അംഗീകരിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഇപ്രകാരമുള്ള സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള വ്യക്തികൾക്കുമാത്രമെ ഭൂപ്രദേശസൂചകം ഉപയോഗിക്കാനുള്ള നിയമപരമായ അവകാശമുള്ളു.

ഭൂപ്രദേശസൂചക സംരക്ഷണത്തിനായി അപേക്ഷ നൽകുന്നതു മുതൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്ന ചാർട്ടിൽ നിന്നും കൂടുതൽ വ്യക്തമാകും.

## ഭൂപ്രദേശസൂചകങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ




(അവലംബം :- ഭൂപ്രദേശസൂചകങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ചെന്നൈയിലെ ഭൂപ്രദേശ സൂചക രജിസ്ട്രി പുറത്തിറക്കിയിരിക്കുന്ന ലഘുലേഖ)

## രജിസ്ട്രേഷൻ കാലാവധി

ഭൂപ്രദേശസൂചകത്തിന്റെ രജിസ്ട്രേഷൻ കാലാവധി 10 വർഷത്തേക്കാണ്. 10 വർഷം കഴിയുമ്പോൾ 3000 രൂപ അടച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പ്രയോജകന്റെ കാലാവധി പത്തു വർഷമോ അല്ലെങ്കിൽ ഭൂപ്രദേശസൂചകത്തിന്റെ രജിസ്ട്രേഷൻ കാലാവധി കഴിയുന്നതുവരേയോ, ഏതാണ് ആദ്യം വരുന്നതെങ്കിൽ അതുവരെ ആണ്. അതിനുശേഷം പ്രയോജകനാകാനുള്ള രജിസ്ട്രേഷൻ 1000 രൂപ അടച്ച് പുതുക്കേണ്ടതാണ്. ഓരോ തവണ പുതുക്കുമ്പോഴും പിന്നീടുള്ള പത്തുവർഷത്തേക്കാണ് രജിസ്ട്രേഷൻ കാലാവധി ലഭിക്കുന്നത്-ഭൂപ്രദേശസൂചകത്തിനും അംഗീകൃത പ്രയോജകനും. നിയമപരമായ ഉടമസ്ഥന്റേയും പ്രയോജകന്റേയും രജിസ്ട്രേഷൻ കാലാവധി തീരുന്നതിനു മുൻപ് തന്നെ ഭൂപ്രദേശസൂചക രജിസ്ടാർ രജിസ്ട്രേഷൻ അവസാനിക്കുന്ന തിയ്യതിയും പുതുക്കാനാവശ്യമായ ഫീസും മറ്റു നടപടി ക്രമങ്ങളും ബന്ധപ്പെട്ടവരെ അറിയിക്കും. രജിസ്ട്രേഷൻ പുതുക്കുന്നില്ലെങ്കിൽ അംഗീകൃത ഉടമസ്ഥന്റേയും പ്രയോജകന്റേയും പേര് ഭൂപ്രദേശസൂചക രജിസ്റ്ററിൽ നിന്നും നീക്കം ചെയ്തുപോകും. രജിസ്ട്രേഷന്റെ സമയപരിധി കഴിഞ്ഞ് ആറ് മാസം കഴിഞ്ഞിട്ടും പുതുക്കാനുള്ള അപേക്ഷ നൽകിയിട്ടില്ലെങ്കിൽ ഇപ്രകാരം രജിസ്റ്ററിൽ നിന്നും നീക്കപ്പെടും. ഇങ്ങനെ രജിസ്ട്രേഷൻ പുതുക്കാതെ ഒരിക്കൽ നീക്കം ചെയ്തുപോയാലും ഒരു വർഷത്തിനുള്ളിൽ വീണ്ടും ഫീസടച്ച് അപേക്ഷ നൽകുകയാണെങ്കിൽ രജിസ്ട്രേഷൻ പുതുക്കാനുള്ള വ്യവസ്ഥയും നിയമത്തിലുണ്ട്.

## ഭൂപ്രദേശസൂചകങ്ങളും ബൗദ്ധികസ്വത്താവകാശവും

രജിസ്റ്റർ ചെയ്യാത്ത ഭൂപ്രദേശസൂചകങ്ങൾക്ക് നിയമപരമായ നിലനിൽപ്പ് ഇല്ല. ഒരു ഭൂപ്രദേശസൂചകത്തിന്മേലുള്ള നിയമപരമായ അവകാശം അത് രജിസ്റ്റർ ചെയ്തിട്ടുള്ള ഉടമസ്ഥനും അതിന്റെ പ്രയോജകരായി രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾക്കുമാണ്. എന്നിരിക്കലും സൂചകം ഉപയോഗിക്കാനുള്ള അവകാശം അതിന്റെ പ്രയോജകരായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് മാത്രമാണ്.

ഭൂപ്രദേശസൂചകങ്ങളുടെ അംഗീകൃത പ്രയോജകരായി രണ്ടോ അതിലധികമോ വ്യക്തികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് ആ സൂചകം ഉപയോഗിക്കാൻ തുല്യാവകാശമാണ് ഉള്ളത്. വ്യത്യസ്ത അവകാശമുള്ള പ്രയോജകരായാണ് രജിസ്റ്റർ ചെയ്യപ്പെടേണ്ടതെങ്കിൽ, അക്കാര്യം ഭൂപ്രദേശസൂചക രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതുണ്ട്. അംഗീകൃത പ്രയോജകനായി രജിസ്റ്റർ ചെയ്യാത്ത ഒരു വ്യക്തി ഭൂപ്രദേശസൂചകം ഉപയോഗിക്കുന്നത് നിയമപരമായി തെറ്റാണ്. രജിസ്റ്റർ



809277

ചെയ്തിട്ടുള്ള ഒരു ഭൂപ്രദേശസൂചകത്തിന്റെ വിൽപ്പനക്ക് ഭീഷണി ഉയർത്തുകയോ ചതിക്കുകയോ ചെയ്യുന്ന വിധത്തിൽ മറ്റൊരു വ്യാജ ഭൂപ്രദേശസൂചകം ഉപയോഗിക്കുന്നതും നിയമപരമായി തെറ്റാണ്. അതു പോലെ തന്നെ ഉൽപ്പന്നം യഥാർത്ഥത്തിൽ നിർമ്മിക്കപ്പെടാത്ത / ഉത്ഭവിക്കാത്ത ഒരു പ്രദേശത്തുനിന്നാണ് അത് ഉൽപ്പാദിപ്പിക്കപ്പെടുന്നത് എന്ന് തെറ്റായ ധാരണ നൽകുന്ന വിധത്തിൽ ഭൂപ്രദേശസൂചകത്തെ ഉപയോഗിക്കുന്നതും നിയമപരമായി തെറ്റാണ്.

ഭൂപ്രദേശസൂചകം വാച്യാർത്ഥത്തിൽ ഒരു ഭൂപ്രദേശത്തെ സൂചിപ്പിക്കുന്നുവെങ്കിലും ഉൽപ്പന്നം യഥാർത്ഥത്തിൽ മറ്റൊരു പ്രദേശത്തുനിന്നാണ് ഉത്ഭവിക്കുന്നത് എങ്കിൽ ആ സൂചകം ഉപയോഗിക്കുന്നത് തെറ്റാണ്. രജിസ്റ്റർ ചെയ്തിട്ടുള്ള സൂചകങ്ങളിന്മേലുള്ള അവകാശം കൈമാറ്റം ചെയ്യാനോ മറ്റൊരാൾക്ക് ഉപയോഗിക്കാൻ ലൈസൻസ് കൊടുക്കാനോ മറ്റൊരാൾക്ക് നൽകാനോ പാടില്ല. അംഗീകൃത പ്രയോജകൻ മരിക്കുകയാണെങ്കിൽ ആ അവകാശം അനന്തരാവകാശിക്ക് ലഭിക്കുന്നതാണ്.

### ഭൂപ്രദേശസൂചകങ്ങളും ട്രേഡുമാർക്കുകളും

ഭൂപ്രദേശസൂചകങ്ങളും ട്രേഡുമാർക്കുകളും പലതരത്തിലും ബന്ധപ്പെടുന്നുണ്ട്. വ്യാപാര മേഖലയിൽ മെച്ചമുണ്ടാകും എന്നതുകൊണ്ട് ചില ഉൽപ്പന്നങ്ങളുടെ ഭൂപ്രദേശസൂചകങ്ങളെ ട്രേഡുമാർക്കുകളായി രജിസ്റ്റർ ചെയ്യുവാനുള്ള പ്രവണതയുണ്ടാകാം. ട്രേഡുമാർക്ക് നിയമമനുസരിച്ച് ഭൂപ്രദേശസൂചന നൽകുന്ന വിധത്തിലോ ഉൽപ്പന്നത്തിന്റെ ഉത്ഭവത്തെപ്പറ്റി തെറ്റിദ്ധാരണ ഉളവാക്കുന്ന വിധത്തിലോ ട്രേഡുമാർക്കുകൾ രജിസ്റ്റർ ചെയ്യുവാൻ സമ്മതിക്കുകയില്ല. എന്നാൽ ഭൂപ്രദേശസൂചക സംരക്ഷണ–രജിസ്ട്രേഷൻ നിയമം നിലവിൽ വരുന്നതിനു മുൻപുതന്നെ ഭൂപ്രദേശസൂചന നൽകുന്ന വിധത്തിലുള്ള ട്രേഡുമാർക്കുകൾ ഉത്തമവിശ്വാസത്തിൽ രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷന് അപേക്ഷിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവയ്ക്ക് നിയമപരമായ നിലനിൽപ്പിന് സാദ്ധ്യതയുണ്ട്. ഭൂപ്രദേശസൂചകനിയമം നിലവിൽ വന്നശേഷമാണെങ്കിലും, ഒരു ഉൽപ്പന്നം ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്യുവാനുള്ള അപേക്ഷ നൽകുന്നതിനു മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഭൂപ്രദേശസൂചകങ്ങൾ ഉൾക്കൊള്ളുന്നതുമായ ട്രേഡുമാർക്കുകൾക്കും നിയമപരമായ സംരക്ഷണവും സാധുതയും ഉണ്ട്. ഒരു പ്രദേശത്ത് പൊതുവായി ഉപയോഗിച്ചുവരുന്ന ഉൽപ്പന്നനാമത്തെ (Generic name) ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്യുവാൻ സാധ്യമല്ല. പൊതുജനത്തിന് തെറ്റിദ്ധാരണയോ സംശയമോ ഉളവാകാത്ത വിധത്തിൽ ഒരു പ്രത്യേക വ്യക്തിയുടെ പേരോ അയാളുടെ മുൻഗാമിയുടെ പേരോ ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്യു

ന്നതിന് തടസ്സമില്ല. നിലവിലുള്ള ഒരു ഭുപ്രദേശസുചകത്തിന്റെ അവകാശങ്ങളിന്മേൽ അതിക്രമിച്ചു കടക്കുന്ന വിധത്തിൽ ഒരു ട്രേഡ്മാർക്ക് വർത്തിക്കുന്നുണ്ടെന്ന് അറിഞ്ഞുകഴിഞ്ഞാൽ അതിനെതിരെ എത്രയും പെട്ടെന്ന് നടപടികളെടുക്കണം. എന്തെന്നാൽ ഭുപ്രദേശസുചകമായി രജിസ്റ്റർ ചെയ്തിട്ടുള്ള ഉൽപ്പന്നത്തിന് ഹാനികരമായ വിധം വർത്തിക്കുന്ന ഒരു ട്രേഡ്മാർക്ക് രജിസ്റ്റർ ചെയ്ത് അഞ്ചു വർഷത്തിലധികമായെങ്കിൽ പിന്നെ അതിനെതിരെ നടപടികളെടുക്കാൻ ബുദ്ധിമുട്ടാണ്.

ഒരു ഭൂപ്രദേശസൂചകം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ പിന്നെ അതിന്റെ ഗുണമേന്മക്ക് പ്രാധാന്യം കൊടുക്കേണ്ടതില്ല എന്ന് കരുതരുത്. ഒരു ഉൽപ്പന്നം രജിസ്റ്റർ ചെയ്യുന്ന സമയത്തെ ഗുണമേന്മാ നിബന്ധനകൾ പൂർണ്ണമായി പാലിക്കുവാൻ അതിന്റെ ഉടമസ്ഥനും പ്രയോജകനും ബാധ്യതയുണ്ട്. ഉൽപ്പന്നത്തിന്റെ ഗുണമേന്മയേയും ഉൽപ്പാദനത്തേയും സംബന്ധിച്ച നിബന്ധനകൾ പാലിക്കപ്പെടുന്നില്ലെങ്കിൽ അക്കാര്യം ഉന്നയിച്ച് ഭൂപ്രദേശസൂചക രജിസ്ട്രാർക്കോ അപ്പല്ലേറ്റ് ബോർഡിനോ പരാതി നൽകാവുന്നതാണ്. ഇത്തരം പരാതികൾ പരിശോധിച്ച ശേഷം സൂചകങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കാനും മാറ്റം വരുത്താനും പ്രയോജകന്റെ രജിസ്ട്രേഷൻ റദ്ദാക്കാനും ഭൂപ്രദേശസൂചക സംരക്ഷണ ആവശ്യത്തിനായി രൂപീകരിക്കുന്ന ട്രിബ്യൂണലിന് അധികാരമുണ്ട്.

ഭൂപ്രദേശസൂചകങ്ങളുടെ രജിസ്റ്ററിൽ യഥാവിധം ചേർക്കപ്പെടാതിരിക്കുകയോ തെറ്റിദ്ധാരണാജനകമായി ചേർക്കപ്പെടുകയോ തെറ്റായി ചേർക്കപ്പെടുകയോ ചെയ്യുന്നതുമൂലം ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ സംഭവിക്കുന്നവർക്ക് അതിനെതിരെ രജിസ്ട്രാർക്കോ അപ്പല്ലേറ്റ് ബോർഡിനോ പരാതി നൽകാവുന്നതാണ്. ഇത്തരം പരാതികളുടെ അടിസ്ഥാനത്തിൽ ഭൂപ്രദേശസൂചക രജിസ്റ്ററിൽ ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ്. മേൽപ്പറഞ്ഞ രീതിയിലുള്ള ഭേദഗതികൾ വരുത്തുന്നതിനുമുമ്പ് അവ ഭുപ്രദേശസുചകങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളെ/കൂട്ടായ്മകളെ അറിയിക്കുകയും അവരുടെ അഭിപ്രായങ്ങൾ അല്ലെങ്കിൽ വാദഗതികൾ കൂടി കണക്കിലെടുക്കുകയും ചെയ്യേണ്ടതുണ്ട്. ഭുപ്രദേശസുചകങ്ങൾ ഒരിക്കൽ രജിസ്റ്റർ ചെയ്ത ശേഷവും, ആ ഉൽപ്പന്നത്തെ തിരിച്ചറിയുന്നതിന് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ചെറിയ മാറ്റങ്ങൾ വരുത്താൻ അപേക്ഷ നൽകാവുന്നതാണ്. ഇത്തരം അപേക്ഷകൾ അനുവദിക്കുകയോ നിരാകരിക്കുകയോ ചെയ്യാനുള്ള അധികാരം രജിസ്ട്രാർക്കുണ്ട്. ഇങ്ങിനെ മാറ്റം അനുവദിക്കുന്നതിനുമുമ്പ് രജിസ്ട്രാർ അത് പരസ്യപ്പെടുത്തി എതിർപ്പുകളില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

## ഭൂപ്രദേശസൂചക നിയമത്തിനെതിരെയുള്ള കുറ്റങ്ങൾ

ഭൂപ്രദേശസൂചകത്തിന്റെ അംഗീകൃത പ്രയോജകനായി രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തിയുടെ അനുവാദമില്ലാതെ മറ്റൊരാൾ ഭൂപ്രദേശസൂചകം നിർമ്മിക്കുന്നതും യഥാർത്ഥ ഭൂപ്രദേശസൂചകമാണെന്ന് തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള വ്യാജരൂപങ്ങൾ നിർമ്മിക്കുന്നതും കുറ്റകരമാണ്. അംഗീകൃത പ്രയോജകന്റെ അനുവാദമില്ലാതെ മറ്റൊരാൾ ഉൽപ്പന്നങ്ങളിന്മേൽ ഭൂപ്രദേശസൂചകങ്ങൾ പതിപ്പിക്കുന്നതും രജിസ്റ്റർ ചെയ്ത സൂചകത്തിനോട് സാമ്യമുള്ള രീതിയിൽ തെറ്റിദ്ധാരണ നൽകുന്ന സൂചകങ്ങൾ പതിപ്പിക്കുന്നതും കുറ്റകരമാണ്. ഇങ്ങനെ തെറ്റായി സൂചകങ്ങൾ ഉപയോഗിക്കുന്നതായി പരാതി ഉയരുകയാണെങ്കിൽ അതിനെതിരെ തെളിവുകൾ നൽകാനും കുറ്റം ആരോപിക്കപ്പെട്ട ആൾ ബാദ്ധ്യസ്ഥനാണ്. ഇത്തരം കുറ്റങ്ങൾ ചെയ്യുന്നവർക്ക് ആറു മാസം മുതൽ മൂന്നു വർഷം വരെ തടവും അതോടൊപ്പം 50,000 രൂപ മുതൽ രണ്ടു ലക്ഷം രൂപവരെ പിഴയും ലഭിക്കാവുന്നതാണ്. ഭൂപ്രദേശസൂചകങ്ങളെ തെറ്റായി ചിത്രീകരിച്ചിരിക്കുന്ന ഉൽപ്പന്നങ്ങൾ, വ്യാജ ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നവർക്കും മേൽപ്പറഞ്ഞ ശിക്ഷ തന്നെ ലഭിക്കാവുന്നതാണ്. ഭൂപ്രദേശ സൂചകങ്ങളായി രജിസ്റ്റർ ചെയ്യാത്ത ഉൽപ്പന്നങ്ങൾ, അവ നിയമപ്രകാരം രജിസ്റ്റർ ചെയ്തവയാണെന്ന വ്യാജേന തയ്യാറാക്കുന്നവരും ശിക്ഷാർഹരാണ്.

ഭൂപ്രദേശസൂചക നിയമത്തിനെതിരെ കുറ്റം ചെയ്ത് ശിക്ഷ അനുഭവിച്ചവർ വീണ്ടും ആ കുറ്റം ആവർത്തിക്കുകയാണെങ്കിൽ ആദ്യത്തേക്കാൾ ഉയർന്ന പിഴയും തടവും ലഭിക്കുന്നതാണ്.

# 4. ഡാർജിലിങ് തേയിലയും ആറന്മുള കണ്ണാടിയും

ഇന്ത്യയിൽ നിന്നും ആദ്യമായി രജിസ്റ്റർ ചെയ്യപ്പെട്ട ഭൂപ്രദേശ സൂചകമാണ് 'ഡാർജിലിങ് തേയില' എങ്കിൽ കേരളത്തിൽ നിന്നും ആദ്യമായി രജിസ്റ്റർ ചെയ്യപ്പെട്ട ഉൽപ്പന്നമാണ് 'ആറന്മുള കണ്ണാടി'. ഈ ഉൽപ്പന്നങ്ങളുടെ ചരിത്രവും കഥയും അറിയുന്നത് രസാവഹവും തനതു ഉൽപ്പന്നങ്ങളെ സംരക്ഷിക്കാനാഗ്രഹിക്കുന്നവർക്ക് പ്രയോജനകരവുമാണ്.

## ഡാർജിലിങ് തേയിലയുടെ കഥ

ഇന്ത്യയുടെ വടക്കുകിഴക്കായി, പശ്ചിമബംഗാളിൽ ഹിമാലയൻ പർവ്വതനിരകളുടെ മടിത്തട്ടിൽ വിശ്രമിക്കുന്ന ഒരു ഭൂപ്രദേശമാണ് ഡാർജിലിങ്. ഉഷ്ണം അധികമില്ലാത്ത, ശൈത്യമേറിയ കാലാവസ്ഥ നിലനിൽക്കുന്ന ഡാർജിലിങിൽ തേയില, നെല്ല്, സിങ്കോണ എന്നിവ മുഖ്യ വിളകളാണ്. ഡാർജിലിങിൽ ഉൽപ്പാദിപ്പിച്ച്, സംസ്ക്കരിക്കപ്പെടുന്ന തേയില 'ഡാർജിലിങ് തേയില' (Darjeeling tea) എന്ന പേരിൽ വിശ്വപ്രസിദ്ധമാണ്. കോണ്യാക് ബ്രാണ്ടി, കെനിയൻ കാപ്പി, സ്കോച്ച് വിസ്കി, ഷാംപെയ്ൻ വീഞ്ഞ് എന്നീ ഉൽപ്പന്നങ്ങളുടേതുപോലെ ഡാർജിലിങ് തേയിലയുടെ ഗുണമേന്മ അത് ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്രദേശത്തെ കാലാവസ്ഥ, പ്രകൃതി, സംസ്കരണരീതി, തേയിലച്ചെടിയുടെ ഇനം എന്നിവയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

ഡാർജിലിങ് ജില്ലയിലെ സദാർ, കാളിംപോംഗ്, കർസിയോങ്, സപ്തിഗുരി സബ്ഡിവിഷനുകളിലെ 87 തേയിലത്തോട്ടങ്ങളിലാണ് ഡാർജിലിങ് തേയില കൃഷി ചെയ്യപ്പെടുന്നത്. ഈ തോട്ടങ്ങളുടെ മൊത്തവിസ്തൃതി ഏതാണ്ട് 19,000 ഹെക്ടറാണ്. ഡാർജിലിങിലെ തോട്ടങ്ങളിൽ ഏതാണ്ട് 10 മില്യൺ കിലോഗ്രാം തേയിലയാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. എന്നിരിക്കിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലായി 40 മില്യൺ കിലോഗ്രാം തേയില 'ഡാർജിലിങ് തേയില' എന്ന പേരിൽ വിറ്റഴിക്കപ്പെടുന്നു. ഡാർജിലിങ് തേയിലയുടെ പ്രശസ്തിയേയും ഖ്യാതിയേയും ചൂഷണം ചെയ്യുന്ന ഒട്ടേറെ വ്യാജ ഉൽപ്പന്നങ്ങൾ ലോക വിപണിയിൽ പ്രവേശിച്ചിട്ടുണ്ട് എന്നാണിതിനർത്ഥം. മേന്മ കുറഞ്ഞതും ഇന്ത്യക്കുപുറത്ത് ഉൽപ്പാദിക്കപ്പെടുന്നതുമായ തേയില പോലും 'ഡാർജിലിങ് തേയില' എന്ന പേരിൽ വിപണിയിൽ ഇറങ്ങുമ്പോൾ യഥാർത്ഥ ഡാർജിലിങ്

തേയിലയുടെ കീർത്തിക്ക് മങ്ങലേൽക്കുകയും വിപണി തകരുകയും ചെയ്യുന്നു. യഥാർത്ഥ ഉൽപ്പാദകന്റെ അവകാശങ്ങളെ തള്ളിക്കളയുന്ന ഇത്തരമൊരു പ്രതിസന്ധി ഘട്ടത്തിലാണ് ഇന്ത്യയിലെ തേയില ബോർഡ് (Tea Board) ഡാർജിലിങ് തേയിലയുടെ സംരക്ഷണത്തിനായി ശ്രമിക്കുന്നതും അതിനെ ഒരു ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്തിരിക്കുന്നതും.

ഡാർജിലിങ്ങിൽ തേയിലക്കൃഷി തുടങ്ങിയതിന്റെ ചരിത്രകഥ അറിയുന്നത് രസാവഹമാണ്. 2700 ബി.സി.യിൽ ചൈനയിലാണ് ലോകത്തിലാദ്യമായി തേയിലച്ചെടി കൃഷി ചെയ്യപ്പെടുന്നത്. ചൈനക്കാരുടെ "ഗ്രീൻ ടീ" ഇന്നും വിശ്വപ്രസിദ്ധമാണല്ലോ. 1835-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയാണ് ഇന്ത്യയിലെ ആസ്സാമിൽ പരീക്ഷണാർത്ഥത്തിൽ തേയില കൃഷി ചെയ്തു തുടങ്ങുന്നത്. 1850-ൽ ഡോ. കാംബൽ എന്നൊരു സിവിൽ സർജൻ ഡാർജിലിങ്ങിലെ ബീച്ച്വുഡ് എന്ന സ്ഥലത്തു തേയിലച്ചെടികൾ നട്ടതിൽ നിന്നാണ് ഡാർജിലിങ് തേയിലയുടെ ചരിത്രം ആരംഭിക്കുന്നത്. 1852-ൽ തുക്വാർ, സ്റ്റെയ്ൻതാൾ, അലൂബാരി എന്നീ തേയിലത്തോട്ടങ്ങളിലാണ് ഡാർജിലിങ് തേയിലയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി തുടങ്ങുന്നത്. 1866 ആയപ്പോഴേക്കും 39 തോട്ടങ്ങളിലേക്കുകൂടി തേയിലക്കൃഷി വ്യാപിച്ചു. 1860-64-ൽ "ഡാർജിലിങ് കമ്പനി" എന്ന പേരിലും 1896-ൽ "ഡാർജിലിങ് കൺസോളിഡേറ്റഡ് തേയില കോർപ്പറേഷൻ" എന്ന പേരിലും സ്ഥാപനങ്ങൾ പ്രവർത്തിച്ചുതുടങ്ങി. 1874-ൽ തന്നെ ഡാർജിലിങ്ങിലെ തേയില കൃഷി വളരെ ആദായകരമായ ഒരു ഉദ്യമമാണെന്ന് മനസ്സിലാക്കി, 113 തോട്ടങ്ങളിലായി 6000 ഹെക്ടർ സ്ഥലത്ത് തേയില കൃഷി ചെയ്തുതുടങ്ങിയിരുന്നു. 1953-ൽ തേയില ആക്ടും തേയില ബോർഡും നിലവിൽ വന്നു. ഇന്ത്യയിലെ തേയില കൃഷി നിയന്ത്രിക്കാനും തേയിലയുടെ ഗുണമേന്മ വർദ്ധിപ്പിക്കാനും വ്യാപാരം വർദ്ധിപ്പിക്കാനും തേയില ബോർഡ് ശ്രദ്ധ വച്ചിരുന്നു.

ഡാർജിലിങ്ങിൽ ഉൽപ്പാദിപ്പിക്കുന്ന തേയിലയെ തിരിച്ചറിയാനായി തേയില ബോർഡ് ഒരു മുദ്ര (Logo) പ്രത്യേകമായി ഉപയോഗിക്കുന്നുണ്ട്. ഒരു വൃത്തത്തിനകത്ത് 'ഡാർജിലിങ്' എന്ന പദവും തേയില കൊളുന്തിന്റെ സുഗന്ധം ആസ്വദിക്കുന്ന ഇന്ത്യൻ വനിതയുടെ പടവും ചേർന്നതാണ് ഡാർജിലിങ് മുദ്ര (ചിത്രം 1). 1958 മുതൽ തന്നെ "ഡാർജിലിങ്" എന്ന പദവും ഡാർജിലിങ് മുദ്രയും ഇന്ത്യയിൽ, ട്രേഡ്മാർക്ക് നിയമത്തിനു കീഴിൽ സർട്ടിഫിക്കേഷൻ ട്രേഡുമാർക്കായി രജിസ്റ്റർ ചെയ്തിരുന്നു. 1986 മുതൽ ഡാർജിലിങ് മുദ്ര അമേരിക്ക, ബ്രിട്ടൻ, കാനഡ, ജപ്പാൻ, ഈജിപ്റ്റ് തുടങ്ങിയ സ്ഥലങ്ങളിൽ സർട്ടിഫിക്കേഷൻ ട്രേഡുമാർക്കായി രജിസ്റ്റർ ചെയ്തു സംരക്ഷണം നേടിയിരുന്നു. 2003-ൽ ഡാർജിലിങ്




ചിത്രം 1 – ഡാർജിലിങ് മുദ്ര

തേയിലയെ ഇന്ത്യയിലെ ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്ത് ഡാർജിലിങ് തേയില ഉൽപ്പാദകരുടെ അവകാശങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കി.

ഇന്ത്യയിലെ തേയില ബോർഡാണ് ഡാർജിലിങ് തേയിലയുടെ ഭൂപ്രദേശസൂചകത്തിന്റെ രജിസ്ട്രേഷനുള്ള അപേക്ഷ നൽകിയിരുന്നത്. ഡാർജിലിങ് മേഖലയിലെ 87 തോട്ടങ്ങളിലുണ്ടാക്കുന്ന തേയിലയെ മാത്രമെ ഡാർജിലിങ് തേയിലയായി അംഗീകരിക്കുന്നുള്ളു. ഈ തോട്ടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശത്തെ പ്രത്യേക കാലാവസ്ഥയും കൃഷി രീതികളും സംസ്കരണ വിദ്യകളും മൂലം ഡാർജിലിങ് തേയിലക്ക് തനതായ രുചിയും മണവും ഗുണവും അതുമൂലം ഖ്യാതിയും കൈവരുന്നുവെന്ന വാദത്തെ അംഗീകരിച്ചുകൊണ്ടാണ് ഡാർജിലിങ് തേയിലക്ക് ഭൂപ്രദേശസൂചകം നൽകിയിരിക്കുന്നത്. ഭൂപ്രദേശത്തോടു ബന്ധപ്പെട്ടിരിക്കുന്ന സവിശേഷതകൾ മൂലം ഡാർജിലിങ് തേയിലക്കു ഇന്ത്യയിൽ മാത്രമല്ല ലോകമെമ്പാടും ആരാധകരുണ്ട്. ഭൂപ്രദേശസൂചക നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന അംഗീകൃത പ്രയോജകനു മാത്രമേ 'ഡാർജിലിങ്' എന്ന പദവും ഡാർജിലിങ് തേയിലയുടെ മുദ്രയും ഉപയോഗിക്കാൻ നിയമപരമായ അനുവാദമുള്ളു.

*കമീലിയ സൈനൻസിസ്* എന്നാണ് തേയിലച്ചെടിയുടെ ശാസ്ത്രീയ നാമം. വളരെ സാവധാനം വളരുന്നതും ഒരുപാടു ശിഖരങ്ങൾ ഉണ്ടാകുന്നതുമായ ഒരു നിത്യഹരിത കുറ്റിച്ചെടിയാണ് ഡാർജിലിങ് തേയിലച്ചെടി. ഇതിന് ഏതാണ്ട് 2.5 മീറ്റർ ഉയരം വരും. നട്ട് 4–6 വർഷംകൊണ്ട് ചായച്ചെടിയുടെ വളർച്ച പൂർത്തിയാകുന്നു. ഡാർജിലിങിലെ കടുത്ത ശൈത്യത്തെയും നീണ്ടുനിൽക്കുന്ന വരൾച്ചയെയും സമുദ്രനിരപ്പിൽ നിന്നും

വളരെയേറെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതു മൂലമുള്ള കാലാവസ്ഥ വ്യതിയാനങ്ങളെയും ചെറുത്തു നിൽക്കാൻ കഴിവുള്ള ഇനം ചായച്ചെടികളാണ് ഡാർജിലിങ്ങിൽ കൃഷിചെയ്തുവരുന്നത്. ഇവയുടെ വിളവും താരതമ്യേന കുറവാണ്. ഈ ചായച്ചെടികളുടെ ജനിതകപരമായ സവിശേഷതകളും ഡാർജിലിങ് മണ്ണിന്റെ പ്രത്യേകതകളും ഭൂപ്രദേശത്തിന്റെ സവിശേഷതകളും ചൂടും മഞ്ഞും മഴയും എല്ലാം ഡാർജിലിങ് തേയിലയുടെ ഗുണമേന്മയിൽ പങ്കുവഹിക്കുന്നു. മാർച്ചിൽ തുടങ്ങുന്ന കൊളുന്തുനുള്ളൽ നവംബർ അവസാനം വരെ നീണ്ടുനിൽക്കുന്നു. ഒരു കിലോഗ്രാം ഡാർജിലിങ് തേയിലയിൽ കൈകൊണ്ടുനുള്ളിയ ഇരുപതിനായിരം നാമ്പുകളുണ്ടാകുമെന്നാണ് കണക്ക്. ഡാർജിലിങ്ങിലെ തേയില വ്യവസായം 52000 പേർക്ക് സ്ഥിരമായ തൊഴിൽ നൽകുന്നു. തോട്ടത്തിൽ നിന്നും പറിച്ചുകൊണ്ടുവരുന്ന നാമ്പുകൾ സവിശേഷമായ രീതിയിൽ സംസ്ക്കരിച്ചെടുക്കുമ്പോൾ ഡാർജിലിങ് തേയില ഉണ്ടാകുന്നു. സംസ്ക്കരണത്തിന്റെ ഓരോ ഘട്ടത്തിലും പരിശീലനം സിദ്ധിച്ച 'ടീ ടേസ്റ്റർ' മാർ തേയില പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഭൂപ്രദേശസൂചകങ്ങളെ സംബന്ധിച്ച് ഉൽപ്പന്നത്തിന്റെ ഗുണനിലവാരം വളരെ പ്രാധാന്യമർഹിക്കുന്നു. അതിനാൽ തേയില ബോർഡ് ഈ തേയിലയുടെ ഗുണനിലവാരം നിലനിർത്താൻ പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. ഉണക്കവും സംസ്ക്കരണവും പൂർത്തിയാക്കിയ ഡാർജിലിങ് തേയില മൂന്ന് വ്യത്യസ്ത ഗ്രേഡുകളാക്കി തിരിച്ച് വിപണനത്തിന് തയ്യാറാക്കുന്നു.

ഡാർജിലിങ് തേയില ഉൽപ്പാദിപ്പിക്കുന്ന 87 തോട്ടങ്ങളും തേയില ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ തോട്ടങ്ങളിൽ തേയിലച്ചെടികൾ മാറ്റി നടുമ്പോഴും കൃഷി പുതിയ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുമ്പോഴും തേയില ബോർഡിന്റെ അനുമതി വാങ്ങിയിരിക്കണം. തേയില ബോർഡ് ഈ തോട്ടങ്ങളിൽ ഇടയ്ക്കിടെ പരിശോധന നടത്തുക പതിവാണ്. ഡാർജിലിങ് തേയിലയുടെ സംഭരണശാലകളും ലേലകേന്ദ്രങ്ങളും തേയില ബ്രോക്കർമാരും മൊത്ത കച്ചവടക്കാരും കയറ്റുമതിക്കാരും തേയില ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിരിക്കണം. വ്യാജരൂപങ്ങളെ തടയുന്നതിനു വേണ്ടിയാണ് തേയില ബോർഡ് ഇത്രയും രജിസ്ട്രേഷനുകൾ നിഷ്കർഷിച്ചിരിക്കുന്നത്. ഗുണമേന്മക്ക് പ്രാധാന്യമുള്ള എല്ലാ ഭൂപ്രദേശസൂചകങ്ങളുടെ നിർമ്മാണത്തിലും വിപണനത്തിലും ഇത്തരത്തിലുള്ള സവിശേഷമായ ശ്രദ്ധയും കരുതലും ആവശ്യമാണ്.

ഡാർജിലിങ് പ്രദേശത്തെ കാലാവസ്ഥ, മണ്ണ് എന്നിവയുടെ പ്രത്യേകതകളാലും പ്രത്യേക കൃഷിരീതികളാലും സംസ്കരണരീതികളാലും ലോകകമ്പോളത്തിൽ ഖ്യാതിയേറിയ ഡാർജിലിങ് തേയില ഇന്ത്യയിൽ ഒന്നാമതായി രജിസ്റ്റർ ചെയ്യപ്പെട്ട ഭൂപ്രദേശസൂചകമാണ്. ഇന്ത്യയിൽ

ഉൽപ്പാദിപ്പിക്കപ്പെടുന്ന തനതുൽപ്പന്നങ്ങളുടെ ഭൂപ്രദേശസൂചകസംരക്ഷണത്തിനായി അപേക്ഷിക്കുന്നവർക്കും അവയുടെ ഗുണമേന്മ കർശനമായി നിലനിർത്താനുള്ള ഉപാധികൾ രൂപീകരിക്കുന്നവർക്കും മാതൃകയാക്കാവുന്ന ഒരു ഭൂപ്രദേശസൂചകമാണ് ഡാർജിലിങ് തേയില.

## വിശ്വപ്രസിദ്ധമായ ആറന്മുള കണ്ണാടി

ഇന്ത്യയിൽ ഭൂപ്രദേശസൂചക രജിസ്ട്രേഷൻ നിയമത്തിനു കീഴിൽ കാർഷിക ഉൽപ്പന്നങ്ങളേയും കരകൗശല വസ്തുക്കളേയും കൈത്തറി വസ്ത്രങ്ങളേയുമെല്ലാം സംരക്ഷിക്കാമെന്നു മുമ്പു സൂചിപ്പിച്ചല്ലോ. ഭൂപ്രദേശസൂചകമായി കേരളത്തിൽ നിന്ന് രജിസ്റ്റർ ചെയ്ത്, സർട്ടിഫിക്കറ്റ് നേടിയ ഒരേയൊരുൽപ്പന്നം ആറന്മുള കണ്ണാടിയാണ്. പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങളിന്മേൽ ഒരു സമൂഹത്തിനു ലഭ്യമാകുന്ന ബൗദ്ധിക സ്വത്തവകാശത്തിന്റെ ഉത്തമോദാഹരണമായി ആറന്മുള കണ്ണാടിയെ എടുത്തുപറയാം.

'പാർവതീദേവിയുടെ കണ്ണാടി' എന്നാണ് ആറന്മുള കണ്ണാടിയെ വിശേഷിപ്പിക്കുന്നത്. ആറന്മുള കണ്ണാടി സൂക്ഷിച്ചിരിക്കുന്ന ഭവനത്തിൽ സർവ്വ ഐശ്വര്യങ്ങളും വാഴും എന്നാണ് വിശ്വാസം. കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിലാണ് ആറന്മുള എന്ന പ്രദേശം സ്ഥിതി ചെയ്യുന്നത്. ആറന്മുളയിലെ പ്രസിദ്ധമായ പാർത്ഥസാരഥി ക്ഷേത്രത്തിന് 1200 വർഷത്തെ പഴക്കമുണ്ടെന്ന് അനുമാനിക്കപ്പെടുന്നു. ആറന്മുളയിലെ ഉത്രട്ടാതി വള്ളംകളിയും കേൾവികേട്ടതാണ്. ഇവയോടൊപ്പം തന്നെ ആറന്മുളയ്ക്ക് വിശ്വപ്രസിദ്ധി സമ്മാനിച്ച ഉൽപ്പന്നമാണ് ആറന്മുള കണ്ണാടി. തിരുവിതാംകൂറിലെ രാജാവായിരുന്ന ശ്രീ. അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയുടെ കാലത്താണ് ആറന്മുള കണ്ണാടിയുടെ നിർമ്മാണത്തിന് തുടക്കം കുറിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പകരുന്ന പരമ്പരാഗത അറിവിലൂടെയാണ് ഈ വിശിഷ്ട കണ്ണാടിയുടെ നിർമ്മാണം നിലനിൽക്കുന്നത്.

ആറന്മുളയിലെ പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രതിഷ്ഠയുടെ ലോഹകിരീടത്തിന്റെ നിർമ്മാണത്തിനായി തമിഴ് നാട്ടിലെ തിരുനെൽവേലിയിൽ നിന്നും കൊണ്ടുവന്ന കരകൗശല വിദഗ്ധരാണ് ഈ കണ്ണാടി ആദ്യം നിർമ്മിച്ചതെന്ന് പറയപ്പെടുന്നു. കിരീടത്തിനുവേണ്ടി പലതരത്തിലുള്ള ലോഹക്കൂട്ടുകൾ നിർമ്മിച്ചപ്പോൾ അതിലൊരു കൂട്ടിന് കണ്ണാടിയുടേതുപോലെ പ്രതിഫലനശേഷി കാണുകയും ആ കൂട്ട് ഉപയോഗിച്ച് ലോഹക്കണ്ണാടി നിർമ്മിച്ചു എന്നും വിശ്വസിക്കപ്പെടുന്നു. ലോഹക്കൂട്ട്

നിർമ്മിച്ച വിദഗ്ധർക്ക് ശരിയായ അനുപാതത്തിൽ ആ കൂട്ട് പുനർനിർമ്മിക്കാൻ കഴിയാതെ വന്നുവെന്നും പിന്നീട് അവരുടെ സമുദായത്തിൽപ്പെട്ട പാർവ്വതിയെന്ന വിധവയായൊരു സ്ത്രീക്ക് ലോഹക്കൂട്ടിന്റെ അനുപാതം സ്വപ്നത്തിൽ വെളിവാക്കപ്പെട്ടുവെന്നും അതിൻപ്രകാരം വിദഗ്ധർ ലോഹക്കൂട്ട് പുനർനിർമ്മിച്ചുവെന്നും ഉള്ള വിശ്വാസം നിലനിൽക്കുന്നു.

ചെമ്പ്, നാകം, ഫോസ്ഫറസ്, ഇരുമ്പ്, നിക്കൽ എന്നിവയുടെ മിശ്രിതമാണ് ആറന്മുള കണ്ണാടിയുടെ പ്രത്യേക ലോഹക്കൂട്ട്. ലോഹക്കൂട്ടിന്റെ സവിശേഷതയും പൊരുളും കണ്ടെത്താൻ ഇന്ത്യയിലെയും വിദേശത്തേയും പല സർവ്വകലാശാലകളും വിദഗ്ധപഠനം നടത്തിയിട്ടുണ്ട്. ലോഹങ്ങൾ, പ്രത്യേക ഊഷ്മാവിൽ ഉരുകിച്ചേരുമ്പോഴും തണുക്കുമ്പോഴുമാണത്രേ ഈ കൂട്ട് രൂപപ്പെടുന്നത്. ലോഹക്കൂട്ടുപോലെത്തന്നെ കണ്ണാടിയുടെ നിർമ്മാണത്തിന്റെ ഓരോ ഘട്ടവും ഒട്ടേറെ വൈദഗ്ധ്യവും പരമ്പരാഗത അറിവുകളും ആവശ്യപ്പെടുന്നു. ഇതിന്റെ ലോഹക്കൂട്ടിൽ 70 ശതമാനത്തോളം ചെമ്പും 30 ശതമാനത്തോളം നാകവും ആണ് കണ്ടെത്തിയിട്ടുള്ളത്. ലോഹക്കൂട്ടിനൊപ്പം ചില പ്രത്യേക ഇലകൾ പൊടിച്ചു ചേർക്കുന്നതായും പറയപ്പെടുന്നു. ഈ കൂട്ട് ഖരാവസ്ഥയിലേക്ക് മാറുമ്പോൾ ഉരുക്കിനോട് തുല്യമായ ദൃഢത കൈവരിക്കുന്നതായും കാണുന്നു. ഉരുക്കിയ ലോഹക്കൂട്ട് ഒഴിക്കാനുപയോഗിക്കുന്ന മൂശ ആറന്മുളയിലെ തന്നെ പ്രത്യേക കളിമണ്ണുപയോഗിച്ചാണ് നിർമ്മിക്കുന്നത്. ആറു മാസത്തോളം സമയമെടുത്താണ് ഒരു കണ്ണാടിയുടെ നിർമ്മാണം പൂർത്തിയാക്കുന്നത്. പൂർത്തിയായ കണ്ണാടി പോളിഷ് ചെയ്തുമിനുക്കുന്നതിന് അരിയുടെ തവിടും മരോട്ടി എണ്ണയുമാണ് ഉപയോഗിക്കുന്നത്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രത്യേക ആചാരാനുഷ്ഠാനങ്ങളും പാലിച്ചുവരുന്നു. അതിനാൽ ഈ കണ്ണാടിക്ക് ഒരു ദൈവീക പരിവേഷവുമുണ്ട്. വളരെ കുറച്ച് കുടുംബക്കാർക്കുമാത്രം അറിയാവുന്ന പാരമ്പര്യ അറിവിലൂടെയാണ് സവിശേഷമായ ഈ ലോഹക്കണ്ണാടിയുടെ നിർമ്മാണം നിലനിൽക്കുന്നത്. ആറന്മുള കണ്ണാടിയുടെ നിർമ്മാണവിദ്യയും അതിന്റെ നിർമ്മാണത്തിൽ പാലിക്കേണ്ട ആചാരാനുഷ്ഠാനങ്ങളും പൂർണ്ണമായി അറിയാതെയും പാലിക്കാതെയും, ചിലർ, ആറന്മുള കണ്ണാടിയുടെ സവിശേഷമായ ഗുണങ്ങൾ നഷ്ടപ്പെട്ട വ്യാജരൂപങ്ങൾ നിർമ്മിക്കാൻ തുടങ്ങിയതോടെയാണ് ആറന്മുള ലോഹകണ്ണാടിയെ ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്ത് സംരക്ഷിക്കണമെന്ന ആശയത്തിലെത്തുന്നത്. പരമ്പരാഗതമായി ആറന്മുള കണ്ണാടി നിർമ്മിക്കുന്ന ആറു വിഭാഗക്കാർ ചേർന്ന് രൂപീകരിച്ചിരിക്കുന്ന 'വിശ്വബ്രാഹ്മണ ആറന്മുള കണ്ണാടി നിർമ്മാൺ സൊസൈറ്റി'യാണ് (മേൽവിലാസം അനുബന്ധം - 3 ൽ

നൽകിയിരിക്കുന്നു) ഈ കണ്ണാടിയെ ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്യുന്നതിനായുള്ള അപേക്ഷ നൽകിയത്. 2003 ഡിസംബർ മുതൽ ഈ ഉൽപ്പന്നത്തെ ഭൂപ്രദേശസുചകമായി നിയമപരമായി അംഗീകരിച്ചു. ഭൂപ്രദേശകസുചക രജിസ്ട്രേഷനും സംരക്ഷണത്തിനുമായുള്ള നിയമത്തിൽ പറഞ്ഞിരിക്കുന്ന 20-ാമത്തെ ക്ലാസിൽ പെടുത്തിയാണ് ആറന്മുള കണ്ണാടിയെ രജിസ്റ്റർ ചെയ്തിക്കുന്നത്. വിവിധ രൂപങ്ങളിലുള്ള ആറന്മുള കണ്ണാടികൾ (ചിത്രം 2) ഇന്ന് വിപണിയിലുണ്ട്.

ഈ ലോഹകണ്ണാടിയുടെ ഗുണമേന്മ ലോകത്തുള്ള മറ്റൊരു ലോഹകണ്ണാടിക്കുമില്ല എന്ന യാഥാർത്ഥ്യത്തിൽ നിന്നുതന്നെ ഇതിന്റെ സവിശേഷതകളും ഗുണമഹിമകളും വെളിവാകുന്നു. ഈ സവിശേഷതകളും ഗുണമഹിമകളും കൈവരുന്നത് ഒരു പ്രത്യേക ഭൂപ്രദേശത്തുള്ള വിദഗ്ധരുടെ കരവിരുതും ആചാരാനുഷ്ഠാനങ്ങളും നിർമ്മാണരീതികളും ഉപയോഗിക്കുന്ന ലോഹക്കൂട്ടിന്റെ പ്രത്യേകതകളും മൂലമാണ്. അതുകൊണ്ടാണിത് ഒരു ഭൂപ്രദേശസൂചകമായി മാറുന്നത്. ആറന്മുള കണ്ണാടിയുടെ തനതായ ഗുണമേന്മ നിലനിർത്താനും വാണിജ്യം പരിപോഷിപ്പിക്കാനും വിദേശ കമ്പോളത്തെ ലക്ഷ്യമാക്കി നിർമ്മാണം വിപുലീകരിക്കാനും വ്യാജരൂപങ്ങളെ തടയാനും ഭൂപ്രദേശസുചക രജിസ്ട്രേഷൻ നിമിത്തമാകും എന്ന് നമുക്കാശിക്കാം.

# 5. കൂട്ടായ്മയിലൂടെ മുന്നേറാം

ഇന്ത്യയിൽ നിന്നുള്ള ഡാർജിലിങ് തേയിലയും ബസുമതി അരിയും ഭൂപ്രദേശസൂചകങ്ങളുടെ നിർവ്വചനത്തോട് ഏറ്റവും നീതിപുലർത്തുന്ന രണ്ടുൽപ്പന്നങ്ങളാണ്. കെനിയ, ശ്രീലങ്ക തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നുള്ള തേയില പോലും 'ഡാർജിലിങ് തേയില' എന്ന പേരിൽ കമ്പോളത്തിലെത്തി യഥാർത്ഥ ഡാർജിലിങ് തേയിലയുടെ കീർത്തിക്ക് കളങ്കമേൽപ്പിച്ച്, അതിന്റെ വിപണിക്കു വലിയ ഭീഷണി ഉയർത്തിയത് ഇന്ത്യൻ ഭരണാധികാരികളെ ശക്തമായ നടപടിക്രമങ്ങൾക്ക് പ്രേരിപ്പിച്ചു.

ഭൂപ്രദേശസൂചകങ്ങളുടെ പ്രാധാന്യത്തെ ഉയർത്തിക്കാണിച്ച മറ്റൊരു സംഭവമായിരുന്നു 'ബസുമതി' വിവാദം. ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും ചില പ്രത്യേക ഭൂപ്രദേശങ്ങളിൽ വിളയുന്ന സുഗന്ധ അരിയെ മാത്രമെ ബസുമതി എന്ന വ്യാപാര നാമത്തിൽ വിപണനം നടത്താവൂ എന്ന് ഇന്ത്യ അന്താരാഷ്ട്രതലത്തിൽ വാദിക്കുമ്പോൾ, ബസുമതി ഒരു പ്രത്യേക ഇനം അരിയല്ലെന്നും ഇന്ത്യയിൽ നിന്നുള്ള സുഗന്ധ അരികൾക്കുള്ള പൊതുനാമ (Generic name) മാണ് ബസുമതിയെന്നും അമേരിക്കൻ നിയമജ്ഞർ വാദിക്കുന്നു. പൊതുനാമമായി മാറുന്ന ഉൽപ്പന്ന നാമങ്ങളെ ഭൂപ്രദേശസൂചകങ്ങളായി അംഗീകരിക്കേണ്ടതില്ലെന്ന് ട്രിപ്സ് കരാറിൽ പറഞ്ഞിരിക്കുന്നതിനെ ചില രാജ്യങ്ങൾ ചൂഷണം ചെയ്യുന്നതിനുള്ള ഉത്തമ ഉദാഹരണമായി ബസുമതി വിവാദത്തെ ചൂണ്ടിക്കാണിക്കാം.

ട്രിപ്സ് ഉടമ്പടിക്കു കീഴിൽ വീഞ്ഞുകളുടേയും ലഹരി പാനീയങ്ങളുടേയും ഭൂപ്രദേശസൂചകങ്ങൾക്ക് പ്രത്യേക സംരക്ഷണം അനുവദിച്ചിരിക്കുന്നതിനെ ഇന്ത്യയടക്കം വിവിധ രാജ്യങ്ങൾ ചോദ്യം ചെയ്തിരുന്നു. വീഞ്ഞുകളുടെ പേരിനോടുചേർത്തു 'അതുപോലെ', 'അതേ സ്റ്റൈലിലുള്ള' തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നത് പ്രത്യേക സംരക്ഷണനിബന്ധനപ്രകാരം തെറ്റാണ്. ഉദാഹരണത്തിന് ഭൂപ്രദേശസൂചകമായ ഒരു ഉത്കൃഷ്ട മദ്യമായി 'സ്കോച്ചുവിസ്കി', ലോകമെങ്ങും അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ ഒരു മദ്യകമ്പനി അവരുടെ ഉൽപ്പന്നങ്ങളുടെ ലേബലിൽ 'ബ്ലന്റഡ് സ്കോച്ചുവിസ്കി', 'ബ്ലന്റഡ് വിത്ത് സ്കോച്ച്' എന്നീ വാക്കുകൾ ഉപയോഗിക്കുന്നതിനെതിരെ സ്കോച്ചുവിസ്കി അസോസിയേഷൻ കേസു നടത്തുകയും അവസാനം 'സ്കോച്ച്' എന്ന പദം ഉപയോഗിക്കുന്നതിൽ നിന്നും ഇന്ത്യൻ കമ്പനിയെ വിലക്കുകയും ചെയ്തു. പ്രത്യേക സംരക്ഷണപദവി കരസ്ഥമാക്കിയ യൂറോപ്യൻ ഉൽപ്പന്നങ്ങൾ

ഇങ്ങിനെ കമ്പോളത്തിൽ കുത്തകാവകാശം സ്ഥാപിക്കുമ്പോൾ ഇന്ത്യൻ ഉൽപ്പന്നങ്ങൾ ചൂഷണത്തിനു വിധേയമാകുകയാണ്. അമേരിക്കൻ കമ്പനിയായ 'റൈസ് ടെക്', അവരുടെ സുഗന്ധ അരിയുടെ ലേബലിൽ 'ഇന്ത്യൻ ബസുമതിപോലുള്ള' അരി എന്നു പ്രയോഗിക്കുന്നതിനെതിരെ ഇന്ത്യ ഉന്നയിക്കുന്ന വാദഗതികളെ അംഗീകരിക്കുന്നില്ല. അതുകൊണ്ടാണ് എല്ലാ ഭൂപ്രദേശസൂചകങ്ങൾക്കും ഒരേ തരത്തിലുള്ള അന്തർദ്ദേശീയ സംരക്ഷണം വേണമെന്ന് ഇന്ത്യ വാദിക്കുന്നത്. ഇന്ത്യയോടൊപ്പം പാക്കിസ്ഥാൻ, മൊറീഷ്യസ്, ക്യൂബ, ഹോണ്ടുറാസ്, ശ്രീലങ്ക, കെനിയ, ഈജിപ്റ്റ്, ഇന്തോനേഷ്യ, ബംഗ്ലാദേശ്, ബൾഗേറിയ തുടങ്ങിയ രാജ്യങ്ങളും ഈ വാദത്തെ അനുകൂലിക്കുന്നു. എന്നാൽ ആസ്ട്രേലിയ, അർജന്റീന, കാനഡ, ചിലി, ന്യൂസിലാന്റ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ ഈ വാദത്തെ എതിർക്കുകയും ചെയ്യുന്നു.

ഇങ്ങനെ ഭൂപ്രദേശ്സൂചകങ്ങളെപ്പറ്റി അന്താരാഷ്ട്രതലത്തിൽ വാദപ്രതിവാദങ്ങളും ചർച്ചകളും ഏറെ നടക്കുമ്പോഴും, ദേശീയതലത്തിൽ ഭൂപ്രദേശസൂചക സംരക്ഷണത്തെപ്പറ്റി വേണ്ടത്ര അവബോധം ഉണ്ടായിട്ടില്ല എന്നതാണ് സത്യം. അതുകൊണ്ടുതന്നെ ഇന്ത്യയിൽ ഭൂപ്രദേശസൂചക സംരക്ഷണനിയമത്തിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉൽപ്പന്നങ്ങൾ അധികമില്ല. ഡാർജിലിങ് തേയില, പോച്ചംപള്ളി ഡിസൈൻ, കോട്പാട് കൈത്തറി തുണികൾ, രാജസ്ഥാനിലെ കോട്ട വസ്ത്രങ്ങൾ, കാഞ്ചീപുരം സിൽക്ക് സാരി, മൈസൂർ സിൽക്ക്, ചന്ദേരി സാരി, ഭവാനി ജമുക്കാളം, മൈസൂർ ചന്ദനത്തിരി, ആറന്മുള കണ്ണാടി, സേലം തുണികൾ, സോളാപൂരിൽ നിന്നുള്ള പുതപ്പുകൾ എന്നിങ്ങനെ ചുരുക്കം ചില ഉൽപ്പന്നങ്ങൾ (ചിത്രം 3) മാത്രമെ ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് സംരക്ഷണം നേടിയിട്ടുള്ളൂ. പൊതുജനങ്ങൾക്കും കർഷകർക്കും കരകൗശലവിദഗ്ധർക്കും നെയ്ത്തുകാർക്കും പ്രത്യേക ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്നവർക്കും ഇക്കാര്യത്തിലുള്ള അജ്ഞതയാണ് അവരുടെ ഉൽപ്പന്നങ്ങളെ ഭൂപ്രദേശസൂചകങ്ങളായി രജിസ്റ്റർ ചെയ്യുന്നതിന് പ്രധാന വിലങ്ങുതടിയായി നിൽക്കുന്നത്.

ലോക വ്യാപാര കരാറിന്റെ തിക്താനുഭവങ്ങൾ ഏറെ ഏറ്റുവാങ്ങിയ നമ്മുടെ കൊച്ചു കേരളത്തിൽ ഭൂപ്രദേശസൂചകങ്ങളായി രജിസ്റ്റർ ചെയ്യപ്പെടേണ്ടതായ ഒട്ടേറെ ഉൽപ്പന്നങ്ങളുണ്ട്. 'ഭൂപ്രദേശസൂചകങ്ങളുടെ കലവറ' എന്നുതന്നെ കേരളത്തെ വിശേഷിപ്പിക്കാമെന്ന് ഈ രംഗത്തെ വിദഗ്ധർ അഭിപ്രായപ്പെടുന്നു. ബാലരാമപുരം, ചേന്ദമംഗലം, കുത്താമ്പുള്ളി, കണ്ണൂർ, കാസറഗോഡ് എന്നിവിടങ്ങളിൽ നിന്നുള്ള കൈത്തറി തുണികളും, നവര നെല്ല്, പൊക്കാളി അരി, ഗുരുവായൂർ പപ്പടം, രാമശ്ശേരി ഇഡ്ഡലി, കോഴിക്കോട് ഹൽവാ, ആലത്തൂർ ചിപ്സ്, കേരള നേന്ത്രൻ,

മലബാർ കുരുമുളക്, വയനാടൻ മഞ്ഞൾ, ആലപ്പുഴ മഞ്ഞൾ തുടങ്ങി പേരുകേട്ട ഭക്ഷ്യോൽപ്പന്നങ്ങളും സുഗന്ധവ്യഞ്ജനങ്ങളും നമുക്ക് സ്വന്തമായുണ്ട്. ലോക വ്യാപാര സംഘടന ഇത്തരം ഉൽപ്പന്നങ്ങൾക്ക് നൽകുന്ന അംഗീകാരവും വ്യാപാര പരിരക്ഷയും ഉപയോഗപ്പെടുത്തി ലോകകമ്പോളത്തിലേക്ക് പ്രവേശിക്കാനുള്ള സാധ്യത നാം വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തിയിട്ടില്ല. ആധുനിക വാർത്താവിനിമയ സൗകര്യങ്ങളും ഉയർന്ന സാക്ഷരതാ നിരക്കും കൈമുതലായുള്ള കേരളക്കരയുടെ തനതു ഉൽപ്പന്നങ്ങളെ ആഗോള വാണിജ്യ മേഖലയുടെ ശ്രദ്ധയിലെത്തിക്കുവാനുള്ള സാധ്യതകളേറെയാണ്. ഭൂപ്രദേശസൂചകങ്ങളുപയോഗിച്ച് ബ്രാന്റ് ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഉൽകൃഷ്ടത 'ദൈവത്തിന്റെ സ്വന്തം നാട്' സന്ദർശിക്കുന്ന വിദേശികളെയും അന്യസംസ്ഥാനക്കാരെയും ബോധ്യപ്പെടുത്തി, അവരെ അതിലേക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ ലോക കമ്പോളത്തിലേക്കുള്ള അവയുടെ പ്രവേശനം കൂടുതൽ സുഗമമാകും.

ലോകകമ്പോളത്തെ ലക്ഷ്യമാക്കി കേരളത്തിൽ നിന്നുള്ള ഭൂപ്രദേശസൂചകങ്ങളായ ഉൽപ്പന്നങ്ങളെ രജിസ്റ്റർ ചെയ്യുവാനും അവയുടെ കീർത്തി മറ്റുള്ളവർ ദുരുപയോഗം ചെയ്യുന്നത് തടയുവാനും ഉൽപ്പന്നങ്ങളുടെ ഗുണമേന്മ നിലനിർത്തുവാനും ഒന്നിച്ചുള്ളൊരു മുന്നേറ്റം ആവശ്യമാണ്. സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവർക്ക് ഇക്കാര്യത്തിൽ അവരവരുടേതായ പങ്കുവഹിക്കാനുണ്ട്. ഭൂപ്രദേശസൂചകങ്ങളെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും അതിനുള്ള നിയമപരമായ മാർഗ്ഗത്തെപ്പറ്റിയും വ്യാപകമായ ഒരവബോധം സൃഷ്ടിക്കുകയാണ് ആദ്യം വേണ്ടത്. ഇതിനായി ശാസ്ത്രജ്ഞരും ഭരണകർത്താക്കളും സാങ്കേതിക വിദഗ്ധരും വികസന മേഖലകളിലെ ഉദ്യോഗസ്ഥരും സാമൂഹ്യപ്രവർത്തകരും നിയമജ്ഞരും കർഷക പ്രമുഖരും നേതാക്കളും കലാശാല വിദ്യാർത്ഥികളും എല്ലാം ഒരു കൂട്ടായ്മയുടെ ഭാഗമായി മുന്നിട്ടിറങ്ങി വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ജില്ലകൾ തോറും, സാധ്യമെങ്കിൽ പഞ്ചായത്തുകൾ തോറും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത് ഏറെ ഗുണകരമായിരിക്കും. ഈ ബോധവൽക്കരണ യജ്ഞത്തിൽ കൈത്താങ്ങായി പത്രങ്ങളും മറ്റു മാധ്യമങ്ങളും ബാങ്കുകളും വർത്തിക്കുകയും വേണം.

കേരളത്തിലുടനീളമുള്ള ഭൂപ്രദേശസൂചകങ്ങളെ ബോധവൽക്കരണ സെമിനാറുകളിലൂടെയും ശിൽപശാലകളിലൂടെയും കണ്ടെത്തുകയും അവയെപ്പറ്റിയുള്ള വിശദവിവരങ്ങൾ ശേഖരിക്കുകയും ലഭിച്ച വിവരങ്ങളെ ക്രോഡീകരിച്ച് സൂക്ഷിക്കുകയും വേണം. ഇതോടൊപ്പം തന്നെ ഭൂപ്രദേശസൂചകങ്ങളായ ഉൽപ്പന്നങ്ങളുടെ വാണിജ്യ സാധ്യതകൾ വിശകലനം ചെയ്ത്, ഉചിതമായവയെ എത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യേ

ണ്ടതുമുണ്ട്. ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കൾ ഒന്നിച്ചുചേർന്ന് സൊസൈറ്റികൾ അല്ലെങ്കിൽ ഉൽപ്പാദനസംഘടനകൾ രൂപീകരിച്ച് ഉൽപ്പന്നങ്ങളെ ഭൂപ്രദേശസൂചകങ്ങളായി രജിസ്റ്റർ ചെയ്യുവാനുള്ള അപേക്ഷ നൽകുന്നതാണ് ഏറ്റവും പെട്ടെന്നു നടപ്പിലാക്കാവുന്ന മറ്റൊരു വലിയ മുന്നേറ്റം. ആറന്മുള കണ്ണാടിയുടെ രജിസ്ട്രേഷൻ ഇത്തരമൊരു മുന്നേറ്റത്തിന് ഉത്തമ മാതൃകയാണ്. സ്വന്തം ഉൽപ്പന്നങ്ങളുടെ കീർത്തിയെ മറ്റുള്ളവർ കളങ്കപ്പെടുത്തുന്നതും ചൂഷണം ചെയ്യുന്നതും തടയുവാൻ ഏറ്റവുമധികം ജാഗ്രത പുലർത്തേണ്ടതും നിർമ്മാതാക്കൾ തന്നെയാണ്. ഇക്കാര്യത്തിൽ ഉൽപ്പന്നനിർമ്മാതാക്കളോടൊപ്പം സർക്കാർ വകുപ്പുകളും ഗവേഷണ സ്ഥാപനങ്ങളും സർവ്വകലാശാലകളും കൈകോർക്കണം. ഇവർ ഉൽപ്പന്നനിർമ്മാതാക്കളുടെ താൽപ്പര്യസംരക്ഷണത്തിനായി, ആവശ്യമെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷ നൽകാനും അതിലുപരിയായി അപേക്ഷയിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുവാനും യഥാസമയം അവ രജിസ്ട്രേഷൻ അധികാരികളെ അറിയിക്കുവാനും ഉൽപ്പന്ന നിർമ്മാതാക്കളോടൊപ്പം നിൽക്കണം. അപേക്ഷയിൽ ആവശ്യപ്പെടുന്ന ഗുണമേന്മയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലെങ്കിൽ ശാസ്ത്രീയമായ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഉൽപ്പന്നങ്ങളുടെ ഗുണവിശേഷങ്ങൾ അപഗ്രഥിച്ചു നൽകാനും ഗവേഷണ സ്ഥാപനങ്ങൾക്കാകും. മാത്രമല്ല, ഭൂപ്രദേശ സൂചകങ്ങളുടെ ഉൽപ്പാദനത്തിലേർപ്പെട്ടിരിക്കുന്ന അർഹരായ എല്ലാവർക്കും രജിസ്ട്രേഷന്റെ ഗുണങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുവാനും സർക്കാർ ഏജൻസികളുടെ ഇടപ്പെടൽ ആവശ്യമാണ്.അപേക്ഷകൾ സമർപ്പിക്കുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങൾക്കും നിയമസഹായം നൽകാൻ നിയമജ്ഞരും മുന്നോട്ടുവരണം. കേരളത്തിലുടനീളമുള്ള ഭൂപ്രദേശസൂചകങ്ങളെ ഇങ്ങിനെ നിയമപരമായി സംരക്ഷിക്കുന്നതോടൊപ്പം അവയുടെ വിപണി മെച്ചപ്പെടുത്താനും ഉൽപ്പാദനം വിപുലീകരിക്കാനും സർക്കാർ ഏജൻസികളുടെ സഹായം നിർമ്മാതാക്കൾക്ക് ലഭിക്കേണ്ടതുണ്ട്. യഥാർത്ഥ ഉൽപ്പാദകരുടെ താൽപ്പര്യങ്ങൾക്കു വിഘാതമാകുന്ന വിധത്തിൽ ഒരു ഭൂപ്രദേശസൂചകം രജിസ്റ്റർ ചെയ്യപ്പെട്ട് അതിന്റെ ഉടമസ്ഥാവകാശം തെറ്റായ കരങ്ങളിലെത്തിപ്പെട്ടാൽ, അത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്നതിനാൽ, ഈ മേഖലയിൽ നിതാന്ത ജാഗ്രത പുലർത്താനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

പുതിയ വാണിജ്യവ്യവസ്ഥയുടെ നല്ലവശങ്ങളെ ഉപയോഗപ്പെടുത്തുവാനോ ദോഷവശങ്ങളെ മാറ്റിയെഴുതുവാനോ ആകാതെ വിഷമിക്കുന്ന സാധാരണക്കാരന്റെ ഉൽപ്പന്നങ്ങൾക്ക് മെച്ചമായൊരു വിപണി ലഭിക്കുവാൻ കൂട്ടായ്മയിലൂന്നിയ ഇത്തരമൊരു യജ്ഞത്തിലൂടെ സാധ്യമാകും എന്ന് നമുക്ക് പ്രത്യാശിക്കാം.

## References


Blakeney, M. 2001. Geographical Indications and TRIPS. Occational paper 8. Friends World Committee for consultation. Quarker United Nations Office, Geneva, Switzerland.

IPR (Intellectual Property Rights), 2006. Geographical Indications in IPR - helpdesk. Available: http://www.ipr-helpdesk.org. (March 23, 2006)

WIPO (World Intellectual Property Organisation), 2006. WIPO home page (On line) Available: http://www.wipo.int. (April 16, 2006)

WTO (World Trade Organisation), 2006. WTO home page (On line) Available: http://www.wto.org. (April 16, 2006)

ചിത്രം 2. വിവിധ രൂപങ്ങളിലുള്ള ആറന്മുള കണ്ണാടികൾ



## ചിത്രം 3. ഭൂപ്രദേശസൂചകങ്ങളായ ചില ഇന്ത്യൻ ഉൽപ്പന്നങ്ങൾ



പോച്ചംപള്ളി ഡിസൈൻ



മധുര ചുങ്കിടി സാരി



ചന്ദേരി സാരി



സോളാപ്പൂർ 'പുതപ്പ്'



കോട്ട വസ്ത്രങ്ങൾ



മൈസൂർ സിൽക്ക് സാരി



ഭവാനി ജമക്കാളം

# അനുബന്ധം 1

## THE GEOGRAPHICAL INDICATIONS OF GOODS (REGISTRATION AND PROTECTION) RULES, 2002.

### THE FOURTH SCHEDULE: CLASSIFICATION OF GOODS - NAME OF THE CLASSES

(Parts of an article or apparatus are, in general, classified with the actual article or apparatus, except where such parts constitute articles included in other classes)

| Class No. | Classification of Goods |
|---|---|
| Class 1 | Chemical used in industry, science, photography, agriculture, horticulture and forestry; unprocessed artificial resins; unprocessed plastics; manures; fire extinguishing compositions; tempering and soldering preparations; chemical substances for preserving food-stuffs; tanning substances; adhesive used in industry. |
| Class 2 | Paints, varnishes, lacquers, preservatives against rust and against deterioration of wood; colorants; mordents; raw natural resins; metals in foil and powder form for painters; decorators; printers and artists. |
| Class 3 | Bleaching preparations and other substances for laundry use; cleaning; polishing; scouring and abrasive preparations; soap; perfumery, essential oils, cosmetics, hair lotions, dentifrices. |
| Class 4 | Industrial oils and greases, lubricants, dust absorbing, wetting and binding composition; fuels (including motor spirit) and illuminants; candles, wicks. |
| Class 5 | Pharmaceutical, veterinary and sanitary preparations; dietetic substances adapted for medical use, food for babies, plasters, materials for dressing; materials for stopping teeth, dental wax; disinfectants; preparation for destroying vermin; fungicides, herbicides. |
| Class 6 | Common metals and their alloys; metal building materials; transportable buildings of metal; materials of metal for railway tracks; non-electric cables and wires of common meal; ironmongery; small items of metal hardware; pipes and tubes of metal; safes; goods of common metal not included in other classes, ores. |
| Class 7 | Machines and machine tools; motors and engines (except for land vehicles); machine coupling and transmission components (except for land vehicles); agricultural implements other than hand-operated; incubators for eggs. |
| Class 8 | Hand tools and implements (hand-operated); cutlery; side arms; razors |

| Class No. | Classification of Goods |
|---|---|
| Class 9 | Scientific, nautical, surveying, electric, photographic, cinematographic, optical weighing, measuring, signaling, checking (supervision), life saving and teaching apparatus and instrument; apparatus for recording, transmission or reproduction of sound or images; magnetic data carriers, recording discs; automatic vending machines and mechanisms for coin-operated apparatus; cash registers, calculating machines, data processing equipment and computers, fire extinguishing apparatus. |
| Class 10 | Surgical, medical, dental and veterinary apparatus and instruments, artificial limbs, eyes and teeth; orthopaedic articles; suture materials. |
| Class 11 | Apparatus for lighting, heating, steam generating, cooking, refrigerating, drying, ventilating, water supply and sanitary purposes. |
| Class 12 | Vehicles; apparatus for locomotion by land, air or water. |
| Class 13 | Fire arms; ammunitions and projectiles; explosives; fire works. |
| Class 14 | Precious metals and their alloys and goods in precious metals or coated therewith, not included in other classes; jewellery, precious stones, horological and other chronometric instruments. |
| Class 15 | Musical Instruments. |
| Class 16 | Paper, cardboard and goods made from these materials, not included in other classes; printed matter; book binding materials; photographs; stationery; adhesives for stationery or household purpose; artist's materials; paint brushes; typewriters and office requisites (except furniture); instructional and teaching material (except apparatus); plastic materials for packing (not included in other classes); playing cards; printers' type; printing blocks. |
| Class 17 | Rubber, gutta percha, gum, asbestos, mica and goods made from these materials and not included in other classes; plastics in extruded form for use in manufacture; packing; stopping and insulating materials: flexible pipes, not of metal. |
| Class 18 | Leather and imitations of leather, and goods made of these materials and not included in other classes; animal skins, hides, trunks and travelling bags; umbrellas, parasols and walking sticks; whips; harness and saddlery. |
| Class 19 | Building materials, (non-metallic), non-metallic rigid pipes for building; asphalt pitch and bitumin, non-metallic transportable buildings; monuments, not of metal. |

| Class No. | Classification of Goods |
|---|---|
| Class 20 | Furniture, mirrors, picture frames; goods (not included in other classes) of wood, cork, reed, cane, wicker, horn, bone, ivory, whale-bone, shell, amber, mother of pearl, meerschaum and substitutes for all these materials, or of plastics. |
| Class 21 | Household or kitchen utensils and containers (not of precious metal or coated therewith); combs and sponges; brushes (except paint brushes); brush making materials; articles for cleaning purposes; steel wool; unworked or semi-worked glass (except glass used in building); glassware, porcelain and earthenware not included in other classes. |
| Class 22 | Ropes, string, nets, tents, awnings, tarpaulins, sails, sacks and bags (not included in other classes) padding and stuffing materials (except of rubber or plastics); raw fibrous textile materials. |
| Class 23 | Yarns and threads, for textile use. |
| Class 24 | Textiles and textile goods, not included in other classes, bed and table covers. |
| Class 25 | Clothing, footwear, headgear. |
| Class 26 | Lace and embroidery, ribbons and braid; buttons, hooks and eyes, pins and needles; artificial flowers. |
| Class 27 | Carpets, rugs, mats and matting, linoleum and other material for covering existing floors; wall hanging (non-textile). |
| Class 28 | Games and playthings, gymnastic and sporting articles not included in other classes; decorations for Christmas trees. |
| Class 29 | Meat, fish, poultry and game; meat extracts. Preserved, dried and cooked fruits and vegetables; jellies, jams, fruit sauces, eggs, milk and milk products; edible oils and fats. |
| Class 30 | Coffee, tea, cocoa, sugar, rice, tapioca, sago, artificial coffee; flour and preparations made from cereals, bread, pastry and confection-ery, ices; honey, treacle; yeast, baking powder; salt, mustard; vinegar, sauces, (condiments); spices; ice. |
| Class 31 | Agricultural, horticultural and forestry products and grains not included in other classes; live animals; fresh fruits and vegetables; seeds, natural plants and flowers; foodstuffs for animals, malt. |
| Class 32 | Beers, minerals and aerated waters, and other non-alcoholic drinks; fruit drinks and fruit juices; syrups and other preparations for mak-ing beverages. |
| Class 33 | Alcoholic beverages (except beers) |
| Class 34 | Tobacco, smoker's articles, matches. |

# അനുബന്ധം 2

ചെന്നൈയിലെ ഭൂപ്രദേശസൂചക രജിസ്ട്രാറുടെ മേൽവിലാസം

The Registrar
Geographical Indications Registry,
Intellectual Property Office Building,
G.S.T. Road, Guindy,
Chennai - 600 032, Tamil Nadu.
Telephone : 044 22321992, 93 & 96
E-mail : girindia@vsnl.net
Fax : 044 22321991,
website : www. girindia. in

# അനുബന്ധം 3

ആറന്മുള കണ്ണാടിയുടെ രജിസ്ട്രേഷൻ നടത്തിയിരിക്കുന്ന സ്ഥാപനത്തിന്റെ മേൽവിലാസം

Viswabrahmana Aranmula
Kannadi Nirman Society,
Viswabrahmana building,
S.Fort, Aranmula, Kerala

# അനുബന്ധം 4

ഭൂപ്രദേശസൂചക രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള ചില ഇന്ത്യൻ ഉൽപ്പന്നങ്ങൾ

| നമ്പർ | ഭൂപ്രദേശ സൂചക നാമം | ക്ലാസ്സ് | ഉൽപ്പന്നം |
|---|---|---|---|
| 1. | ഡാർജിലിങ് | 30 | ചായ |
| 2. | ആറന്മുള ലോഹക്കണ്ണാടി | 20 | ലോഹക്കണ്ണാടി |
| 3. | പോച്ചംപള്ളി ഡിസൈൻ | 24,25,27 | തുണിത്തരങ്ങൾ, സാരികൾ, കാർപ്പെറ്റുകൾ, പായകൾ |
| 4. | സേലം തുണിത്തരങ്ങൾ | 24 | വസ്ത്രങ്ങളും തുണികളും |
| 5. | പയ്യന്നൂർ പവിത്രമോതിരം | 14 | ആഭരണങ്ങൾ |
| 6. | ചന്ദേരി സാരികൾ | 24 | സാരികൾ |
| 7. | സോളാർപൂർ പുതപ്പുകൾ | 24 | വസ്ത്രങ്ങളും തുണിത്തരങ്ങളും |
| 8. | കോട്പാട് കൈത്തറിവസ്ത്രങ്ങൾ | 24 | വസ്ത്രങ്ങളും തുണിത്തരങ്ങളും |
| 9. | മൈസൂർ സിൽക്ക് | 23,24,25 | സിൽക്ക്നാരുകൾ, തുണികൾ, സാരികൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| 10. | ബസുമതി അരി | 30 | അരി |
| 11. | കാഞ്ചീപുരം സിൽക്ക് | 24, 25 | വസ്ത്രങ്ങൾ, തുണികൾ, സാരികൾ |
| 12. | ഭവാനി ജമക്കാളം | 24,27 | തുണിത്തരങ്ങൾ, കാർപ്പറ്റുകൾ, പായകൾ |
| 13. | നവര അരി | 30 | അരി |
| 14. | മൈസൂർ ചന്ദനത്തിരി | 3 | ചന്ദനത്തിരി |
| 15. | കുല്ലു ഷാൾ | 24 | വസ്ത്രങ്ങളും,തുണികളും |
| 16. | മധുര ചുങ്കിടി | 24,25 | വസ്ത്രങ്ങളും തുണികളും |
| 17. | ചന്നപട്ടണ കളിക്കോപ്പുകളും പാവകളും | 28 | പാവകളും കളിക്കോപ്പുകളും |
| 18. | കാൻഗ്ര തേയില | 30 | തേയില |
| 19. | അരക്കൽ യന്ത്രം | 7 | കോയമ്പത്തൂർ അരക്കൽ യന്ത്രം |
| 20. | ഫുൽക്കാരി | 26 | ഫുൽക്കാരി എംബ്രോയഡറി |
| 21. | കലാകാരി | 24,25,27 | വസ്ത്രങ്ങൾ, തുണികൾ, ബാഗുകൾ, കവറുകൾ, കരകൗശല വസ്തുക്കൾ, പെയിന്റിങ്ങുകൾ |
| 22. | മൈസൂർ ചന്ദനതൈലം | 3 | ചന്ദനതൈലം |
| 23. | മൈസൂർ ചന്ദനസോപ്പ് | 3 | മൈസൂർ ചന്ദനസോപ്പ് |
| 24. | കൂർഗ് ഓറഞ്ച് | 31 | മധുരനാരങ്ങ |
| 25. | മൈസൂർ വെറ്റില | 31 | വെറ്റില |
| 26. | നഞ്ചങ്കോട് വാഴ | 31 | വാഴ |
| 27. | പാലക്കാടൻ മട്ട അരി | 30 | അരി |
| 28. | മൈസൂർ പെയിന്റിങ്ങുകൾ | 16 | പരമ്പരാഗത മൈസൂർ പെയിന്റിങ്ങുകൾ |

(അവലംബം: ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻസ് ജേർണൽ, നമ്പർ 6, മേയ് 1, 2005.)

809277